

# U.C. COLLEGE ANNUAL – '88

# Alapatt vessels

CATHOLIC CENTRE, ALWAYE. PHONE : 5185

WHOLE SALE AND DEALERS OF :

GUARANTEED

STAINLESS STEEL

ALUMINIUM

BRASS

FANCY ITEMS

KITCHEN WARES

AND

PRESENTATION ARTICLES

DEALERS OF : PRESTIGE
HAWKINS
ANJALI
EAGLE ARTICLES


# UNION CHRISTIAN COLLEGE

ALWAYE - 2



# College Magazine
# 1987-'88

ചരിത്ര സ്മൃതികൾ തുടികൊട്ടുന്ന കരു....

ഒരു കലാലയ മാഗസിൻ



ഇന്ത്യ കണ്ട ഏററവും വലിയ തീവണ്ടി അപകടങ്ങളിലൊന്നായ പെരുമൺ തീവണ്ടി അപകടത്തിൽ ജീവൻ ഒടുക്കേണ്ടി വന്ന നൂറുകണക്കിനു് ഹതഭാഗ്യരുടെ നിത്യസ്മരണയ്ക്കു മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട്....................



# Principal's Message

It gives me great pleasure to convey my warm greetings and be[st] wishes to the staff and students of the College through this column.

During the last academic year we had meetings of old students a[t] centres like North Parur, Ernakulam, Tiruvalla, Madras and Bangalore. During these meetings, our old students, one and all, spoke with gratitud[e] and appreciation about their life in the college and the part it has playe[d] in shaping their outlook on life. Most of these alumni occupy hig[h] positions in society and they have great regard and affection for thei[r] Alma Mater. The Vice - Chancellor of Mahatma Gandhi Uuiversity Dr. U. R. Anantha Moorthy, when he visited the college, was full o[f] appreciation for the institution - as the following remark he has made i[n] the Visitor's Book shows - " ..... It is a beautiful College, a grea[t] College. I will work hard to build an University which can deserve a College of this kind ..... "

There may be different reasons for the great appreciation abou[t] the college in the minds of our alumni One common thing spoke[n] invariably by the alumni was about the teachers of this institution an[d] their personal influence on the students. The teachers attracted the student[s]

· their academic brilliance as well as by their simple, friendly and informal elationship with them. In the earlier days the number of students was limited and most of them were residing in hostels. Teachers knew the students by their names and there were plenty of opportunities for contact between teachers and students. Students were of different kinds - some were academically bright, some were sportsmen, some had artistic talents, a few had political leanings. Some disobeyed the college or hostel rules and received punishments. Many of the old students have reached high positions in life, and all of them have great affection and respect for their Alma Mater.

Another reason for the attraction to the college may be the quiet atmosphere on the campus and its natural beauty which has a bewitching hold on any one who lives here for some time. The liberal atmosphere prevalent on the campus is another attractive feature. There is plenty of freedom for expressing one's opinion. People of different faiths and itical views are accepted; and there is no enmity because of such ferences. Political and religious leaders alike speak highly of this ect.

The most important feature which comes to my mind is the fact everything on the campus is controlled and directed by an unseen ut mighty power which influenced and guided the life of the founders this institution. The rapid growth of the institution from humble eginning and the nature of the output during the last 67 years bear tness to this.

It is a sad fact that there has been some decline in the teacher - dent relationship during the past ten to fifteen years. There are ifferent reasons for this. Nevertheless, teachers could play a very nportant role in preserving and strengthening this important aspect of ollege life. We have to be on our guard to see that the college campus free from rivalry, jealousy, hatred and indifference. The alumni have reat expectations about the college and we can expect their full support nd help provided we ourselves are faithful to our calling as teachers nd students.

To a great extent we are enjoying the fruits of the labours of our edecessors. But how long can we bask in the light of past glory? It is igh time we realised that whatever we enjoy now will fade away unless ve are prepared to preserve by our own efforts the values cherished by ur predecessors and pass them on to future generations.

We are fortunate in having a large number of brilliant students who re peace loving and ambitious. There is a tendency in us to entertain he feeling that on the whole we are much better than many other colleges. his attitude is very unhealthy and can cripple all our efforts in achieving cademic excellence and other virtues. Let us fight against this complacency nd work with dedication in order to bring about rapid progress without crificing our original aims and purposes so that this institution will still e a model for other institutions in the country.

I congratulate the editor of the college magazine and all others who id their best to bring out a good publication of literary and artistic alue.

Dr. C. Joyce Mathew

# പ്രയാണത്തിൻെറ പാതയിൽ.........

വ്യർത്ഥമായ വാക്കുകൾക്കും
അർത്ഥശൂന്യമായ വാചകങ്ങൾക്കുമപ്പുറം
സത്യം തേടിപ്പോകുന്ന ഒരു കൂട്ടം
വിദ്യാർത്ഥികളുടെ സ്വപ്നങ്ങളിൽ
കൊരുത്തെടുത്ത സമാഹാരമാണിത്.

കുറ്റമറ്റതല്ലെങ്കിലും,
പൂർണ്ണത അവകാശപ്പെടുന്നില്ലെങ്കിലും
വിരിഞ്ഞുവരുന്ന താളുകളിൽ
കാമ്പസിൻെറ തുടിപ്പുകളും
വികാരവിചാരങ്ങളും പകർത്തിവയ്ക്കാൻ
ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്.
ഒപ്പം, വർത്തമാനകാല യാഥാർത്ഥ്യങ്ങൾ
മനസ്സിലാക്കുന്ന ഒരു വിദ്യാർത്ഥിയുടെ
മൂകമല്ലാത്ത, ബധിരമല്ലാത്ത,
അന്ധമല്ലാത്ത മനസ്സും.

സിലബസിലൂടെ മാത്രം
ലോകം നോക്കിക്കാണാൻ ശ്രമിക്കുന്ന നമുക്ക്
പലതും കാണാൻ കഴിഞ്ഞെന്നുവരില്ല.
അതുകൊണ്ട് തന്നെ, ചിന്തകൾ
കലാലയവളപ്പിനു പുറത്തേയ്ക്കു കൂടി
പടർത്തേണ്ടി വന്നിട്ടുണ്ട്.



ഇലക്ഷനുകൾക്കപ്പുറത്തെ
ജീവിത യാഥാർത്ഥ്യങ്ങൾക്കുള്ളിലെ
സത്യങ്ങൾക്ക് വിലകൽപ്പിക്കണമെന്ന
അപേക്ഷയോടെ ഈ എളിയ ഉപഹാരം
സുഹൃത്തുക്കൾക്ക്, ഗുരുനാഥൻമാർക്ക്,
ജനജീവിത വികാരങ്ങൾക്ക്...............

സ്നേഹപൂർവ്വം

കുഞ്ഞുമുഹമ്മദ്
എഡിറ്റർ

# *Editorial Board*

Dr. Joyce C. Mathew (Principal)

Prof: M. Madhavankutty

Dr. A. Gopinathan

Mr. A. M. Geevarghese (Staff Editors)

Sonnet Paul

Biju B. Rapheal

Francis Kuruvilla

Mohammed Harish

Sreekumar L.

Gopan B. Menon

Kunjumuhammed V. S.
(Chief Student Editor)


Printed at: M. G. M. Press, Alwaye



VINAYANUNNI NAIR
Class III Physics

RAMA K. K.
II P. D. C. II Group

മൗനത്തിന്റെ അറിയപ്പെടാത്ത ലോകത്തിലേയ്ക്ക് യാത്രതിരിച്ച പ്രിയപ്പെട്ട കൂട്ടുകാരെ, നിങ്ങളോട് വിടപറയുന്നില്ല...............വിടപറയുന്നില്ല. യാദൃച്ഛികതയുടെ നിശ്വാസങ്ങൾ ഊതിക്കെടുത്തിയ പ്രകാശനാളങ്ങൾക്ക മുമ്പിൽ കണ്ണീരുകൊണ്ട് പുഷ്പാർച്ചന....................

— എഡിററർ

## ***Farewell to Dr. M. V. Kurien***



Dr. M. V. Kurien, Professor and Head of the Department of Economics, retired from the Service of the College on 31-5-1988 after a dedicated service of 30 years.

# രാപ്പാടിയുടെ ഗീതം

ബി. സനൽ
I P. D C, I Group. B Batch





രാവേറെ ചെന്നപ്പോൾ രാക്കിളി പാടി
രാവേ, നീയെൻ സ്വന്തമല്ലേ?
രാക്കുയിലിൻ അകമ്പടിയോടെ
രാഗ വിപഞ്ചിക മെല്ലെ മൂളി — (2)
[രാവേറെ[

ആകാശ സൂനങ്ങൾ ഉദിച്ചുയർന്നു
ആരാമ പുഷ്പങ്ങൾ വിരിഞ്ഞു വന്നു
അവിരാമം മധുരമായ് പിന്നെയും തുടരുന്നു
ആ കുയിലിൻ കിളിനാദം, കിളിനാദം
[രാവേറെ]

കഴിഞ്ഞ കാലമൊരു കടങ്കഥ പോലെൻ
കതകു തുറന്നങ്ങു കടന്നു പോയി
കടങ്കഥ പോലെൻ ജീവിതം മുന്നിൽ
കറുത്ത പക്ഷിപോൽ നിൽക്കുന്നു, നിൽക്കുന്നു
[രാവേറെ]

# ഇരുണ്ട രാത്രിയിൽ

[ ഒന്നാം ലോക മഹായുദ്ധ കാലത്തു് ലബനൻ ക്ഷാമത്തിന്റെ പിടിയിലമർന്ന നാളിൽ എഴുതപ്പെട്ട ഖലീൽ ജിബ്രാന്റെ 'In the Dark night' എന്ന കവിതയുടെ പരിഭാഷ ]



ഇരുണ്ടരാത്രിയിൽ ഞങ്ങൾ അന്യോന്യം വിളിക്കുകയും സഹാ യത്തിനു വേണ്ടി കരയുകയും ചെയ്യുന്നു. അപ്പോൾ മരണം, അവ ന്റെ കറുത്ത ചിറകുകൾ ഞങ്ങൾക്കുമീതെ വിടർത്തി ഞങ്ങളുടെയിട യിൽ നിൽക്കുകയും തന്റെ ഉരുക്കുമുഷ്ടികൾ കൊണ്ടു് ഞങ്ങളുടെ ആത്മാക്കളെ ഗർത്തത്തിലേക്കു തള്ളുകയും ചെയ്യുന്നു.

ഇരുണ്ടരാത്രിയിൽ മരണം നടന്നു പോകുന്നു. പേടിച്ചു വിറച്ചു് ഞങ്ങൾ അവനെ പിന്തുടരുന്നു. ഈ ശാപഗ്രസ്തമായ ഘോഷയാത്ര യെ തടയുവാനോ, അതിന്റെ അവസാനത്തെക്കുറിച്ചു് പ്രതീക്ഷിക്ക ാൻ പോലുമോ ഞങ്ങളിലൊരാൾക്കും കഴിയുന്നില്ല.

ഇരുണ്ടരാത്രിയിൽ മരണം നടന്നു പോകുന്നു. ഞങ്ങൾ അവനെ അനുഗമിക്കുന്നു. അവൻ തിരിഞ്ഞു നോക്കുമ്പോൾ നൂറുകണക്കിനാ ...ാക്കൾ വഴിയുടെ ഇരുവശത്തും നിപതിക്കുന്നു. വീഴുന്നവൻ അന ...ശ്വരമായ ഉറക്കത്തിലേക്കാണു് വീഴുന്നതു്; അവൻ പിന്നീടൊരിക്ക ...ലും ഉണരുന്നില്ല. അനിവാര്യമായ പതനത്തെ പ്രതീക്ഷിക്കുന്നവർ നിലയുറപ്പിക്കുകയും മുന്നോട്ടു നീങ്ങുകയും ചെയ്യുന്നു; മരണത്തിനു കീഴടങ്ങി അവസാനമില്ലാത്ത ഉറക്കത്തിലേക്കു പതിച്ചവരുടെയടു ...ത്തുതന്നെയാണു് അവരും പോകുന്നതു്. പക്ഷേ വിദൂരതയിൽ നിന്നുർന്നുവീഴുന്ന നിലാവിനെ നോക്കി മരണം നടന്നു കൊണ്ടേയി ...രിക്കുന്നു.

**അനിവാര്യമായ പതനത്തെ പ്രതീക്ഷിക്കുന്നവർ നിലയുറപ്പിക്കുകയും മുന്നോട്ടു ...നീങ്ങുകയും ചെയ്യുന്നു; മരണത്തിനു കീഴടങ്ങി അവസാനമില്ലാത്ത ഉറക്കത്തിലേക്കു ...പതിച്ചവരുടെയടുത്തേക്കുതന്നെയാണ് അവരും പോകുന്നതു്. പക്ഷേ വിദൂരത ...യിൽ നിന്നൂർന്നുവീഴുന്ന നിലാവിനെ നോക്കി മരണം നടന്നു കൊണ്ടേയിരിക്കുന്നു.**

ഇരുണ്ടരാത്രിയിൽ, ജ്യേഷ്ഠൻ അനുജനേയും പിതാവു് മകനേയും അമ്മ കുട്ടികളേയും വിളിക്കുന്നു. ...ക്ഷേ വിശപ്പിന്റെ പീഡനവും ദുഃഖവും ഞങ്ങളെ തുല്യമായി വേദനിപ്പിക്കുന്നു.

മരണത്തിനു് വിശക്കുകയോ ദാഹിക്കുകയോ ചെയ്യുന്നില്ല. അവൻ ഞങ്ങളുടെ ആത്മാക്കളേയും ശരീ ...രങ്ങളേയും തിന്നുകയും ഞങ്ങളുടെ രക്തവും കണ്ണീരും കുടിക്കുകയും ചെയ്യുന്നു. എന്നിട്ടും അവൻ സംതൃപ്തനാകുന്നില്ല.

രാത്രിയുടെ ഒന്നാം യാമത്തിൽ കുട്ടി അമ്മയെ വിളിക്കുന്നു: ''അമ്മേ എനിക്കു വിശക്കുന്നു'' അമ്മ പ്രതി ...വചിക്കുന്നു ''മകനേ ഇത്തിരിനേരം കാക്കുക.''

രാത്രിയുടെ രണ്ടാം യാമത്തിൽ കുട്ടി വീണ്ടും അമ്മയെ വിളിക്കുന്നു ''എനിക്കു വിശക്കുന്നു, അമ്മേ എനി ...ക്കപ്പം തരിക'' അമ്മ പ്രതിവചിക്കുന്നു. ''എന്റെ പ്രിയപ്പെട്ട മകനേ, അമ്മയുടെ കൈയ്യിൽ അപ്പമില്ല.''


'മൊഴിമാററം'

**ജോണി കെ. എ.**

I M. A. English




രാത്രിയുടെ മൂന്നാം യാമത്തിൽ മരണം കടന്നുവരികയും അമ്മയേയും മക നേയും തന്റെ ചിറകുകൾകൊണ്ടു് പ്രഹരിക്കുകയും ചെയ്യുന്നു. അവർ വഴി യോരത്തു് അനശ്വരമായ ഉറക്കത്തിലേക്കു വീഴുന്നു. വിദൂരതയിൽ നിന്നൂർന്നു വീഴുന്ന നിലാവിനേയും നോക്കി മരണം നടന്നു കൊണ്ടേയിരിക്കുന്നു.

രാവിലെ ഭർത്താവു് ആഹാരം തേടി പാടത്തേക്കു് തിരിക്കുന്നു; അവിടെ അവൻ കാണുന്നതോ കല്ലുകളും പൊടിയും മാത്രം.

ഉച്ചയ്ക്കു് ഭാര്യയുടെയടുത്തേക്കു്, തന്റെ കുട്ടികളുടെയടുത്തേക്കു് വെറും കൈ യ്യോടെ ക്ഷീണിച്ചവശനായി അവൻ തിരിച്ചുവരുന്നു.

വൈകുന്നേരം മരണം കടന്നു വരികയും, ഭാര്യയും ഭർത്താവും മക്കളും എന്ന ന്നേക്കുമായി ഉറങ്ങുകയും ചെയ്യുന്നു. പക്ഷേ ചിരിച്ചു കൊണ്ടു് വിദൂരതയിൽ നിന്നൂർന്നുവീഴുന്ന നിലാവിനേയും നോക്കി മരണം നടന്നു കൊണ്ടേയിരിക്കുന്നു.

രാവിലെ കർഷകൻ അവന്റെ കുടിലിൽ നിന്നും നഗരത്തിലേക്കു പോ കുന്നു. അവന്റെ കീശയിൽ അമ്മയുടേയും പെങ്ങളുടേയും ആഭരണങ്ങളാണു്. അപ്പത്തിനുപകരം നൽകാൻ സ്വർണ്ണവുമായവൻ പോകുന്നു. വൈകുന്നേരം അവൻ അപ്പവും ആഭരണങ്ങളുമി ...ല്ലാതെ തിരിച്ചുവരികയും, ശൂന്യതയിലേക്കു തുറിച്ചുനോക്കി അനശ്വരമായ ഉറക്കത്തിലേക്കു വഴുതിവീണ അമ്മ യേയും പെങ്ങളേയും കാണുകയും ചെയ്യുന്നു. അവൻ തന്റെ കരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തുകയും ദയാരഹി തനായ വേട്ടക്കാരൻ വെടിവെച്ചിട്ട പക്ഷിയെപ്പോലെ നിപതിക്കുകയും ചെയ്യുന്നു.

പിശാചു് എന്നന്നേക്കുമായി ഉറക്കത്തിലേക്കു വലിച്ചെറിഞ്ഞ കർഷകനേയും, അവന്റെ പെങ്ങളേയും നോക്കി മരണം ചിരിക്കുന്നു. എന്നിട്ടു് വിദൂരതയിൽ നിന്നൂർന്നുവീഴുന്ന നിലാവിനെ നോക്കി അവൻ നടന്നു കൊണ്ടേയിരിയ്ക്കുന്നു.



ദിവസത്തിന്റെ വെളിച്ചത്തിൽ നടക്കുന്നവനേ, രാത്രിയുടെ അവ സാനമില്ലാത്ത ഇരുട്ടിൽ നിന്നും ഞങ്ങൾ നിന്നെ വിളിക്കുന്നു. നീ ഞങ്ങ ളുടെ നിലവിളി കേൾക്കുന്നുവോ ?

നിന്റെയടുത്തേക്കു് ഞങ്ങൾ ഞങ്ങളുടെ മരിച്ചവരുടെ ആത്മാക്കളെ അപ്പസ്തോലന്മാരായയച്ചിരിക്കുന്നു. നീ അവരുടെ വചനങ്ങൾ ശ്രവിച്ചു വോ ?

കിഴക്കൻ കാററു് ഞങ്ങളുടെ നിശ്വാസങ്ങൾ കൊണ്ടു നിറഞ്ഞിരി ക്കുന്നു. കാററു് നിന്റെ വിദൂരമായ തീരങ്ങളിലെത്തുകയും അവന്റെ ഭാര... നിന്റെ കരങ്ങളിലിറക്കിവെക്കുകയും ചെയ്യോ ? ഞങ്ങളെ രക്ഷിക്കു വാൻ വരുന്നതിനെക്കുറിച്ചു് നീ ഓർത്തോ ? അല്ലെങ്കിൽ നിന്റെ ആശ്വാ സവും സമാധാനവും നിനക്കു തന്നെ നൽകി നീയിങ്ങനെ പറഞ്ഞോ ''വെളിച്ചത്തിന്റെ മക്കൾക്കു് ഇരുട്ടിന്റെ മക്കൾക്കുവേണ്ടി എന്തു ചെ യ്യാൻ കഴിയും ? മരിച്ചവർ മരിച്ചവരെ അടക്കട്ടെ. ദൈവത്തിന്റെ മന സ്സു് നടക്കട്ടെ.''

അതെ, ദൈവത്തിന്റെ മനസ്സു് നടക്കട്ടെ. എന്നാൽ നിങ്ങൾക്കു് വ...ധി നടപ്പാക്കുന്നതിൽ ദൈവത്തിന്റെ ഉപകരണങ്ങളാകാൻ കഴിയില്ലേ

ഇരുണ്ടരാത്രിയിൽ ഞങ്ങൾ അന്യോന്യം വിളിക്കുന്നു. ജ്യേഷ്ഠൻ അനുജനേയും, അമ്മ മകളേയും, ഭർത്താവു ഭാര്യയേയും, കാമുകൻ അവന്റെ പ്രിയപ്പെട്ടവളേയും വിളിക്കുന്നു.

അങ്ങിനെ ഞങ്ങളുടെ ശബ്ദങ്ങൾ കൂടിക്കലരുകയും സ്വർഗ്ഗത്തിന്റെ ഹൃദയത്തിലേക്കെത്തുകയും ചെയ്യു മ്പോൾ മരണം ചിരിച്ചുകൊണ്ടു് കടന്നുപോകുന്നു. അവൻ ഞങ്ങളെ പരിഹസിച്ചുകൊണ്ടു് വിദൂരതയിൽ നിന്നൂർന്നുവീഴുന്ന നിലാവിനെ നോക്കി മുന്നോട്ടു നടന്നു കൊണ്ടേയിരിക്കുന്നു.

*With best compliments from:*

THE
FEDERAL BANK
LIMITED

REGD. OFFICE ALWAYE

BANKING EFFICIENCY AT ITS BEST



# ഗ്രീഷ്മ

മഞ്ജു റ്റി. സി.
II P. D. C. Ist Group

തണൽ വിരിച്ച മഞ്ചാടിമരത്തിനു മുന്നിലൊരു നിമിഷം നില്ലാതെ വയ്യ! ചിതറിത്തെറിച്ച മഞ്ചാടിക്കുരു നോക്കിനില്ക്കുമ്പോഴും ചെവിയിൽ വീണ്ടും ആ വിളി മുഴങ്ങുന്നു — എന്നും ഒരു സുഖകരമായ അസ്വസ്ഥത മനസ്സിന്റെ ഖനികളിലേയ്ക്ക് ഒഴുക്കിവിടുന്ന ആ വിളി, തിരമാലകൾക്കു മുകളിലൂടെ സഞ്ചരിച്ചെത്തുന്നു. ''ഗ്രീഷ്മാ — ഞാൻ നിന്നോടു കൂടെ ........ഗ്രീഷ്മാ —'' ഉൾഭിത്തികളിൽ കൊടുങ്കാറ്റായ് ആ വിളി പ്രകമ്പനം കൊള്ളുമ്പോഴും ഗ്രീഷ്മ എന്ന പെൺകുട്ടിക്ക് അവളെ സ്വയം നഷ്ടപ്പെടുന്നു. ഏതോ പാഴ്ക്കിനാവിൽ കരിന്തിരി കത്തിയ ഒരു മുഖം, ഗ്രീഷ്മകണങ്ങളായ് ആ പെൺകുട്ടിയിൽ നിറയുന്നു. അവളതിലലിയുന്നു. കൈ നിറയെ ചുവന്ന മഞ്ചാടിക്കുരുവുമായ് അവൾ പകച്ചു നില്ക്കുന്നു. റ്റി ല്ലാതെ കടന്നുപോയ നാളുകളിൽ പാവാടത്തുമ്പിലു ടക്കി വലിക്കുന്ന മുൾച്ചെടികളെ നോക്കി അവൾ ദയനീയമായ് കേഴുന്നു. അവ അലറിച്ചിരിക്കുന്നു. വീണ്ടും — 'ഗ്രീഷ്മാ — ഞാൻ നിന്നോടു കൂടെ........'

ഏതെങ്കിലും ആൾത്തിരക്കിൽ വച്ച് തനിക്കു നേരെ നടന്നടുക്കുന്ന ആ അജ്ഞാതനായ സുഹൃത്തിനു വേണ്ടി മനസ്സിന്റെ കോണിലൊഴിച്ചിട്ട ആ ഇത്തിരി സ്ഥലം ഇന്നും ശൂന്യതയിലലിയുമ്പോഴും മഞ്ചാടിക്കുരുവിന്റെ ചുവപ്പുനിറം ആ ശൂന്യതയിലും പടർത്താൻ അവൾ വ്യർത്ഥശ്രമം നടത്തുന്നു — നടത്തിക്കൊണ്ടേയിരിക്കുന്നു. അവൾ...........ഗ്രീഷ്മ എന്ന ആ പെൺകുട്ടി.

സ്ഫടികപ്പാത്രങ്ങൾ നിറഞ്ഞു കവിയുമ്പോഴെല്ലാം ഒരു തെന്നലായ, ആ അജ്ഞാത സുഹൃത്തിന്റെ അമൂർത്തമായ സങ്കല്പം അവളുടെ പുലർകാല സ്വപ്ന ങ്ങളെ തഴുകിയൊഴുകുന്നു. 'ഗ്രീഷ്മാ–' ഉറക്കത്തിലു വൾ ഏറ്റുചൊല്ലുന്നു – 'ഞാൻ നിന്നോടു കൂടെ........'

ഏകാന്തതയുടെ തുരുത്തിലെ നിറഞ്ഞ തിര ക്കിൽ എന്നും ഊളിയിട്ടുനടന്ന പെൺകുട്ടിക്ക്, പുസ്ത കത്താളുകളിലെ അക്ഷരങ്ങൾക്ക് ചുവപ്പുരാശി പട രുന്നതു കാണാൻ കഴിഞ്ഞ എല്ലാ രാത്രികളിലും ജന്മാന്തരങ്ങൾക്കപ്പുറത്തു നിന്നുമുള്ള ഒരു ശക്തിപ്രവാ ഹത്തിലലിഞ്ഞൊഴുകുന്ന എല്ലാ നിമിഷങ്ങളിലും മഞ്ചാടിമരച്ചോട്ടിലെ നനഞ്ഞ മണ്ണിൽ പതിഞ്ഞ കാല്പാടുകളെ പിന്തുടരേണ്ടിയിരുന്നു. യാഥാർത്ഥ്യ ത്തിന്റെ പൊരുളുകൾ വേർതിരിച്ചെടുക്കാൻ കഴി യാത്ത, സങ്കല്പത്തിന്റെ കെട്ടുപിണഞ്ഞ ഇഴകൾ ഒരു നനുത്ത ചിലന്തിവല പോലെ ആ മനസ്സിനെ ആകെ വരിഞ്ഞുമുറുക്കിയിരിക്കുന്നു.

ചുവന്ന സൂര്യൻ സൂര്യകാന്തിപ്പൂവിലേയ്ക്ക് പടര ന്നിറങ്ങുന്ന യാമങ്ങളും നിലാവു നിറഞ്ഞ രാവുകളു



# കാളിന്ദിയുടെ തേങ്ങൽ

ബിന്ദു കെ. എം.
I M. A. Eco.



കാളിന്ദി തൻ കളനാദമുയരുന്ന
തീരത്തു രാധതൻ തേങ്ങലുയരുന്നു
എന്തേ മറന്നു നീ കണ്ണാ നിൻ രാധതൻ
ചെന്തീക്കനൽ പോലെ കത്തും മനസ്സിനെ ?

ഒന്നിച്ചു നമ്മളീ കാളിന്ദി തീരത്തു
കൈകോർത്തു പാടി നടന്നൊരാ നാളുകൾ
ഒന്നിച്ചു നമ്മളീ നീലകടമ്പിൻ
ചില്ലയിലെത്തിപ്പിടിക്കാൻ ശ്രമിച്ചതും
നീലക്കടമ്പുതൻ പൂക്കളാൽ നീയെന്നെ
മാലയണിച്ചതും ഓർമ്മയില്ലേ കണ്ണാ ?

വെണ്ണയും കട്ടു നടന്ന നീ പിന്നെയെ–
ന്നുള്ളം കവർന്നു ഞാൻ പോലുമറിയാതെ !
ഞാനറിഞ്ഞപ്പോൾ നിന്നോടക്കുഴൽ നാദം
തേടി വന്നെന്നെ പുണർന്നു പതുക്കനെ
മങ്ങാത്ത മായാത്ത മാരിവില്ലെന്നുമെൻ
നിനവിൽ നിനച്ചാ ചാരത്തണയവെ !

മാനം തെളിഞ്ഞു മഴക്കാറും മാഞ്ഞുപോയ്
എൻ മഴവില്ലേ നീയും മറഞ്ഞുപോയ് !
ഓർക്കുകില്ലേ നീ നിൻ പ്രാണനാം രാധയെ
സാന്ത്വനിപ്പിക്കില്ലേ നിന്നോടക്കുഴലിനാൽ ?
കാത്തിരിക്കും ഞാൻ നിൻ മലർകാല്പാടിനായ് !
പുനർജ്ജനിച്ചീടും യുഗയുഗാന്തരങ്ങളായ് !

ല ശ്രുതി നഷ്ടപ്പെട്ട ഈണങ്ങളും തൻെറ സ്വപ്നത്തി
ൻെറ ചീളുകളിൽ ചുംബനമർപ്പിക്കുന്നുവെന്നറിഞ്ഞ
പ്പോൾതന്നെ ഉള്ളിൻെറ ഇടനാഴികളിലേയ്ക്ക് ഭയപ്പെ
ത്തുന്ന ഒരു അസ്വസ്ഥത ചേക്കേറുന്നതും അതിൻെറ
പ്രതിദ്ധ്വനി തൻെറ ലോലതന്ത്രികളിൽ അനിയന്ത്രി
മായ കമ്പനങ്ങൾ സൃഷ്ടിക്കുന്നതും ഒരു തോന്നലാ
യ് അവളിൽ വളന്നു. വളരുന്ന ആ ഭീകരത മനസ്സി
ല സങ്കല്പങ്ങളിൽ മുറിപ്പാടുകളായ് ആഴ്ന്നിറങ്ങു
മ്പോൾ ഉറക്കത്തിൻെറ ചെങ്കുത്തായ പാറക്കെട്ടുക
ിൽ നിന്ന് അവൾ എടുത്തെറിയപ്പെട്ടു.

വെയിൽ കുട പിടിച്ച പാതകളിലൂടെ, ഉണങ്ങി
ക്കരിഞ്ഞ മഞ്ചാടിമരത്തിനടുത്തു വന്നെത്തുമ്പോൾ
കൺപീലിത്തുമ്പിലെ നീർത്തുള്ളിയിൽ ആശ്വാസ
ണികകൾ മഴവില്ലു വിരിക്കവേ, പാതയ്ക്കു കുറുകെ വീ
ണുകിടക്കുന്ന നിഴലിനു ജീവൻ വയ്ക്കുന്നത് ഗ്രീഷ്മ എ
ന്ന പെൺകുട്ടി അറിയുന്നു. 'ഗ്രീഷ്മാ........ഞാനിതാ–

ശൂന്യതയിലെ സങ്കല്പമായ് അതു നിറയവേ
അനന്തതയിലേയ്ക്കുള്ള ചലനങ്ങൾക്ക് വേഗം വർദ്ധി
ക്കുന്നതും ഞാൻ അറിയട്ടെ ! ഞാൻ........ഞാൻ......
ഗ്രീഷ്മ എന്ന ഈ പെൺകുട്ടി !

# രാത്രിയ്ക്കൊരു മന്ത്രം

പ്രമോദ് ജി. കൃഷ്ണൻ
ഒന്നാം വർഷം പ്രീഡിഗ്രി

I



കാടു കത്തുന്നു മഹർഷേ,
മഹാധ്യാന തന്ത്രം
നിറുത്തൂ: മഹർഷേ !

കാടിൻ മനസ്സിൻെറ
പന്തം തെളിയുന്നു.

കാടിൻെറ നാഭിയിൽ
സ്വപ്നം തളിർക്കുന്നു.

കാടിൻെറ കൈകാൽ
ഞരമ്പു തുടിയ്ക്കുന്നു.

ഞെട്ടററടർന്ന പൂ–
വിത്തുകൾ പൊട്ടുന്നു.

കാടു കത്തുന്നു മഹർഷേ, നമുക്കിനി
കാലത്തിനൊപ്പം ചലിയ്ക്കാം !

കാടിൻെറ താളിയോല–
ക്കെട്ടു പൊട്ടി–
ച്ചെടുക്കാം, പൊടി തട്ടിമാററാം !

തേടാം നമുക്കിനി
കാടിൻെറ ചിന്തകൾ !
പാടാം നമുക്കിനി
പാടിൻെറ പാട്ടുകൾ !

കാലം മറന്നൊരാ
കാടിൻെറ ഗീതങ്ങൾ
കാതിൽ നിറയെ നിറയ്ക്കാം

തീ വീണു ചാമ്പലായ്
മാറിയ കാടിൻെറ
ദുഃഖങ്ങൾ മാറാപ്പുകെട്ടാം

ഒരു ധൂമധാമമായ്
മാറിയ കാടിൻെറ
ദീർഘ നിശ്വാസം ശ്രവിയ്ക്കാം !

കത്തുന്ന കാടിൻെറ
വേദന തിന്നുന്ന
മുഗ്ദ്ധസങ്കല്പം മറക്കാം !

ഞെട്ടററടർന്നു
പതിച്ച ഫലങ്ങളാൽ
കൊച്ചുകുമ്പാരങ്ങൾ തീർക്കാം.

താരകൾ ഞെട്ടി
വിറയ്ക്കുന്ന രാവിതിൽ
പാടാം നമുക്കിനി
കാടിൻെറ പാട്ടുകൾ !

വരമററ, വരവററ
കാടേ, നിനക്കെൻെറ–
യാത്മാവിനുള്ളിലെ
നൊമ്പരങ്ങൾ !

ഉയിരററൊരുടലററ
കാടേ നിനക്കെൻെറ–
യന്ത്യാഭിവാദന
വന്ദനങ്ങൾ !

II

ചിറകററ കാടിൻെറ
ചിന്തജ്ജു ചന്ദനം
ചാർത്തുവാനെത്തി നീ, ധന്യേ !

ചന്ദനം ചാലിച്ച
കുങ്കുമപ്പൊട്ടുമായ്
കാത്തിരുന്നേറെ ഞാ_
നിന്നലെ നീയെൻെറ
ന്നിലെത്തുന്നതും നോക്കി

വന്നില്ല, വന്നില്ല,
മോചനം തന്നില്ല,
ഉന്നു നീ, യെത്തിനീ ധന്യേ !

ചിറകററ കാടിൻെറ
ചിന്തജ്ജു ചന്ദനം
ചാർത്തുവാനെത്തി നീ, ധന്യേ !

എരിയുന്ന പക്ഷങ്ങ_
ളുരുകന്നൊരഗ്നിയിൽ
ഉരിയട്ടെ ഞാനെൻെറ മൗനം.

കരയുന്ന ജരിതയിൽ
അരിയുന്ന ഞാനെൻെറ
ചിരകാല മോഹാഭിലാഷം.

കാട്ട കത്തുന്നു മഹർഷേ, നമുക്കിനി
പാടിൻെറ പാട്ടുകൾ പാടാം.




"It is not too late to mend matters provided we forsake selfishness and adopt selflessness, abandon fear, cease to be hypocrites... and become honest and upright, moral and truthful..."

M. K. GANDHI

*Space donated by :*

**M/s. K. V. A. BROS**
COCHIN - 2



*With best compliments from :-*

YOU'LL NEVER GO WRONG WITH
**CHAVARA PIPE**

*CHAVARA PVC PIPES*
**Built with care, built to last.**


# When I Shall Die

CHANDINI K.



Alas ! the glittering dew must dry, the beautiful rose must wilt away, the enchanting melody of the bulbul must cease forever, the haughty sun must set and so I too must go away to be reduced to dust by dust. Yet the glittering dew, the lovely rose, the proud bulbul and the sun, although they have bade the earth farewell, have captivated the hearts of those who still breathe on earth; they still blossom and live in man's mind and memory. But will I be remembered when I die ?

Destiny drives each man to the door of Death, and when I pass through that door, have I to pass for ever into oblivion ? How can I build a Taj Mahal to be able to live through the waves of time, whose only garment is the garment of poverty ? How can I create a masterpiece of either art or literature, who have not an erudite mind ? Yet is not destruction inherent in all matter ? Then I suppose kings and learned men enjoy the fruit of fame but for a period. Will I never enjoy a place in any man's heart ?

When I have breathed my last and have gone away forever, will I become the object of malicious gossip ? Will people deride me for my mistakes and defeat in life, forgetting that I was a mortal and like them was subject to error and failure ? Will I not be cherished even by those whom I helped, rendered affection and kindness or was all that I could possibly do for them futile ? Goodness, Love and Benevolence are those alone which can stand the tempest of time; consequently the saints have become immortal. Indeed, I do not boast of being a philanthropist, neither is there an iota of saintliness in me, but a speck of goodness that I have done — is not that sufficient enough to win at least one single heart ?

" Life is real ! Life is earnest and Death is not its goal !" How very true ! If the ight of my life did not penetrate the darkness of poverty and distress giving warmth and omfort to anyone, my life was in vain. If I did not make anyone happy, sacrificing my wn comfort and pleasure, then my life was mean and selfish and did not deserve the true urpose of it. But I did to the best of my ability and in the way my conscience dictated. feel Death really comes not when you die, but when you die from man's heart ! Then when I shall die and have to move silently forever in the tomb of oblivion, after doing whatever I could in life, let me weep now, over my own death !

# ബൈബിൾ

## പുതിയ രാഷ്ട്രീയ സാമൂഹ്യ പശ്ചാത്തലത്തിൽ

(റവ. തോമസ് ജോണിന്റെ 'സഞ്ചരിക്കുന്ന ദൈവം' എന്ന കൃതിയെപ്പററി)

'ഒരു പുസ്തകവും രണ്ടുപേർ ഒരേതരത്തിൽ വായിക്കുന്നില്ല' എന്ന് പ്രശസ്തമായ ഒരു ചൊല്ലുണ്ട്. ഓരോരുത്തരുടെയും ജീവിത പശ്ചാത്തലം, സാമൂഹ്യ രാഷ്ട്രീയ പ്രതിബദ്ധത, വർത്തമാനകാലസംഭവങ്ങളിലുള്ള പ്രതികരണ വൈഭിന്ന്യം ഇവയെല്ലാം ഒരു പുസ്തകത്തിൽ നിന്നു ലഭിക്കുന്ന ആശയ സംഹിതയുടെ അടിസ്ഥാനമായി വർത്തിക്കുന്നു. ഈ ഭൂമികയിലാണ് റവ. തോമസ് ജോണിന്റെ 'സഞ്ചരിക്കുന്ന ദൈവം' എന്ന കൃതിയെ മനസ്സിലാക്കേണ്ടത്. പഴയനിയമത്തിലും പുതിയനിയമത്തിലും ഉള്ള സംഭവങ്ങൾ സമകാലീന സംഭവങ്ങളുമായി തട്ടിച്ചുനോക്കി അപഗ്രഥിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ബൈബിളിനെ അപൂർവ്വമായി നോക്കിക്കാണാനുള്ള സന്നദ്ധത, വർത്തമാനകാല സംഭവങ്ങളെ ദരിദ്രരുടെ പക്ഷത്തുനിന്നു വീക്ഷിക്കാനുള്ള ആവേശം, പരിമിതമായ കാഴ്ചപ്പാടിൽ നിന്നും ലോകവ്യാപകനായ ക്രിസ്തുവിനെ കണ്ടെത്താനുള്ള ശ്രമം ഇവയെല്ലാം ഈ ഗ്രന്ഥത്തിന്റെ സവിശേഷതയാണ്. ദൈവം വിമോചകനാണ് എന്ന ആശയം ഈ ഗ്രന്ഥം ഉയർത്തിപ്പിടിക്കുന്നു. രക്ഷ എന്നത് പാരത്രികമായ അനുഭവമല്ല, ഐഹികമായ ജീവിതയാതനകളിൽനിന്നും, അസ്വാതന്ത്ര്യത്തിൽ നിന്നുമുള്ള വിമോചനമാണ് എന്നു ഗ്രന്ഥകാരൻ ഊന്നിപ്പറയുന്നു. പാപം, രക്ഷ, മോക്ഷം എന്നീ ആശയങ്ങൾക്ക് പുതിയ അർത്ഥം നൽകാനാണ് ഗ്രന്ഥകാരന്റെ ശ്രമം. മർദ്ദിതരുമായുള്ള പക്ഷംചേരൽ, വിമോചന പ്രസ്ഥാനങ്ങളുമായുള്ള സഹകരണം, കഷ്ടപ്പെടുന്നവരുമായുള്ള ഏകീഭാവം ഇവയാണ് ബൈബിൾ അനുസരിക്കുന്നവരുടെ യഥാർത്ഥ ധർമ്മമെന്ന് ഗ്രന്ഥകാരൻ വിശ്വസിക്കുന്നു. അമിതമായ പ്രസംഗശൈലിയും, ആശയങ്ങളുടെ ആവർത്തനവും ഗ്രന്ഥത്തിന്റെ ഔൽകൃഷ്ട്യത്തിന് മങ്ങലേൽപ്പിക്കുന്നുവെങ്കിലും, വായിച്ചിരിക്കേണ്ട ഗ്രന്ഥങ്ങളിലൊന്നാണിത്.

പ്രൊഫ: കെ. കെ. എബ്രഹാം

# COLLEGE UNION MEMBERS



SONNET PAUL
(Chairman)



LILLYKUTTY ABRAHAM
(Vice-Chairman)



BIJU B. RAPHAEL
(General Secretary)



NARAYANAN NAMBOODIRI
(Arts Club Secretary)



CHANDINI. K.
U. U. C.



SANTHOSH THOMAS
U. U. C.

REPRESENTATIVES




ABDUL MUTHALEEB
I P. D. C.

SOORAJ SATHYAN
II P. D. C.





STALIN
I D. C

VINOD BABU
II D. C

BIJUKUMAR
III D. C.





JOSE
PG-Rep.

BINU MATHEW

PREETHA V. B.

Lady Representatives

# ക്രിക്കററ്
# ഒരു വിയോജന കുറിപ്പ്

രമാമേനോൻ എം.
Class II Physics



ഒട്ടനവധി മോഹനപ്രതീക്ഷകളുമായി 21-ാം നൂററാണ്ടിലേക്ക് കുതിക്കുകയാണ് നമ്മുടെ മാതൃഭൂമി. സ്വാതന്ത്ര്യം ലഭിച്ചിട്ട് നാല്പതു് വർഷങ്ങൾ പിന്നിട്ടിട്ടും ഭാരതത്തിന് പ്രതീക്ഷിച്ചത്ര പുരോഗതി ഉണ്ടായിട്ടില്ല. എങ്കിലും ഇനിയുള്ള ഏതാനും വർഷങ്ങളിൽ ഇന്ത്യയിൽ അത്ഭുതകരമായ പല മാററങ്ങളും ഉണ്ടാക്കാൻ ശ്രമിക്കും എന്ന് പ്രധാനമന്ത്രി പോലും വാഗ്ദാനം നല്കിയിട്ടുണ്ട്. എന്നാൽ ഇതിനൊക്കെ അവസരമുണ്ടാകണമെങ്കിൽ ഈ നാട്ടിലെ ജനങ്ങൾക്ക് ഒരു വലിയ മാററം കൂടി സംഭവിക്കേണ്ടിയിരിക്കുന്നു. അതായതു് ഇന്നാട്ടിലെ ജനങ്ങളുടെ അമിതമായ ക്രിക്കററ് ഭ്രമം നശിക്കണം. അല്ലാത്തപക്ഷം ഒരിക്കലും നാം പ്രതീക്ഷിക്കുന്നത്ര പുരോഗതി നമ്മുടെ നാടിന് കൈവരിക്കാൻ സാദ്ധ്യമാകും എന്നു തോന്നുന്നില്ല. ഇങ്ങനെയാരെങ്കിലും പറഞ്ഞാൽ അതു് ആ പറയുന്ന ആളിന് വിവരമില്ലാഞ്ഞിട്ടാണെന്ന് ഒട്ടുമിക്ക കായികപ്രേമികളും പറയും എന്ന കാര്യം തീർച്ചയാണ്. എന്നാൽ അങ്ങിനെ പറയാനുള്ള കാരണങ്ങളിലേക്ക് നമുക്കൊന്നെത്തിനോക്കാം.

അനേകദിവസങ്ങൾ നീണ്ടുനില്ക്കുന്ന ഒരു വിനോദോപാധിയുടെ പേരിൽ രാജ്യത്തിന് എന്തുമാത്രം നഷ്ടം സംഭവിക്കുന്നു എന്ന് ഒരൊററ ഭരണാധികാരി പോലും ചിന്തിക്കുന്നില്ല എന്നതാണ് സത്യം. ക്രിക്കററ് കളിയുള്ള ദിവസങ്ങളിൽ ടി. വി. യുടേയും റേഡിയോയുടേയും മുന്നിൽ കണ്ണും കാതും കൂർപ്പിച്ചിരിക്കുന്നവർ കോടിക്കണക്കിനാണ്. ഒരു Man Power എന്നു പറയുന്നതു് ഒരു മനുഷ്യന്റെ ഒരു ദിവസത്തെ അദ്ധ്വാനത്തിന്റെ ശരാശരി സമയമാണ് (8 മണിക്കൂർ). അങ്ങനെ കോടിക്കണക്കിനു ജനങ്ങളുടെ കോടിക്കണക്കിനു Man Power ആണ് ഒരു ദിവസം നഷ്ടപ്പെടുന്നതു്. അങ്ങനെ എത്ര ദിവസങ്ങൾ ? രാജ്യത്തിന് അത്യന്താപേക്ഷിതമായ പല കാര്യങ്ങളും ചെയ്യാൻ സമയമില്ലാത്തപ്പോഴാണ് ഈ വിനോദത്തിന്റെ പേരിൽ ഇത്രയധികം സമയം നഷ്ടപ്പെടുന്നതു് എന്നോർക്കുക. ഏതാനും വർഷങ്ങളായിട്ടാണ് ഈ ക്രിക്കററ് ഭ്രമം ഇത്രയധികം വ്യാപിച്ചതു്. ആദ്യകാലങ്ങളിൽ രാജ്യത്തിലെ പട്ടണങ്ങളിൽ മാത്രം ലഭ്യമായിരുന്ന T. V. സൗകര്യങ്ങൾ ഇന്ന് ഗ്രാമപ്രദേശങ്ങളിൽകൂടി ലഭ്യമായതോടെ ഈ മഹാരോഗത്തിന്റെ വ്യാപ്തിയും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

ഇന്ന് ആബാലവൃദ്ധം ജനങ്ങൾക്കും ക്രിക്കററ് എന്നു പറഞ്ഞാൽ ഒരു തരം ഭ്രാന്താണ്. ക്രിക്കററ് കാണുവാനായി T. V. യുടേയും മററും മുന്നിൽ കുത്തിയിരിക്കുന്നവർ തൊഴിലൊന്നുമില്ലാത്തവരാണെന്ന് ആരും ധരിക്കരുതു്. മറിച്ച്, ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരാണ് അവരിൽ ഭൂരിഭാഗവും. ഓഫീസുകളിൽ സമയത്തിനെത്തി ഹാജരിൽ ഒപ്പുവച്ചിട്ട് അവർ ക്രിക്കററ് കാണുവാനായി — അഥവാ കമൻററി കേൾക്കുവാനായി ഏററവും അനുയോജ്യമായ മാർഗ്ഗം അന്വേഷിക്കുന്നു. മാസം തികയുമ്പോൾ ശമ്പളം നയാപൈസ കുറയാതെ മേടിക്കാൻ മിടുക്കുകാട്ടുന്ന അവരുടെ മേശപ്പുറത്ത് ഫയലുകളുടെ

കുമ്പാരങ്ങൾ വന്നു ചേർന്നാലും അവരതറിയില്ല. ക്ഷമിക്കണം. ഫയലുകളുടെ കുമ്പാരങ്ങൾ ഉണ്ടാകില്ലെന്നു് അറിയാം. കാരണം, പ്യൂൺ, ക്ലർക്കു് മുതലായവരും തന്റെ മേലുദ്യോഗസ്ഥനെപ്പോലെ തന്നെയായിരിക്കുമല്ലോ? ക്രിക്കററു് കളിയുള്ള ദിവസങ്ങളിൽ കോളേജുകളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഹാജർ നില വളരെ താഴ്ന്നതായി കാണാം. എന്നാൽ ഇങ്ങനെയുള്ള അദ്ധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ വിഷയങ്ങളിൽ അതിപ്രഗത്ഭരായിരിക്കും. എന്തു ചെയ്യാം? അവരെല്ലാം ക്രിക്കററു് അഡിക്റ്റുകളായിപ്പോയി.

രണ്ടു കാലിൽ ഉറച്ചുനില്ക്കാറായാൽ അതാ ആ കുഞ്ഞിന്റെ കയ്യിൽ മടൽബാററും ഓലപ്പന്തും. പ്രൈമറിസ്കൂളുകളിൽ പോകുന്ന കുഞ്ഞുങ്ങളുടെ കയ്യിൽ പോലും ഇവ കാണാം. അവരെ വിമർശിക്കരുതു്. നൂതന ഭാരതത്തെ കെട്ടിപ്പടുക്കാൻ വേണ്ടി കൊണ്ടു പോകുന്നതാണതു്. നാടിന്റെ പുരോഗതിക്കു്, നാടിന്റെ അഭിവൃദ്ധിക്കു്, അതിലുപരി നാടിന്റെ സമാധാനത്തിനു് ഇതെല്ലാം അത്യന്താപേക്ഷിതമല്ലേ? റിലയൻസു് കപ്പു് മത്സരങ്ങളിൽ തെളിഞ്ഞു കണ്ട ഒരു വാചകമാണു് "Cricket for Peace" എന്നു്. ലോകസമാധാനത്തെക്കുറിച്ചു് ഓർത്തു് വ്യാകുലപ്പെടുന്നവരാരെങ്കിലുമുണ്ടെങ്കിൽ അവർക്കു് ഈ വാചകം ഓർമ്മിച്ചുവയ്ക്കാം. സമാധാനത്തിനുള്ള പോംവഴിയാണത്രേ ക്രിക്കററു്! 'സമാധാനക്രിക്കററിന്റെ' സെമിഫൈനലിൽ പാക്കിസ്ഥാൻ തോററപ്പോൾ ഡൽഹിയിലെ ഷാഗഞ്ചു് ചൗക്കു് എന്ന ഒരിടത്തു് രണ്ടു് വിഭാഗം ജനങ്ങൾ ഏററുമുട്ടി. പിറേറന്നു് ഇന്ത്യ മാന്യമായി തോററപ്പോൾ ബോംബെയിൽ ചിലർ പടക്കം പൊട്ടിച്ചു. അതിന്റെ പേരിലും ജനങ്ങൾ ഏററുമുട്ടി. പോലീസെത്തി വെടിവച്ചു. മരിച്ചതു് 5 പേർ. ഇതെല്ലാം സമാധാനമാണല്ലോ?

മയക്കുമരുന്നുകളെപ്പോലെ സമൂഹത്തെക്കാർന്നു് നശിപ്പിക്കുന്ന ഒന്നാണു് ക്രിക്കററു്. അനേകകോടി ജനങ്ങളുടെ സമയവും തൊഴിലും രചനാവൈഭവവും കൂട്ടത്തോടെ നശിപ്പിക്കുന്ന ഒരു സമൂഹവിപത്താണു് ഇതു്. കോടിക്കണക്കിനു് തൊഴിൽ ദിനങ്ങളാണു് ഇതിന്റെ പേരിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ഫുട്ബോളോ, ടെന്നീസോ പോലെയുള്ള കളികൾ ഒന്നോ രണ്ടോ മണിക്കൂർ കണ്ടു് മാനസിക സംതൃപ്തി നേടാൻ കഴിയുമ്പോൾ പ്രഭാതം മുതൽ പ്രദോഷം വരെയുള്ള സമയമാണു് ക്രിക്കററു് കളിക്കുന്നതിനുവേണ്ടി മാററിവയ്ക്കുന്നതു്. കാര്യങ്ങളെ കളികളേക്കാൾ അപ്രധാനമായി കാണരുതു്. എന്നാൽ അതാണിവിടെ നടക്കുന്നതു്.

ഇന്ത്യയിൽ ക്രിക്കററു് പോലെ ജനസമ്മ... യുള്ള ഒരു കളിയുടെ വളർച്ച മുരടിപ്പിക്കുകയോ... എന്തൊരപരിഷ്കൃതമായ ചിന്താഗതി എന്നു് പ... ക്കും തോന്നിയേക്കാം. അവർ ഒരു കാര്യം ശ്ര... ച്ചാൽ നന്നായിരുന്നു. ഈ ലോകത്തു് ശാസ്ത്ര – ... ങ്കേതിക – വ്യവസായ രംഗങ്ങളിൽ അത്ഭുതപ... മായ പുരോഗതി കൈവരിക്കുന്ന റഷ്യ, ജപ്പ... അമേരിക്ക, ജർമ്മനി തുടങ്ങി ചില രാജ്യങ്ങള... അവർക്കൊന്നും ഈ മാരണം പിടിച്ച കളിയുടെ... ദ്യോഗിക ടീമുകളില്ല. അവരതിനെ പ്രോത്സാഹി... ക്കാറുമില്ല. മറെറന്തിനും വേണ്ടി അമേരിക്കയി... ക്കും റഷ്യയിലേക്കും നോക്കി വായും തുറന്നിരിക്കു... ഇന്ത്യയെന്തേ ഇക്കാര്യത്തിൽ അവരുടെ മാതൃക ... ണ്ടാത്തതു്?

ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധത്തിൽ ഇന്ത്യ ... റാലുണ്ടാകാത്ത സങ്കടമാണു് ഇന്ത്യ-പാക്കിസ്ഥാ... ക്രിക്കററു് മത്സരത്തിൽ ഇന്ത്യയെങ്ങാനും തോററാ... ഇവിടത്തുകാർക്കുണ്ടാകുക. ഇതിനെ രാജ്യസ്നേഹമാ... വ്യാഖ്യാനിക്കുന്നവരോടു് ഒന്നും പറയാതിരിക്കു... താണു് ഭേദം. റിലയൻസു് കപ്പു് മത്സരത്തിന്റെ സെമിഫൈനലിൽ ഗവാസ്കർ വളരെ പെട്ടെന്നു് ... ട്ടായതറിഞ്ഞു് പലരും ആത്മാർത്ഥമായി നിലവി... ച്ചു. അതിൽ അത്ഭുതമില്ല. ഇന്ത്യ തോററതറിഞ്ഞ് ഹൃദയസ്തംഭനം വന്നു് ആളുകൾ മരിക്കുമ്പോഴല്ലേ ... റുമൊരു കരച്ചിൽ! ഒരു ക്രിക്കററു് മത്സരദിവസ... കോളേജിനു് പൊതു അവധി നല്കണമെന്നു് പറഞ്ഞ് ചേർത്തലയിൽ ഒരു കോളേജിൽ പ്രിൻസിപ്പാളി... ഘെരാവോ ചെയ്ത സംഭവവും ഈയിടെ ഉണ്ടായി.




എന്താണു് ഈ ക്രിക്കററു് കളിയോടു് ഇത്ര അ... തമായ താല്പര്യം എല്ലാവരിലും വളർത്തുന്നതു്. ക്രിക്കററു് കളിക്കാർക്കു് സമ്മാനമായിക്കൊടുക്കുന്ന... വൻതുകകൾ കണ്ടു് മോഹിച്ചാണു് എല്ലാവ... ക്രിക്കററു് കളിക്കുന്നതു്. നാലു വയസ്സുകാരന്റെ മുതൽ സ്വപ്നം താൻ ഒരു ഗവാസ്കറോ കപിൽ ദേവോ ഒക്കെ ആകുമെന്നാണു്. ലക്ഷക്കണക്കിനു ചെറുപ്പക്കാരും ഈ സ്വപ്നം മനസ്സിൽ താലോലിച്ചു നടക്കുന്നുണ്ടു്. എന്നാൽ അവരൊന്നു് ചിന്തിക്കണം. ഈ ലക്ഷക്കണക്കിനു് ക്രിക്കററു് കളിക്കാരിൽ തലപ്പത്തു് എത്തുന്നവർ 10 – 20 പേർ മാത്രം. ആ ഇരുപതു് പേരിൽ ഒരാളാകാനുള്ള Probability എത്ര കുറവാണു്? എന്നാൽ പഠിച്ചു് ഒരു ഉദ്യോഗസ്ഥനാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണു്. ഇതിനൊന്നും വേണ്ടി ശ്രമിക്കാതെ തങ്ങളുടെ പഠനത്തിനു് ഭംഗം വരുത്തി ക്രിക്കററു് കളിച്ചു് കപിൽദേവാകാൻ ശ്രമിക്കുന്നവർ തീർത്തും വിഡ്ഢികളല്ലേ? ക്രിക്കററു് ഭ്രമം പടർന്നു പിടിക്കുവാൻ മറെറാരു കാരണം, ഇതു് ഇന്നൊരു ഫാഷനായി മാറിയിരിക്കുന്നു എന്നത... ണു്. ക്രിക്കററു് അറിയാത്ത കുട്ടി, അഥവാ അതി... താല്പര്യമില്ലാത്ത കുട്ടിയെ ഒരു മണ്ടനായി മററുള്ളവ... കരുതുന്ന ഒരു സ്ഥിതിയല്ലേ ഇന്നുള്ളതു്. പിന്നെ ... ങ്ങനെ അവർ അമിത താല്പര്യം കാണിക്കാതിരിക്കു... മറിച്ചായാലല്ലേ അത്ഭുതമുള്ളൂ. ഏതായാലും ഒരു കാ... ര്യം തീർച്ച. ഇന്ത്യ രക്ഷപ്പെടണമെന്നുണ്ടെങ്കി... ക്രിക്കററു് ഭ്രമം കുറയണം. അത്രയേറെ കുരുന്നു പ്രതി... ഭകളാണു് ഇതു മൂലം നശിക്കുന്നതു്. ചുടുചോര പ്രവ... ഹിക്കേണ്ട അനേകകോടി രക്തധമിനികൾ ഇതുമൂല... തണുത്തു വിറങ്ങലിക്കുന്നു. ഇതിന്റെ മുന്നോടിയാ... യി ആകാശവാണിയും ദൂരദർശനും ഈ മത്സരങ്ങൾക്കു... നല്കുന്ന അമിത പ്രാധാന്യം അവസാനിപ്പിക്കണ... അതു മാത്രമാണു് നമുക്കുള്ള മോചനമാർഗ്ഗം.


*THE RIGHT BANK FOR A BRIGHT FUTURE*

**The Dhanalakshmi Bank Ltd.,**

**Central Office**

**TRICHUR - 680 001**



With best compliments from :

K. V. GOPALAKRISHNAN

*Sheman Outfitters*

Kodavath Shopping Complex

Opp. St. Mary's High School

ALWAYE - 683 101

# *A talk given on the occasion of bidding farewell to Dr. M. V. Kurien by the teaching staff*

I am most grateful to the organisers of this function for giving me a share in it for offering my meed of tribute to Dr. M. V. Kurien.

He and I hail from the same village and for the last many years our families had close ties with each other. Dr. Kurien's father was a man of great dedication to the higher values of life. He nursed Dr. Kurien's bed-ridden mother over a period of years with great tenderness while serving the poor sections of his parish with single minded devotion. Whenever I met him he enquired after Dr. Kurien (Thankachan) giving me the impression that he regarded me as Dr Kurien's local guardian in Alwaye. Little did he know perhaps that Dr. Kurien had a most devoted local guardian at home who kept him from running into mischief.

Dr. Kurien was greatly attracted and committed to the ideals of the Union Christian College. He was faithful and thorough in all his responsibilities. It wouldn't be untrue to say that he touched nothing that he did not adorn. It was said of Dag Hammarskjold that while he was Secretary General to United Nations he gave to that office and the U. N. their proper content and historic mission. When Dr. Kurien was Bursar, he was not content with merely handling money but assumed responsibility for guiding the college through its perennially precarious financial situation.

Dr. Kurien brought honour to himself and the college when he got selected as a Danforth Fellow. From Washington University he secured his Master's degree and from St. Louis his Doctorate. He and his associates in his department (Economics) deserve congratulations upon leading their department to its present Post Graduate status.

For more than anything else I admired Dr. Kurien for taking his illness (during the latter part of his career) in his stride with patience and fortitude. One of the greatest temptations for the victim of an infirmity like the one Dr. Kurien suffered from is to withdraw mentally into a shell with self-pity and also from all avoidable interests and activities. Such a person is easily led into despair and frustration. Like



**Dr. M. V. Kurien**

the late Mr. K. C. Chacko, Dr. Kurien kept up his interest in all aspects of life subject to the restrictions imposed on him by his illness. Supported by Mrs. Kurien, Dr. Kurien faced a series of calamities, minor and serious with unflinching courage and determination. One of the first casualties of an illness like that which afflicted him would be one's sense of humour. But haven't we all noticed the way he smiled which reflected his sense of humour and also a tinge of mischief?

Instead of remaining preoccupied with his own problems Dr. Kurien was alive to the needs and problems of others and often sought to bring help and succour (in secret) to his neighbours in distress. All this points to the inner spiritual resources he was blessed with for which many of us might have been praying.

In conclusion I salute the members of his family, his many friends and colleagues for the way they have sustained and befriended him. I join Dr Kurien's many friends and loved ones and colleagues in wishing him a serene and blessed period of retirement.

With these words I unveil Dr. Kurien's portrait and welcome him to the noble ranks of the retired teachers of the Union Christian College.

Prof: T. B. Thomas

**SECRETARIES**



ASHOK THARAKAN (Sports) | SAJI JOSE (Cine club) | AJITH KUMAR (Canteen) | CHANDRAN (SC/ST. Rep:)

EDITORIAL BOARD MEMBERS



MOHAMMED HARISH | FRANCIS | SREEKUMAR | GOPAN

UNIVERSITY ZONE SECTION (HOCKEY)



NAZEER A. K. | ANIL KUMAR | SAJEEV | JAMES



PRASAD KUMAR (Mr. University)



VOICE OF U. C.



A VIEW OF THE AUDIENCE



NAZAR V. M. [Best Athlete & Member University Football team]

BIJU MAMMEN [Winner of T. B. Thomas prize]



1 2 3 4

1) ALEYAMMA MATHEW (Member of the Junior India Women Hockey Team)
2) GIJIMOLE N. M. (Selected to attend the All India Women Hockey Coaching Camp)
3) JAYASREE PONNAPPAN (Selected to University Women Hand ball team)
4) BINDU K. (Women Champion and Best Athlete)



Jameeda P. R. (Selected to attend the All India Women Hockey Coaching Camp at Delhi)

Zabin Haroon, Shajan P. Thomas (Members of the University Hockey Team)

Wilson Mathew (Men Champion)



NOOR MUHAMMED
Chess Competition
(First Place)

BAHANAN
Chess Competition
(IInd Place)

AVINASH KUMAR
Best Actor



RAJAGOPAL
(Ball Badminton Team)

LAL

RAVI KUMAR M.
(Hockey Team Captain)

PHILIP T. JOHN
(Basket ball Team Captain)

SECRETARIES



ANITHA ABRAHAM
(East Hostel)

ROSE MARY
(Skinner Hostel)

VALSALA KUMARI
(Population Study Club)

RAJEEV

YACOB P. V
(Chess Club)

# ശവദാഹം

**സോമൻ എറിയാദ്**
ഒന്നാം വർഷം എം. എ. (ചരിത്രം)



മരണമെൻ വാതിൽക്കലെത്തി നോക്കുമ്പോഴും
മൗനമെൻ വാക്കുകൾക്കർത്ഥം ഗ്രഹിക്കുന്നു.
ജനിമൃതികളുള്ളിലെ യീവഴിത്താരയിൽ
ഒരപമൃത്യുവിൻ ഗളനാദം മുഴങ്ങുന്നു.
അമരസാമ്രാജ്യത്തിനന്ത്യം കുറിക്കുന്നൊ-
രണുവായി മാറട്ടെയെന്റെ ചിന്താഗ്നികൾ.
ഇനിയും മരിക്കാത്തൊരമ്മതൻ ഉദരത്തിൽ
ഒരു വേളക്കൂടി കഴിച്ച് കൂട്ടട്ടെഞാൻ!
ഇനിയെന്റെ രക്തത്തിൻ ഉറവ് ചാൽകൊണ്ടൊരു
വ്രണിത സരിത്തിനു വഴി വെട്ടിടട്ടെഞാൻ!
പുലരാൻ കൊതിക്കുന്ന പകലിൻ നെറുകയിൽ
പടരുന്ന കിരണങ്ങളാകട്ടെ മാനസം.
പകലിന്റെ നൊമ്പരം ചിതയായിമാറുന്നൊര-
ലയാഴിപോലെ മഥിക്കട്ടെ മാനസം.
കൊടുങ്കാറ്റുതിർക്കും കടലിൻ കരാളമാം
പ്രതികാരമാകട്ടെയെൻ മൗനനൊമ്പരം.
ശ്യാമാംബരത്തിന്റെ കണ്ണത്തിലെയ്യുന്നൊ-
രാഗ്നേയമാകട്ടെ യെന്റെ കൺപീലികൾ.
ഭൂനിധികാക്കും മലയടിവാരത്തെ
ഒരു കരിംഭൂതമായ് മാറട്ടെ കണ്ണുകൾ.
പുതയുന്ന പർവ്വതസാനുവിൽ നുരയുന്ന
ചുടലാവയാകട്ടെ ഉറയുന്ന കണ്ണുനീർ.
ഇരവിൻ പ്രശാന്തത ഭേദിച്ചിടും ഘോര-
മേഘ നിർഘോഷമായ് മാറട്ടെ ഗദ്ഗദം.

നിലയ്ക്കാത്ത വർഷത്തിനുമ്മത്ത താളം
ശ്രവിക്കുവാൻ കാതോർത്തിരിക്കും ധരിത്രിതൻ,
നിശ്വാസധാരയാം ഗ്രീഷ്മമായ്തീരട്ടെ
ക്ഷിപ്ര ക്ഷണികമെൻ തപ്ത നിശ്വാസങ്ങൾ.
അതിരു് കാക്കുന്നൊരാസഹ്യന്റെ മാറിനെ-
കരളുന്നൊരെലയായി മാറട്ടെ വിരലുകൾ.
ഹേമശൈലാദ്രിതൻ സാനുവിൻ ആർദ്രമാം
തെളിനീർ പ്രവാഹമായ് മാറട്ടെ വാക്കുകൾ.
കടലിന്റെ ബാഷ്പത്തിനുറവയായ് മുകിൽമാല
കരിമേഘ വർഷമായ് പെയ്യട്ടെ കണ്ണുനീർ.
മുകിലിന്റെ നെറുകയിൽ മിന്നുന്ന പരകോടി
കിരണങ്ങളായി പ്രതിജ്വലിക്കട്ടെ ഞാൻ-
ഇനിയെന്റെ നെഞ്ചിൻ കൂടിന്നകത്തെയീ-
കിളിയെ സ്വാതന്ത്ര്യയായ് യാത്രയാക്കട്ടെ ഞാൻ.
മരണമേ വരുകന്റെ നെറുകയിൽ മിന്നുന്ന
അഹമെന്ന ഭാവത്തിനന്ത്യം കുറിക്കുവാൻ.
ഇനിയെന്റെ നൊമ്പരം ചിതയായിമാറട്ടെ
അതിലെന്റെ നെഞ്ചകം കനലായി ജ്വലിക്കട്ടെ
ശവദാഹമായെന്റെ ചപല വ്യാമോഹങ്ങൾ
ചുടലക്കളത്തിലെ കരിയായ് ദഹിക്കട്ടെ!

With best compliments from :

PERIYAR CHEMICALS LIMITED

BINANIPURAM – 683 502

Tel. COCHIN 85-6031
,, 85-5772

*Manufacturers of :*

*FORMIC ACID*
*SODIUM SULPHATE*
*SODIUM FORMATE*

*For further particulars please contact*

**PERIYAR CHEMICALS LIMITED**
ASPINWALL BUILDING
CALVETTY
COCHIN - 682 001

Telephones : 24331 (3 Lines)
24244 &
24315

*With best compliments from :*

***Live in Style***

With Coir, India's wonder fibre Coir
A delightful, inexpensive way
to add style to your world.
It not only looks gorgeous – it works for you
Keeps you warm in winter, cool in summer.
Keeps noise away, doesn't gather dust
(because dust just slides through)
It's moth proof.
And just lasts and lasts
Come, explore the colourful range of rugs,
carpets, wall hangings and upholstery.
At your nearest Coir Board Showroom

**COIR BOARD**
COCHIN – 682 016

*With best compliments from :*

ഫോൺ : 3911

കണ്ണടകൾക്ക് !

**കുര്യൻസ്**
**ഒപ്റ്റീഷ്യൻസ്**

കാത്തലിക്ക് സെൻറർ
ആലുവ

H O സി. കെ. കുര്യൻ, എറണാകുളം

ഫോൺ : 35184

# ഇന്ത്യയും വിദേശകമ്പനികളും

എൽദൊ കെ. വി.
II B. A. Eco.



ഇന്ത്യൻ സമ്പദ്‌വ്യവസ്ഥിതിയെ ലോകരാഷ്ട്രങ്ങളിലെ സമ്പദ്‌വ്യവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ മൂന്നാംകിട രാഷ്ട്രമാണ് ഇന്ത്യ. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥിതിക്ക് ഗണ്യമായ പുരോഗതി കൈവന്നിട്ടുണ്ട്. ഇന്ത്യയുടെ ദേശീയ വരുമാനത്തിൻെറ 75% കൃഷിയിൽ നിന്നാണ് ലഭിക്കുന്നത്. അതുകൊണ്ട് ഇന്ത്യയുടെ ദേശീയവരുമാനം വർദ്ധിപ്പിക്കണമെങ്കിൽ കൃഷിയിൽ വളരെയേറെ പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിലും ഇന്ത്യ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ വ്യവസായിക പുരോഗതിയിൽ ഇന്ത്യ മററു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ്. അതിനു പ്രധാന കാരണം ഇവിടത്തെ മൂലധനമില്ലായ്മയാണ്. അതിനാൽ ഇന്ത്യയ്ക്ക് മററു വൻകിട രാഷ്ട്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. എന്നാൽ ഇതുമൂലം നമുക്ക് വളരെയേറെ പ്രതിസന്ധികളെ നേരിടേണ്ടിവരുന്നു. നമ്മുടെ രാജ്യത്തെ ഏററവും പ്രധാനപ്പെട്ട ചെറുകിട വ്യവസായങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുന്നു. വിദേശകമ്പനികളുടെ സഹായത്തോടുകൂടി നടത്തുന്ന വൻകിട വ്യവസായങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലെ ചെറുകിട വ്യവസായങ്ങളുടെ ഉല്പാദനവും ഗുണമേന്മയും ലാഭവും താരതമ്യേന കുറവാണ്. ഇതിനു് പ്രധാനമായ കാരണം ഈ വ്യവസായങ്ങൾക്ക് വേണ്ടത്ര 'market' സൗകര്യം ലഭിക്കാത്തതുകൊണ്ടാണ്. ഇന്ന് ഏതൊരു വ്യക്തിയും ഇഷ്ടപ്പെടുന്നത് വിദേശനിർമ്മിത വസ്തുക്കളാണ്. അതിനാൽ അവയ്ക്ക് വേണ്ടത്ര 'ചിലവ്' ലഭിക്കുന്നു. ഇതുമൂലം ചെറുകിട വ്യവസായങ്ങൾ ഗുണമേന്മയേറിയതാണെങ്കിൽപ്പോലും ഇന്ന് അത് പുരോഗതി പ്രാപിക്കുന്നില്ല. കാരണം ജനം ഇന്ന് വിദേശനിർമ്മിത വസ്തുക്കൾക്ക് അടിമയാണ്. വിദേശത്തെ ഉപയോഗശൂന്യമായ വസ്തുക്കൾക്കുപോലും ഇന്ന് ഇന്ത്യയിൽ വലിയ 'demand' ആണ്.

ഇന്ത്യൻ വ്യവസായം, പ്രത്യേകിച്ചും ഉപഭോഗവസ്തുക്കളുടെ നിർമ്മാണം ഒട്ടു പൂർണ്ണമായിത്തന്നെ വിദേശക്കമ്പനികളുടെ നിയന്ത്രണത്തിലാണെന്നാണ് വാസ്തവം. ഇന്ത്യൻ കമ്പനികളുടെ ചിലതിൻെറ '25' ശതമാനമോ അതിൽ കൂടുതലോ 'ഇക്വിററി ഷെയറുകൾ' വിദേശത്തുള്ള കമ്പനികളാണ് കൈവശം വയ്ക്കുന്നത്. ഇതിൻെറ ലാഭത്തിൽ നല്ലൊരു ശതമാനം ഇവരുടെ കൈകളിൽ എത്തുന്നു. ഈ കമ്പനികളെ 'വിദേശനിയന്ത്രിത ഉറുപ്പിക കമ്പനികൾ' എന്നു പറയുന്നു. ചില കമ്പനികളുടെ ഭൂരിഭാഗവും ഇക്വിററി ഷെയറുകൾ കൈയ്യിൽ വയ്ക്കുന്നത് വിദേശത്തുള്ള ഏതെങ്കിലും ഒരൊററ സ്ഥാപനമാണ്. ഈ കമ്പനികളെ 'സബ്സൈഡിയറി കമ്പനികൾ' എന്നു പറയുന്നു. ഇന്ന് ഈ കമ്പനികളെ ആശ്രയിച്ചാണ് ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ജീവിക്കുന്നത്. ഒരു വ്യക്തിയുടെ രാവിലെ മുതൽ വൈകുന്നേരം വരെയുള്ള ഉപഭോഗവസ്തുക്കൾ പരിശോധിച്ചാൽ അവ ഏതെങ്കിലും ഒരു വിദേശക്കമ്പനിയുമായി ബന്ധമുള്ളതായിരിക്കും.

ഉദാഹരണമായി കാലത്ത് പല്ലുതേക്കാൻ ഉപയോഗിക്കുന്ന കോൾഗേററ് 'കോൾഗേററ്–പാമൊലിവ്' എന്ന കമ്പനിക്കാരുടെതാണ്. എന്നാൽ ഇത് ഒരു അമേരിക്കൻ കമ്പനിയുടെ സബ്സൈഡി

യറിയാണ്. അതിനുശേഷം കഴിക്കുന്ന കാപ്പി ബ്രൂക്ക് ബോണ്ട് കാപ്പിയാണ്. ഈ കമ്പനി ഒരു ബ്രിട്ടീഷ് കമ്പനിയുടെ സബ്സൈഡിയറിയാണ്. അയാൾ കുളിക്കാൻ ഹിന്ദുസ്ഥാൻ ലിവറിൻെറ ലക്സ് സോപ്പ് ഉപയോഗിക്കുന്നു. അയാൾ ധരിക്കുന്ന വസ്ത്രങ്ങൾ കെമിക്കൽസ് ആൻഡ് കമ്പനിക്കാരുടെ സബ്സൈഡിയറി ആയ ഫൈബേർഡ് ഓഫ് ഇന്ത്യ നിർമ്മിച്ചതായിരിക്കും. അതിനുശേഷം അയാൾ ബൻസ് കമ്പനി നിർമ്മിച്ച ബസ്സിൽ യാത്രചെയ്യുന്നു. അയാൾ ജോലിസ്ഥലത്തെത്തിയാൽ ഉപയോഗിക്കുന്ന പേന, യന്ത്രസാമഗ്രികൾ എല്ലാം വിദേശ നിർമ്മിതമായിരിക്കും. ഇങ്ങനെ നോക്കുമ്പോൾ ഇന്ത്യയിലെ ഓരോരുത്തനും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റുതരത്തിൽ വിദേശകമ്പനികളെ ആശ്രയിക്കുന്നു. ഇത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ചൂഷണം ചെയ്യുകയല്ലേ ചെയ്യുന്നത്? ഇതിന് പ്രധാനമായും രണ്ടു കാരണങ്ങളാണ് പറയുന്നത്. (1) വിദേശ മൂലധനം ലഭിക്കുന്നു. (2) ഏററവും പുരോഗമിച്ച സാങ്കേതിക ജ്ഞാനം നൽകുന്നു.

എന്നാൽ ഇവർ ഇന്ത്യയിൽ മുടക്കുന്ന മൂലധ[...] നമ്മുടെ കമ്പനിക്കാരുടെക്കാൾ വളരെ ചെറിയ[...]ണെന്ന് മനസ്സിലാക്കാം. ഇവർ ഉപയോഗിച്ച് [...]കിയ സാങ്കേതികജ്ഞാനമാണ് നമുക്കുതരുന്നത്. [...]റവും ആധുനീകരീതിയിലുള്ള സാങ്കേതിക ജ്ഞാ[...] ഇവർ നമുക്ക് നൽകുന്നില്ല. ഉദാ: റഷ്യയും അമേരി[...]യും ഇന്ത്യയെ സഹായിക്കുന്നു എങ്കിലും അവ[...] പല സാങ്കേതിക വിദ്യകളും രഹസ്യമായിത്ത[...] സൂക്ഷിക്കുന്നു. ജപ്പാൻ ജനതയെപ്പോലെ ഇവ[...]ണ്ടു വികസിപ്പിച്ചെടുക്കാൻ ഇന്ത്യാക്കാർക്കു [...]യില്ല. ഇതുമൂലം ഇവിടത്തെ ചെറുകിട വ്യവസ[...]ങ്ങൾ ഇഞ്ചിഞ്ചായി നശിക്കുന്നു. ഇന്ത്യൻ വ്യവ[...]യങ്ങൾ പടിപടിയായി വിദേശ കമ്പനിക[...] കൈകളിൽ അമരുന്നു. ഇന്ത്യയിലെ അസംസ്[...] വസ്തുക്കൾ നശിക്കുകയും വ്യവസായം വിദേശി[...]ടെ കൈകളിൽ അമരുകയും ചെയ്യുമ്പോൾ മാ[...] നാം നമ്മുടെ അമിളി മനസ്സിലാക്കൂ !


*With best compliments from :*

**UNITED CATALYSTS INDIA LIMITED**

( Girdler and CCI Catalysts Manufacturers )

Head Office :
240, Dr. D. Naoroji Road
Bombay - 400 001

Regd. Office :
Factory and Research and
Development Dvn.
P. O. Binanipuram - 683 502
Kerala

Phone : 85-5481, 85-5487 (R & D)
85-6091


# മുസിരിസിൻെറ കഥ

ഫീച്ചർ



മുസിരിസ്സിൻെറ കഥയ്ക്ക് കേരള ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഇവിടെ ചരിത്രം ഉറങ്ങിക്കിടക്കുന്നു. വാല്മീകിരാമായണത്തിലെ മുരചിപത്തനം, സംഘകൃതികളിലെ മുചിറി, ചേര രാജാവായിരുന്ന ഭാസ്കര രവിവർമ്മൻെറ (1000 A. D.) ജൂതശാസനത്തിലെ മുയിരിക്കോട്, രണ്ടാം ചേരസാമ്രാജ്യത്തിൻെറ ആസ്ഥാനമായിരുന്ന മഹോദയപുരം. പ്ലിനിയും പെരിപ്ലസ്കാരനും, ടോളമിയും അത്ഭുതാദരങ്ങളോടെ പ്രശംസിച്ച മുസിരിസ്സ് - അതെ പ്രാചീന ഭാരതത്തിൻെറ പ്രവേശന കവാടമായിരുന്ന മുസിരിസ്സ് - ഫിനീഷ്യരും, ഈജിപ്ഷ്യൻകാരും, ഗ്രീക്കുകാരും, റോമാക്കാരും, അറബികളും മാറിമാറി വിഹരിച്ച, ക്രിസ്തുമതത്തിനും ജൂതമതത്തിനും ഇസ്ലാംമതത്തിനും ഭാരതത്തിൽ ആദ്യത്തെ അഭയസ്ഥാനമരുളിയ, മഹാഭാരത വിവർത്തനത്തിലൂടെ കേരള വ്യാസനെന്ന ബഹുമതിക്കർഹനായ കുഞ്ഞിക്കുട്ടൻ തമ്പുരാനു് ജന്മം നൽകിയ, വെൺമണി കവികൾ വിഹരിച്ച മുസിരിസ്സ് എന്ന ആധുനിക കൊടുങ്ങല്ലൂർ ഇന്നതിൻെറ ഗതകാല പ്രൗഢിയിൽ മയങ്ങി കിടക്കുകയാണ്.

പ്രാചീന കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രം ആരംഭിക്കുന്നത് കൊടുങ്ങല്ലൂരിൽ നിന്നമാണ്. മുസ്സിരിസ്സ് ആയിരുന്നു അന്നത്തെ ഏറ്റവും പ്രധാന പ്പെട്ട തുറമുഖം. മുസ്സിരിസ്സിലൂടെയായിരു ന്ന വിദേശീയർ ഭാരതത്തിന്റെ മണ്ണിൽ വാണിജ്യത്തിനായി കാലുകുത്തിയത്. പ്ലിനി ഇന്ത്യയിലെ അക്കാലത്തെ ഏററ വും പ്രധാനപ്പെട്ട തുറമുഖമായിട്ടാണ് മുസ്സി രിസ്സിനെ വിശേഷിപ്പിച്ചിരിക്കുന്നത്. വിദേശ രാജ്യങ്ങളിലെ വ്യാപാരക്കപ്പല കൾ തുറമുഖത്തിന് അല്പമകലെയായി നിരനിരയായി നങ്കൂരമടിച്ചുകിടക്കുന്നത് എപ്പോഴും കാണാമായിരുന്നു എന്ന് പ്ലിനി രേഖപ്പെടുത്തിയിരിക്കുന്നു. A. D. 5–ാം ശതകം വ രെ റോമാക്കാരായിരുന്നു വാണിജ്യകുത്തക. റോമൻ വ്യാപാരത്തിന്റെ സംരക്ഷണത്തിനുവേണ്ടി 1200– പേരടങ്ങുന്ന ഒരു വിശാലമായ റോമൻ സൈന്യം മുസ്സിരിസ്സിൽ സ്ഥിരമായി ഉണ്ടായിരുന്നതായി ച രിത്ര രേഖകളിൽ കാണുന്നു. പിന്നീട് റോമാക്കാരു ടെ സ്ഥാനം ചീനർ ഏറെറടുത്തു. 1341–ലെ പെരി യാർ വെള്ളപ്പൊക്കത്തിൽ മുസ്സിരിസ്സ്, മണൽത്തിട്ട വീണ് ഗതാഗത യോഗ്യമല്ലാതായിത്തീരുന്നതുവരെ ദക്ഷിണേന്ത്യയിലെ ഏററവും തിരക്കേറിയ തുറമുഖ വും മുസ്സിരിസ്സ് തന്നെയായിരുന്നു. പ്രസ്തുത വെള്ള പ്പൊക്കത്തോടെ മുസ്സിരിസ്സിന്റെ പ്രാധാന്യം കേരള ചരിത്രത്തിൽ അപ്രധാനമായിത്തീരുകയും ഇന്ന് അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി, ആ സ്ഥാനം ഏറെറടുക്കുകയും ചെയ്തു.



രണ്ടാം ചേരസാമ്രാജ്യത്തിന്റെ (കുലശേഖ സാമ്രാജ്യം) ആസ്ഥാന നഗരി എന്ന നിലയില ണ് പിന്നീട് കൊടുങ്ങല്ലൂർ (മഹോദയപുരം) ചരി പ്രാധാന്യമർഹിക്കാൻ തുടങ്ങിയത്. മനോഹ മായ രമ്യഹർമ്മങ്ങളോടുകൂടിയ നഗരവീഥിയും ക്ഷേ ത്രങ്ങളും കൊട്ടാരങ്ങളും മഹോദയപുരത്തെ ദക്ഷിണേ ന്ത്യയിലെ അക്കാലത്തെ ഏററവും പ്രധാനപ്പെട്ട ന ഗരങ്ങളിലൊന്നാക്കി മാററിയിരുന്നു. എല്ലാവി സജ്ജീകരണങ്ങളോടുകൂടിയ ഒരു ഗോള നിരീക്ഷണ കേന്ദ്രം അവിടെ സ്ഥിതി ചെയ്തിരുന്നു. തെക്ക ഇന്ത്യയിലെ ആദ്യത്തെ സംരംഭമായിരുന്ന ഇതു ശങ്കരനാരായണീയത്തിന്റെ കർത്താവായ ശങ്കരന രായണന്റെ മേൽനോട്ടത്തിൽ ആര്യഭടന്റെ സിദ്ധാ ന്തങ്ങൾക്കനുസരിച്ചാണ് ഇതു് പ്രവർത്തിച്ചിരുന്നതു്



പ്രസിദ്ധമായ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം

ഒമ്പതും പത്തും നൂററാണ്ടുകളിൽ തെക്കെ ഇന്ത്യയിലെ വിജ്ഞാനത്തി ന്റേയും സംസ്കാരത്തിന്റേയും ഉത്ഭവ കേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ. എ ന്നാൽ ''നൂററാണ്ടുയുദ്ധ''മെന്നറിയ പ്പെടുന്ന ചേരചോളയുദ്ധം കൊടുങ്ങ ല്ലൂരിനെ ശ്മശാന നഗരിയാക്കിമാററി. രാജരാജചോളന്റേയും രാജേന്ദ്ര ചോ ളന്റെയും നേതൃത്വത്തിൽ വിശാല മായ നാവികസൈന്യം അറബി ക്കടൽ വഴി മുസ്സിരിസ്സിലൂടെ കൊടു ങ്ങല്ലൂരിലെത്തുകയും ചേരസാമ്രാജ്യ ത്തിന്റെ ആസ്ഥാനമായിരുന്ന മഹോദയപുരത്തെ തീ വെച്ച് നശി പ്പിക്കുകയും രമ്യഹർമ്മങ്ങളും കൊട്ടാര

ങ്ങളും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. പഴയ ആ ഗതകാലപ്രൗഢിയുടെ സ്മൃതികൾ അയവിറ ക്കിക്കൊണ്ട് ഇന്ന് ഒരു ശ്മശാന ഭൂമിപോലെ കിട ക്കുന്ന വിശാലമായ കോട്ടപ്പുറം ചേരമാൻ മൈതാന ത്തിന്, ആ ദുരന്തത്തിന്റെ ഒരുപാട് നൊമ്പര പ്പെടുത്തുന്ന കഥകൾ പറയുവാനുണ്ട്.

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ സംപുഷ്ടമാക്കിയ ക്രിസ്തുമതത്തിനും ജൂതമതത്തിനും ഇസ്ലാം മതത്തിനും ആദ്യത്തെ അഭയ സ്ഥാനമരുളിയതും, ഇതേ കൊടുങ്ങ ല്ലൂർ തന്നെയായിരുന്നു. റോമിൽ ക്രി സ്തുമതം സ്ഥിരപ്രതിഷ്ഠനേടുന്നതിന് മുന്ന് നൂററാണ്ടുകൾക്കുമുമ്പേ ഇന്ത്യ യിൽ – ഈ കൊച്ചുകൊടുങ്ങല്ലൂരിൽ ക്രിസ്തുമതം വേരുന്നിക്കഴിഞ്ഞിരുന്നു. A. D. 52–ൽ സെൻറ് തോമസ് ഇ ന്ത്യയിൽ കാലുകുത്തിയത് ഇന്ത്യയി ലെ ക്രൈസ്തവ ചരിത്രത്തിലെ ഒരു നാഴിക കല്ലാണ്. ഈ ചരിത്രസം ഭവത്തിന് മൂകസാക്ഷിയായതും ഇ തേ കൊടുങ്ങല്ലൂർ തന്നെയായിരുന്നു. മുസ്സിരിസ്സിന്റെ തീരത്ത് (മാല്യങ്കര) കപ്പലിറങ്ങിയ സെൻറ് തോമസ് പല അത്ഭുത പ്രവർത്തനങ്ങളും നടത്തി അനേകം ഹൈ ന്ദവരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു വെന്നാണ് വിശ്വസിക്കപ്പെടുന്നത്. കേരളത്തിൽ സെൻറ് തോമസ് തന്റെ പ്രവർത്തനഫലമായി ഏഴ് ക്രൈസ്തവ സമൂഹങ്ങൾക്ക് രൂപം കൊടുക്കുകയു ണ്ടായി. (സെൻറ് തോമസ് ഏഴുപള്ളികൾ സ്ഥാ പിച്ചു എന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തി യിരിക്കുന്നു. എന്നാൽ ഇതു് വസ്തുതകൾക്ക് നിര ക്കാത്തതാണ്) അതിൽ ആദ്യത്തേതു് കൊടുങ്ങല്ലൂർ ആയിരുന്നു. പിൽക്കാലത്ത് സെൻറ് തോമസ്സി ന്റെ ദൗത്യ സ്മരണയ്ക്കായി കൊടുങ്ങല്ലൂരിൽ അഴിക്കോട് ''മാർത്തോമാലയം'' എന്ന പേരിൽ ഒരു തീർത്ഥാലയം സ്ഥാപിക്കപ്പെട്ടു. റോമിലെ



മക്കയെ അഭിമുഖീകരിക്കാത്ത ലോകത്തിലെ ഏക മുസ്ലീം പള്ളി. ഇന്നത്തെ ചേരമാൻ ജുമാ മസ്ജിദ്.

സെൻറ് പീറേറഴ്സ് ബസലിക്കയുടെ ആകൃതി യിൽ പണി കഴിപ്പിച്ചിട്ടുള്ള ഈ പള്ളിയിൽ തോമാ സ്ലീഹായുടെ വലതുകരത്തിന്റെ അസ്ഥി ഇപ്പോഴും സൂക്ഷിക്കുന്നു.



കൊടുങ്ങല്ലൂരിലെ ക്രിസ്ത്യൻ പള്ളി (മാർത്തോമാലയം)

ക്രിസ്തുമതത്തെപ്പോലെ തന്നെ ജൂതമതത്തിനും കൊടുങ്ങല്ലൂരിനേക്കുറി ച്ച് വളരെ പറയുവാനുണ്ട്. A. D. 68–ൽ സ്വരാജ്യത്തുണ്ടായ മതപീഡന ത്തെത്തുടർന്ന് കടൽ കടന്നെത്തിയ പതിനായിരത്തോളം വരുന്ന ജൂത ന്മാർക്ക് അഭയസ്ഥാനമേകിയതും ഇ തേ കൊടുങ്ങല്ലൂർ തന്നെയായിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനം വരെ ജൂതന്മാർ ഇവിടെ സംപുഷ്ടമായ ഒരു കച്ചവട സമൂഹമായി കഴിഞ്ഞുവന്നു. പോർട്ടുഗീസുകാർ ഇവിടെ ആധിപ ത്യം സ്ഥാപിച്ചതോടെ പീഡനം ഭയ ന്ന് ജൂതന്മാർ കൊച്ചിയിലേക്ക് പാ ലായനം ചെയ്തു.

കേരള സംസ്കാരത്തെ സമ്പന്നമാക്കിയ ഇസ്ലാം മതത്തിനും ആദ്യത്തെ വിളനിലമായി വർത്തിച്ചതു് കൊടുങ്ങല്ലൂർതന്നെയായിരുന്നു. പ്രവാചകനായിരുന്ന മുഹമ്മദ് നബിയുടെ കാലത്തിനു് മുമ്പുതന്നെ കേരളം അറേബ്യയുമായി, മുസ്സിരിസ്സ് വഴി വാണിജ്യ ബന്ധം പുലർത്തിയിരുന്നു. ജൂതന്മാരെയും ക്രിസ്ത്യാനികളേയും പോലെ തന്നെ മുസ്ലീങ്ങളും കൊടുങ്ങല്ലൂരിൽ ഒരു പ്രത്യേക കോളനി സ്ഥാപിച്ച് താമസിച്ചു വന്നു. പക്ഷെ ഏഴോ എട്ടോ നൂറാണ്ടുകളോടെയാണു് ഇവർ ശരിക്കും ഇവിടെ വേരൂന്നാൻ തുടങ്ങിയതു് കേരളത്തിലെ ഇസ്ലാം മതത്തിന്റെ ചരിത്രവുമായി വളരെ ബന്ധമുള്ള ഒന്നാണു് പ്രസിദ്ധമായ ''ചേരമാൻ പെരുമാൾ കഥ''. ഈ കഥപ്രകാരം അവസാനത്തെ ചേര രാജാവായിരുന്ന ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ചുവെന്നും, പിന്നീടു് അറേബ്യയിലേക്കു് പലായനം ചെയ്ത അദ്ദേഹം ജിദ്ദയിൽ വച്ച് പ്രവാചകനായ മുഹമ്മദുമായി കണ്ടുമുട്ടിയെന്നും ശേഷം അവിടെ സ്ഥിരതാമസമാക്കിയെന്നും വിശ്വസിക്കപ്പെടുന്നു. പ്രവാചകന്റെ നിർദ്ദേശപ്രകാരം മാലിക് ഇബ്നു് ദിനാർ തന്റെ കുടുംബവുമൊത്തു് ഇസ്ലാംമത പ്രവർത്തനത്തിനായി കൊടുങ്ങല്ലൂരിൽ എത്തുകയും ഇവിടെ ഒരു പള്ളി സ്ഥാപിക്കുകയും ചെയ്തുവത്രെ!! മെക്കയെ അഭിമുഖീകരിക്കാത്ത ലോകത്തിലെ ഒരേ ഒരു മുസ്ലീം പള്ളി ഇതാണു്. ഒരു പക്ഷെ ഇന്ത്യയിലെ തന്നെ ഏററവും പഴക്കമുള്ള മുസ്ലീം പള്ളിയും ഇതാണെന്നു് കരുതപ്പെടുന്നു. (ഇന്നത്തെ പേരു് ''ചേരമാൻ ജുമാ മസ്ജിദ്'').

### കണ്ണകിയുടെ കഥ

കൊടുങ്ങല്ലൂരിന്റെ സാംസ്കാരിക പൈതൃകവുമായി വളരെ ബന്ധമുള്ള് ഒന്നാണു് കണ്ണകിയുടെ കഥ. കൊടുങ്ങല്ലൂരിന്റെ ഹൃദയഭാഗത്തു് സ്ഥിതിചെയ്യുന്ന ഭഗവതിക്ഷേത്രത്തെ ചുററിപ്പററിയുള്ളതാണു് ഈ കഥ. സംഘ സാഹിത്യത്തിലെ അമൂല്യഗ്രന്ഥമായ 'ചിലപ്പതികാരത്തിലെ' കണ്ണകിയാണു് കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ പ്രതിഷ്ഠ. തന്റെ ഭർത്താവിനെ ചതിച്ചു കൊന്ന പാണ്ഡ്യ രാജാവിനെയും രാജ്ഞിയേയും തന്റെ കോപാഗ്നിയിൽ ജ്വലിപ്പിച്ച് ഭസ്മമാക്കി സംഹാരരുദ്രയായി ഉറഞ്ഞുതുള്ളി പടിഞ്ഞാറോട്ടു് തിരിച്ച അവൾ ദേവിയായി കൊടുങ്ങല്ലൂരിൽ കുടികൊണ്ടു എന്നു് വിശ്വസിക്കപ്പെടുന്നു. ചേരരാജാവായിരുന്ന നെടുംചേരലാതന്റെ പുത്രനായ ചെങ്കുട്ടവൻ ചേരൻ ( ചിലപ്പതികാരത്തിലെ നായകൻ ) ഗംഗാതീരത്തുനിന്നു് കൊണ്ടുവന്ന ശില കൊണ്ടാണു് കണ്ണകിയുടെ പ്രതിഷ്ഠ നടത്തിയതു്.

### കൊടുങ്ങല്ലൂർ ഭരണി

ആധുനിക കൊടുങ്ങല്ലൂർ കേരളത്തിന്റെ ശ്രദ്ധയാകർഷിക്കുന്നതു് ചരിത്ര പ്രസിദ്ധമായ മീന ഭരണിയോടെയാണു്. ഭരണിയോടനുബന്ധിച്ച് ചുവന്ന പട്ടുടുത്തു്, ചിലമ്പും അരമണിയും കിലുക്കി, മഞ്ഞൾപ്പൊടി വാരിവിതറി, വാൾ ആഞ്ഞുവീശി രക്തപങ്കിലമായ മുഖത്തോടെ ഉറഞ്ഞുതുള്ളി തെറിപ്പാട്ടുപാടി വരുന്ന കോമരങ്ങൾ ആരുടെയും കണ്ണു് കാതും കൂർപ്പിക്കും.. അതോടെ കൊടുങ്ങല്ലൂർ ആലസ്യത്തിൽ നിന്നുണരുകയായി......... മീനമാസത്തിലെ തിരുവോണനാൾമുതൽ ഭരണിക്കാരുടെ വരവുതുടങ്ങും. കേരളത്തിന്റെ തെക്കേയററം മുതൽ വടക്കേയററം വരെയുള്ള ഭക്തജനങ്ങൾക്കു് പുറമെ ധാരാളം തമിഴ്നാട്ടുകാരും ഭരണി മഹോത്സവത്തിൽ പങ്കുചേരുവാനായി ഇവിടെ എത്തുന്നു. ജന്തുബലി ഗവൺമെൻറു് നിരോധിക്കുന്നതുവരെ കോഴിവെട്ടായിരുന്നു പ്രധാന വഴിപാടു്. ഭരണിയോടനുബന്ധിച്ചുള്ള ഒരു പ്രധാനചടങ്ങു് അശ്വതിനാളിലെ 'കാവു് തീണ്ടൽ' ആണു്. കാവുതീണ്ടലിനു് തിരശ്ശീല വീഴുന്നതോടെ ഭരണി മഹോത്സവത്തിനും തിരശ്ശീലവീഴുകയായി.



ഈ ഫീച്ചർ തയ്യാറാക്കുവാൻ മാഗസിൻ കമ്മററിയെ സഹായിച്ച ചരിത്ര വിദ്യാർത്ഥികളായ സോമൻ, ജോസ്, നിഷാദ് എന്നിവർക്കു് നന്ദി രേഖപ്പെടുത്തുന്നു.

എഡിററർ

കാവുതീണ്ടൽ സംഭവത്തിനു പിന്നിൽ ചില ഐതിഹ്യങ്ങൾ നിലനിൽക്കുന്നുണ്ടു്. ബുദ്ധമതകേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ. എട്ടാം നൂററാണ്ടിനുശേഷം ഹിന്ദുക്കൾ കൈയ്യേറുകയും ബുദ്ധഭിക്ഷുക്കളെയും മററും ആട്ടിയോടിക്കുവാൻ തെറിപ്പാട്ടുപാടുകയും കോഴി വെട്ടു് നടത്തുകയും ചെയ്തു എന്നു് ഒരു വിഭാഗം ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഈ സംഭവത്തിന്റെ ഓർമ്മപുതുക്കലാണു് ഇപ്പോഴത്തെ ആചാരമെന്നു് ഇവർ സമർത്ഥിക്കുന്നു. എന്നാൽ ആര്യവൽക്കരണം പൂർത്തിയായതോടെ പിന്നോക്ക വിഭാഗങ്ങൾക്കു് സ്ഥിരമായ ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ടുവെന്നും വർഷത്തി

# കാത്തിരുപ്പ്

മിനിക്കഥ

ബഷീർ ടി. എസ്.
Class II Maths

പെൺകുട്ടിക്കുവേണ്ടി ഞാൻ എന്റെ കൊച്ചു പൂന്തോട്ടത്തിൽ ഒരു റോസ നട്ടു. തളിരിലകൾ കിളിർത്തു്, ശിഖരങ്ങൾ മുളച്ച് എന്റെ റോസാചെടി വളർന്നു വന്നു.

അതിന്റെ ഇളം മുള്ളുകൾ എന്നെ ഇക്കിളിപ്പെടുത്തി.

''എന്റെ റോസാച്ചെടി പൂവണിയുമ്പോൾ പെൺകുട്ടി വരും..................''

പകലുകൾ റോസാച്ചെടിയെ പരിചരിച്ചു, രാത്രികൾ പെൺകുട്ടിയെ കിനാവു് കണ്ടും ദിവസങ്ങൾ കൊഴിഞ്ഞു...............

ഒരു സുപ്രഭാതത്തിൽ–

എന്റെ റോസാച്ചെടി മൊട്ടിട്ടു് നിൽക്കുന്നു...........! എന്റെ മനസ്സിൽ ഒരായിരം മൊട്ടുകൾ........... !

''നാളെ........... മൊട്ടുവിരിയുമ്പോൾ പെൺകുട്ടി വരും...................''

നീണ്ടരാത്രി അവസാനിക്കുന്നതിനു് മുൻപു തന്നെ ഞാൻ എന്റെ പൂന്തോട്ടത്തിലെത്തി.

ചെമന്ന പുഷ്പം എന്നെ നോക്കി പുഞ്ചിരിതൂകി!

എന്റെ മനസ്സിൽ ഒരായിരം വർണ്ണങ്ങൾ..............!

''ഇന്നു് രാത്രിയിൽ പെൺകുട്ടി വരും..............''

പകൽ രാത്രിയെ കാത്തിരുന്നു.......... ഞാൻ എന്റെ പെൺകുട്ടിയേയും...........!

രാത്രി വന്നു....... ! പക്ഷേ.......... പെൺകുട്ടി വന്നില്ല...............!

പ്രഭാതത്തിൽ ഞാൻ എന്റെ പൂന്തോട്ടത്തിലേക്കോടി..............

എന്റെ റോസാപുഷ്പത്തിന്റെ ഇതളുകൾ കൊഴിഞ്ഞിരിക്കുന്നു...........

എന്റെ മനസ്സിൽ നോവിക്കുന്ന ആയിരം മുള്ളുകൾ...........

ഇനി....... പെൺകുട്ടി വരുമ്പോൾ...............?

ഇല്ല........ അവൾ വരില്ല...............

ഞാൻ ആശ്വസിച്ചു.



ലൊരിക്കൽ മാത്രമേ അവർക്കു് പ്രവേശനം നൽകപ്പെട്ടിരുന്നുള്ളു എന്നും ഒരു കൂട്ടം ചരിത്രകാരന്മാർ വാദിക്കുന്നു. അവർ ക്ഷേത്രം തീണ്ടി അശുദ്ധമാക്കലാണത്രെ–കാവുതീണ്ടൽ. ഈ ചടങ്ങിനു ശേഷം ക്ഷേത്രം ഒരാഴ്ചത്തേക്കു് അടച്ചിടുന്നു. അതോടെ കൊടുങ്ങല്ലൂർ വീണ്ടും ബാഹ്യലോകത്തിൽ നിന്നകന്നു് ചരിത്ര സ്മൃതികൾ അയവിറക്കി മെല്ലെ മയക്കത്തിലേക്കു് വഴുതിവീഴുന്നു.

# അവർ പറയുന്നു.......................

**യു. സി. കോളേജിലെ വിദ്യാർത്ഥികളെയാണ് ഞങ്ങൾ സമീപിച്ചത്. കൗമാരത്തിന്റെ കാല്പനിക സ്വപ്നങ്ങളിൽ നിന്നും, തരംതാണ അതിഭാവുകത്വത്തിൽനിന്നും ജീവിതത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങളുടെ മുമ്പിലേക്ക് വലിച്ചെറിയപ്പെടേണ്ടവർ. ജീവിതത്തോടും കാലഘട്ടത്തോടും അവരെങ്ങനെ പ്രതികരിക്കുന്നു എന്നറിയാൻ ഞങ്ങൾ ആഗ്രഹിച്ചു. മാഗസിൻ കമ്മററിയുടെ ചോദ്യങ്ങൾക്കു മുമ്പിൽ സ്വയം വെളിപ്പെടുത്തിയവർക്കു് നന്ദി രേഖപ്പെടുത്തട്ടെ. യാദൃശ്ചികമായി ചിലരെയെങ്കിലും കാണാതെ പോയതിൽ ക്ഷമാപണം.**

**- എഡിററർ**



1. തങ്ങൾ പഠിക്കുന്ന കോളേജിനെക്കുറിച്ച് ഭൂരിപക്ഷം വിദ്യാർത്ഥികളും നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയതു്. നല്ല അധ്യാപക വിദ്യാർത്ഥി ബന്ധവും പ്രശാന്തമായ അന്തരീക്ഷവും ഏറെ കുട്ടികളെ ആകർഷിച്ചു. യു. സി. യുടെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന കുട്ടികളും കുറവല്ല. കലാലയ ജീവിതം വിരസമായി തോന്നുന്നവരും ഇല്ലാതില്ല.

2. സ്വയം ഭരണ കോളേജുകൾ എന്ന ആശയം നല്ലതാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ സ്വയം ഭരണ കോളേജുകളെ സ്വാഗതം ചെയ്യാനാവില്ല എന്നാണ് ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും അഭിപ്രായം. അപകടകരമായ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നീതിപൂർവ്വവും സ്വതന്ത്രവുമായി പ്രവർത്തിക്കുവാൻ ഓട്ടോണമസ് കോളേജുകൾക്ക് കഴിയില്ല എന്നതു കൊണ്ടാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും ഈ ആശയത്തെ എതിർക്കുന്നതു്.

3. കലാലയ രാഷ്ട്രീയത്തിനു് ഒട്ടനവധി ഗുണങ്ങളുണ്ടെന്നു് പലരും സമ്മതിക്കുന്നു. എന്നാൽ വിദ്യാർത്ഥി സംഘടനകൾ അവയുടെ ലക്ഷ്യം നിറവേററുന്നതിൽ പരാജയപ്പെടുന്നുവെന്നു് പലരും രേഖപ്പെടുത്തി. സംഘടനാ നേതാക്കൾ അവരുടെ കർത്തവ്യത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകണമെന്നും സ്വതന്ത്രമായി ചിന്തിക്കുകയും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും വേണമെന്നാണവരുടെ ആഗ്രഹം. സമാധാനപരമായ അന്തരീക്ഷം നിലനിർത്തുവാൻ യു. സി. കോളേജിനു് കഴിയുന്നതിൽ വളരെ പേർ സന്തോഷം രേഖപ്പെടുത്തി.



4. വിദ്യാർത്ഥി സമരങ്ങളെക്കുറിച്ച് വ്യക്തമായ അഭിപ്രായമാണ് വിദ്യാർത്ഥികൾക്കുള്ളതു്. ആവശ്യത്തിനുവേണ്ടി സമരം ചെയ്യണമെന്നു് രേഖപ്പെടുത്തുമ്പോൾ തന്നെ അനാവശ്യ സമരങ്ങളെ അപലപിക്കാനും അവർ മറക്കുന്നില്ല.

5. ഇന്നത്തെ വിദ്യാഭ്യാസരീതി പഴഞ്ചനാണെന്നും അതു മാററണമെന്നും എല്ലാ വിദ്യാർത്ഥികളും ആവശ്യപ്പെടുന്നു. പക്ഷേ ഏതു രീതിയിലാണ് വിദ്യാഭ്യാസം പരിഷ്കരിക്കേണ്ടതു് എന്നതിനെപ്പററി വിദ്യാർത്ഥികൾക്ക് വ്യക്തമായ കാഴ്ചപ്പാടില്ല. പലരും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെയാണ് സ്വാഗതം ചെയ്യുന്നതു്. അഭിരുചിക്കനുസരിച്ച വിദ്യാഭ്യാസമാണ് വിദ്യാർത്ഥിക്ക ലഭിക്കേണ്ടതു് എന്നു് നാല്പതു് ശതമാനത്തോളം പേർ അഭിപ്രായപ്പെട്ടു.

6. മദ്യവും മയക്കുമരുന്നും കലാലയങ്ങളിൽ കടന്നുകൂടുന്നതിൽ ഭൂരിപക്ഷം വിദ്യാർത്ഥികളും ഉൽകണ്ഠാകുലരാണ്. യുവതലമുറയിൽ പടർന്നു കയറിയ ഈ വിപത്തിനെതിരെ ശക്തമായ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും അവർ ആവശ്യപ്പെടുന്നു.

7. ഇന്ത്യയിൽ ജനാധിപത്യത്തിന്റെ ഭാവി അപകടത്തിലാണെന്നു് ഭൂരിഭാഗം വിദ്യാർത്ഥികളും കരുതുന്നില്ല. ലോക ജനാധിപത്യ രാഷ്ട്രങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തന്നെയാണ് ഇന്ത്യ നേരിടുന്നതെന്നും, അവസരത്തിനൊത്തുയരാൻ ഇന്ത്യൻ ജനതയ്ക്കു് കഴിയുമെന്നും പലരും പ്രത്യാശ പ്രകടിപ്പിച്ചു.

8. ഭൂരിഭാഗത്തിനും ഇഷ്ടപ്പെട്ട ദേശീയ നേതാവിനെ കണ്ടെത്താൻ മാഗസിൻ കമ്മിററിക്ക് കഴിഞ്ഞില്ല. ഒരുപക്ഷേ ചോദ്യത്തിന്റെ അവ്യക്തത കൊണ്ടാവാം പഴയ തലമുറയിൽപ്പെട്ടവരേയും, ആധുനിക തലമുറയിൽപ്പെട്ടവരേയും വിദ്യാർത്ഥികൾ ഉൾപ്പെടുത്തിയതു്. കഴിഞ്ഞ തലമുറയിൽ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, പട്ടേൽ, ഭഗത്സിംഗ്, അംബേദ്കർ എന്നിവരെയാണ് ഏറെ കുട്ടികളും ഇഷ്ടപെട്ടതു്. ജീവിച്ചിരിക്കുന്നവരിൽ രാജീവ് ഗാന്ധി, ജ്യോതിബാസു, ഇ. എം. എസ്. എന്നിവരെ ഇഷ്ടപ്പെടുന്നവരാണധികവും.

9. സ്നേഹം, കാരുണ്യം തുടങ്ങിയ മാനുഷിക വികാരങ്ങൾ വിദ്യാർത്ഥികളിൽ നിന്നു മാത്രമല്ല സമൂഹത്തിൽ നിന്നുതന്നെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുമ്പോൾ വിദ്യാർത്ഥികളെമാത്രം കുറപ്പെടുത്താനാവില്ല എന്നാണ് പലരും രേഖപ്പെടുത്തിയതു്. ഇന്നത്തെ സമൂഹത്തെ നയിക്കുന്നതു പണമാണ്. ഈ വ്യവസ്ഥിതി മാറാതെ മാനുഷിക മൂല്യങ്ങൾക്ക് വിലയുണ്ടാകുമെന്നു് പലരും കരുതുന്നില്ല.

10. 87_ലെ ഏററവും നല്ല മലയാളസിനിമ 'തനിയാവർത്തന'മാണെന്നു് വിദ്യാർത്ഥികൾ പ്രഖ്യാപിച്ചു. അനന്തരം, തൂവാനത്തുമ്പികൾ, സ്വാതി തിരുനാൾ, ന്യൂഡൽഹി എന്നീ ചിത്രങ്ങളും വളരെയധികം പേരെ ആകർഷിച്ചു.

11. ജീവിത വീക്ഷണമെന്തെന്നു് ഭൂരിഭാഗവും ആലോചിച്ചിരുന്നില്ല. അവർ ഈ ചോദ്യത്തിനു മുന്നിൽ പകച്ചുനിന്നു. പകുതിയോളം പേർ വിശദീകരിക്കാൻ ബുദ്ധിമുട്ടാണ് എന്നു് തന്നെയാണ് എഴുതിയതു്. ''മററുള്ളവരെ ആശ്രയിക്കാതെ ജീവിക്കണം'' ''ജീവിക്കുക, അത്രമാത്ര''മെ ആഗ്രഹമുള്ളവെന്നും, തുടങ്ങി സർവ്വെയിൽ പങ്കെടുത്തവരുടെ ജീവിതവീക്ഷണങ്ങൾ പലതായിരുന്നു.

എന്നാൽ '32' വിദ്യാർത്ഥികൾ ഒരു വീക്ഷണവുമില്ലെന്നു് തുറന്നു പറഞ്ഞു.

12. ഇന്നത്തെ പരീക്ഷാ സമ്പ്രദായത്തോടു് ഒട്ടുമിക്ക വിദ്യാർത്ഥികളും പ്രതിഷേധം രേഖപ്പെടുത്തി. ഓർമ്മശക്തിയെ മാത്രമാണ് ഇന്നത്തെ പരീക്ഷ ആശ്രയിക്കുന്നതു്. പ്രായോഗിക ജ്ഞാനത്തേയും ബുദ്ധിശക്തിയേയും പരീക്ഷിക്കുന്ന സമ്പ്രദായമാണ് കൈക്കൊള്ളേണ്ടതു് എന്നു് മിക്ക വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടു.

13. കലാകായിക രംഗങ്ങളിൽ കാര്യമായ പ്രോത്സാഹനം ഈ കോളേജ് നല്കുന്നില്ല എന്നു് ഭൂരിഭാഗം വിദ്യാർത്ഥികളും രേഖപ്പെടുത്തി. കലാരംഗത്തു് താത്പര്യമുള്ള കുട്ടികളെ കണ്ടെത്തുവാനോ അവർക്ക് പ്രോത്സാഹനം നല്കുവാനോ ഈ കോളേജിൽ ഒരു ശ്രമവും നടക്കുന്നില്ല എന്നു് വിദ്യാർത്ഥികളിൽ ഒരു വിഭാഗം പരാതിപ്പെട്ടു.

# നല്ല വിദ്യാർത്ഥി, നല്ല അദ്ധ്യാപകൻ എന്റെ സങ്കല്പം

SREEREKHA G
M. A Previous Economics

സർവ്വെ

ഒരു നല്ല വിദ്യാർത്ഥിയിൽ ഞാൻ കാണുന്ന പ്രത്യേകത 24 മണിക്കൂറും പുസ്തകത്തിന്റെ താളുകൾക്കിടയിൽ തലപൂഴ്ത്തിവച്ച് അക്ഷരങ്ങളും ശബ്ദങ്ങളും കരണ്ടുതിന്നുന്ന ഒരു ചുണ്ടെലിയായി തീരുന്നതല്ല. കട്ടത്ത അച്ചടക്കത്തിന്റെ ഭാരവും പേറി, മുതുകൊടിഞ്ഞ്, വ്യക്തിത്വം നഷ്ടപ്പെട്ട് യാതൊരു വികാരമോ വിചാരമോ ഇല്ലാതെ ഒന്നിനോടും പ്രതികരിക്കുവാൻ പോലും സാധിക്കാതെ പഠിച്ച് മിടുക്കനാകുന്ന വിദ്യാർത്ഥിയിലും ഒരു മാതൃകാ വിദ്യാർത്ഥിയുടെ രൂപം എനിക്ക് കാണുവാൻ കഴിയുന്നില്ല. ശാസ്ത്ര സാങ്കേതിക ശാഖകളിൽ അത്യധികം നൈപുണ്യം നേടി ആഗോള പ്രശസ്തിനേടിയെടുക്കുന്നവനിലും ഒരു നല്ല വിദ്യാർത്ഥിയുടെ ലക്ഷണങ്ങൾ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. മണി മണിപോലെ ഇംഗ്ലീഷ് ഉച്ചാരണം നടത്തി മാതാപിതാക്കളെയും ബന്ധുമിത്രാദികളെ അമ്പരപ്പിക്കുകയും, അഖിലേന്ത്യാ സർവ്വീസുകളിൽ ഒന്നാം തരത്തിൽ വിജയിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുന്നവനും എന്റെ ദൃഷ്ടിയിൽ മാതൃകാ വിദ്യാർത്ഥിയല്ലതന്നെ.

സാമ്പത്തിക സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ മാററങ്ങൾ ഉളവാക്കാൻ തക്കവണ്ണം ഇവരിൽ ആർക്കെങ്കിലും കഴിയുമോ അവൻ മാത്രമാണ് എന്റെ മാതൃകാവിദ്യാർത്ഥി. സത്യം, ധർമ്മം, നീതി ഇവയിലധിഷ്ഠിതമായ വിദ്യാഭ്യാസം നേടിക്കൊണ്ട് സൗഹൃദത്തിന്റെ സൗരഭം പരത്തുവാൻ ശ്രമിക്കുന്നവനാരോ അവനാണെന്റെ മുമ്പിൽ നല്ല വിദ്യാർത്ഥിയായിത്തീരുന്നത്. നാം രക്തസാക്ഷികളെ സൃഷ്ടിച്ച് കൊണ്ട് നേടിയ നമ്മുടെ മാതൃഭൂവിന്റെ സ്വാതന്ത്ര്യത്തെ അഖണ്ഡമായി നിലനിർത്താൻ പോന്ന വിദ്യാഭ്യാസം സ്വീകരിക്കുന്നവനാണ് അനുകരണീയനായ വിദ്യാർത്ഥിയായിത്തീരുന്നത്. സമഭാവനയോടെ തന്റെ സഹോദരന്റെ കണ്ണീർ തുടയ്ക്കുവാൻ ഒരുമ്പെടുന്ന വിദ്യാർത്ഥിയല്ലെ നമുക്ക് മാതൃകയാകേണ്ടത്. ''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്ന് പാടിയ കവിയുടെ കാലടികളെ പിന്തുടർന്ന് മനുഷ്യ സ്നേഹത്തിന്റെ സമൂർത്ത രൂപമായി മാറുന്ന ഒരു വിദ്യാർത്ഥിയേക്കാൾ കവിഞ്ഞ് ആരെയാണ് നാം അഭിനന്ദിക്കേണ്ടത്? അഹിംസയിൽ മുറുകെ പിടിച്ചുകൊണ്ട്, ജാതി മത ചിന്തകൾക്കതീതമായി പ്രവർത്തിക്കാൻ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥിയാണ് നല്ല വിദ്യാർത്ഥി. മാനസിക വികാസം നേടുന്നതിനൊപ്പമോ, അതിൽ കൂടുതലോ ശാരീരികാദ്ധ്വാനം ചെയ്യാൻ കൈയ്യും, കാലും, കണ്ണും ഉപയോഗിക്കുന്നവനാണ് എന്റെ മുമ്പിൽ നല്ല വിദ്യാർത്ഥിയായി തെളിഞ്ഞുവരുന്നത്.

## നല്ല അദ്ധ്യാപകർ

പഠിപ്പിക്കേണ്ട പാഠങ്ങൾ പഠിക്കാതെ ക്ലാസ്സിൽവന്ന് വിദ്യാർത്ഥികളെ കഴുതകളാക്കുന്ന അദ്ധ്യാപകർ നല്ലവരാണെന്ന് ആർക്കും അഭിപ്രായമുണ്ടാവുകയില്ല. പക്വത പ്രാപിച്ചിട്ടില്ലാത്ത മാനസിക നിലവാരവുമായി വിദ്യാർത്ഥികളെ അഭിമുഖീകരിക്കുന്ന ഒരദ്ധ്യാപകനും വിജയം നേടുകയില്ല. വിദ്യാർത്ഥികളുടെ വികാര വിചാരങ്ങൾ മനസ്സിലാക്കി, അവരുടെ അപക്വ മനസ്സുകളിൽ, ജീവിതത്തിന്റെ അമൂല്യങ്ങളായ ചില ഗുണ വിശേഷങ്ങളിൽ ചിലതെങ്കിലും അങ്കുരിപ്പിച്ചെടുക്കാൻ കഴിയുന്നവനായിരിക്കണം യഥാർത്ഥത്തിലുള്ള അദ്ധ്യാപകൻ.

വൈവിദ്ധ്യമാർന്ന തന്റെ വിദ്യാർത്ഥി സമൂഹത്തിൽ ഒരാളെപ്പോലും തന്റെ മനഃസാക്ഷിയെ വഞ്ചിച്ചുകൊണ്ട് വിഭിന്ന രീതിയിൽ ദർശിക്കാത്തവനാണ് മാതൃകാദ്ധ്യാപകൻ. പ്രാപഞ്ചിക ജീവിത ക്ലേശങ്ങളുടെ മുനകൂർത്ത മുള്ളുകൾ തറഞ്ഞുകേറി വിണ്ടുകീറി ചോരവാർന്നു പിടയുന്ന മനസ്സുമായിട്ടാണെങ്കിൽ പോലും ചുണ്ടിലൊരു പുഞ്ചിരിയും പ്രസന്നമുഖവുമായി വിദ്യാർത്ഥികളെ നേരിടുന്ന നിസ്സംഗനായ ഒരു ഉത്തമനാണ് എന്റെ ആരാധനാമൂർത്തിയായി മാറുന്ന അദ്ധ്യാപകൻ. പരുപരുത്ത ശബ്ദം പുറപ്പെടുവിക്കുന്ന നോട്ടബുക്കുകൾക്കുമുമ്പിൽ മനഃസാക്ഷിയെ വഞ്ചിക്കാതെ, മാർക്ക തിരുത്തൽ നടപടിക്ക് മുതിരാത്ത അദ്ധ്യാപകനേക്കാൾ ആരെയാണ് നാം ആദരിക്കേണ്ടത്? വേദേതിഹാസങ്ങളിൽ ഉണ്ടായിരുന്നുവെന്ന് നാം മനസ്സിലാക്കിയിരുന്ന തരത്തിലുള്ള ഗുരു ശിഷ്യബന്ധം പരിപോഷിപ്പിക്കുന്ന മനുഷ്യൻ അദ്ധ്യാപകനാകുമ്പോൾ ഞാൻ നല്ല അദ്ധ്യാപകനെ അദ്ദേഹത്തിൽ കാണുന്നു. ഓരോ വിദ്യാർത്ഥിയ്ക്കും തനതായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം സൃഷ്ടിച്ചു കൊടുക്കുന്ന അദ്ധ്യാപകനേക്കാൾ ഉത്തമനായി ഞാനാരേയും കാണുന്നില്ല.

---

14. തങ്ങൾക്ക് ഏററവും ഇഷ്ടപ്പെട്ട അദ്ധ്യാപകൻ ആരാണെന്ന് വ്യക്തമാക്കാൻ പല വിദ്യാർത്ഥികളും തയ്യാറല്ലായിരുന്നു. ഒന്നിലധികം പേരെ ഇഷ്ടപ്പെടുന്നവരാണ് ഏറെ വിദ്യാർത്ഥികളും. ആത്മാർത്ഥത, സ്നേഹം, ക്ലാസ്സെടുക്കുന്ന രീതി, പാണ്ഡിത്യം ഇതൊക്കെയാണ് നല്ല അദ്ധ്യാപകന്റെ പ്രത്യേകതകളെന്ന് പലരും അഭിപ്രായപ്പെട്ടു. ചില അദ്ധ്യാപകരുടെ അലസതയും, താത്പര്യമില്ലായ്മയും രേഖപ്പെടുത്താനും ചില വിദ്യാർത്ഥികൾ ഈ അവസരം വിനിയോഗിച്ചു.

15. നല്ല വിദ്യാർത്ഥി, നല്ല അദ്ധ്യാപകൻ എന്നതിനെക്കുറിച്ച് തൊണ്ണൂറു ശതമാനം പേർക്കും വ്യക്തമായ ധാരണയില്ലായിരുന്നു.

---

ആരണ്യമകരെപ്പച്ചയായ് മുന്നിൽ
പിന്നിലെൻ കർമ്മ വരമ്പ്.
ജഡമാകുമൊരു മരമതിൻ മർമ്മരം കൊണ്ടു
പ്രാകുന്നതു കേട്ട ഞെട്ടി
'പ്രാകൃത സമത്വത്തിൽ ഞാൻ നിനക്കേകിയ
തണലെവിടെ പഴമെവിടെ മർത്ത്യാ?
മഴയെവിടെ മറയെവിടെ മർത്ത്യാ?
അന്നു നീ ഇലമൂടിയിട്ട നിൻ നാണത്തെ
ഏതു രാവിൽ നീ കളഞ്ഞു?
രാമനും സീതയും പഞ്ചഭ്രാതാക്കളും
നിൻ മുൻ മുറക്കാരാണെന്നോ?'
ഭേദ്യച്ചോദ്യമെന്നെ ചൊടിപ്പിക്കയാൽ
ആദ്യമഹം ഭാവിയായി
പിന്നെ, മരത്തിന്റെ മുന്നിൽ മരത്വത്തെ-
യോർത്തു ഞാൻ മൂകനായി നിന്നു.
മൗനത്തെയാകെ ഉടച്ചുകൊണ്ടപ്പോഴോ
ഇപ്രകാരം ചൊന്നു വൃക്ഷം:
'ചെടിയായ് കിളിർത്ത ഞാൻ; തരുവായ് തളിർത്ത ഞാൻ
കടയററ തടിയായ് തളർന്നു.'
വിറയാർന്ന തളിരിലുടയിരിനെ വിട്ടിട്ട
വിട ചൊല്ലിയാ വൃദ്ധ വൃക്ഷം
നിർദ്ദയത്വം തീർത്ത കാതലിൽ നേർച്ഛേദ-
ചിത്രമെൻ ചിത്തത്തിലാണ്ടു.
കരയുവാൻ കഴിയാതെ കരിമേഘമുഴറുന്ന
ഘനരൂപമായ് മാറി ദുഃഖം.

# മർമ്മരം

ജി. സലിംരാജ്
I M. Sc., Maths.



കവിത

# നല്ല വിദ്യാർത്ഥി അദ്ധ്യാപകൻ കലാലയം



പ്രൊഫ. ഇ. നാരായണൻ നമ്പ്യാർ

കൂരിരുട്ടിനെ പഴിക്കുന്നതിനേക്കാൾ എത്രയോ ഭേദം ഒരു കൊച്ചു കൈത്തിരിയെങ്കിലും കൊളുത്തുകയാണെന്ന പഴഞ്ചൊല്ല് നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരംഗത്തെ ബന്ധപ്പെടുത്തി ഒന്നാലോചിച്ചു നോക്കുക. തികച്ചും അർത്ഥശൂന്യവും അപ്രസക്തവുമായ വിദ്യാഭ്യാസസമ്പ്രദായം അടിമുടി ഉടച്ചുവാർത്തേ തീരൂ എന്ന് സ്ഥാനത്തും അസ്ഥാനത്തും ആക്രോശിക്കുന്നവർ ഇന്ന് ധാരാളമുണ്ട്. പക്ഷേ ഏതു തരത്തിലുള്ള വ്യവസ്ഥയാണ് പകരമായി നിർദ്ദേശിക്കുവാനുള്ളത് എന്ന ചോദ്യത്തിന് എത്ര പേർക്ക് തൃപ്തികരമായ മറുപടി നൽകാൻ കഴിയും? ഇന്നത്തെ സാഹചര്യങ്ങൾ പൊടുന്നനവേ മാറ്റിമറിക്കുക അസാദ്ധ്യമാണെന്ന് എല്ലാവർക്കും അറിയാം. പക്ഷേ, അവ തുടരുമ്പോൾത്തന്നെ ആശാസ്യമായ ഒരു പരിവർത്തനം നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ വരുത്താൻ സാധിക്കുകയില്ലേ? വിദ്യാഭ്യാസ പ്രേമികളുടെ ഹൃദയത്തിൽ കുമിഞ്ഞു കൂടുന്ന വിഷാദഭാവം ഇച്ഛാശക്തിയുടെ സഹായത്തോടെ ശുഭാപ്തി വിശ്വാസമാക്കി മാറ്റാൻ കഴിയുമോ എന്നതാണ് പ്രശ്നം. നല്ല വിദ്യാർത്ഥിയും, നല്ല അദ്ധ്യാപകനും നല്ല കലാലയാന്തരീക്ഷത്തിൽ ഒത്തു ചേരുമ്പോൾ മാത്രമേ അത്തരം ഒരു മാറ്റത്തെക്കുറിച്ച് സങ്കല്പിക്കാൻ തന്നെ കഴിയൂ.

ആരാണ് നല്ല വിദ്യാർത്ഥി? അല്പമൊന്നാലോചിച്ചാൽ ആർക്കും കിട്ടാവുന്നതാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. അറിവിനെ ആദരിക്കുന്ന ഒരു മനസ്സും, അതുനിറയെ അറിവുനേടാനുള്ള ആഗ്രഹവും, ആ ആഗ്രഹം സഫലീകരിക്കുന്നതിനുവേണ്ടി പരമാവധി അദ്ധ്വാനിക്കാനുള്ള സന്നദ്ധതയുമാണ് ഒരു നല്ല വിദ്യാർത്ഥിക്ക് അടിസ്ഥാനപരമായി വേണ്ടത്. പഠിക്കുന്നതെല്ലാം പരീക്ഷയിൽ പ്രയോജനപ്പെടാൻവേണ്ടിമാത്രമാണെന്ന ധാരണ ആ വിദ്യാർത്ഥിയ്ക്കുണ്ടാവില്ല. പഠിച്ച പാഠ്യഭാഗങ്ങൾ പരീക്ഷയ്ക്ക് വന്നില്ലെന്നതിന്റെ പേരിൽ തന്റെ അദ്ധ്വാനം പാഴായിപ്പോയല്ലോയെന്ന് അയാൾ കണ്ണീരൊഴുക്കിടുകയുമില്ല. പരീക്ഷയുണ്ടായാലും ഇല്ലെങ്കിലും പരീക്ഷ തൊട്ടടുത്താണെങ്കിലും ദൂരെയാണെങ്കിലും പാഠങ്ങൾ കൃത്യസമയത്തു പഠിക്കുകയും അവ ക്രമമായി ആവർത്തിക്കുകയും ചെയ്യുന്നതിൽ ആനന്ദവും സംതൃപ്തിയും കണ്ടെത്താൻ നല്ല വിദ്യാർത്ഥിക്ക് കഴിയും. പഠനമെന്നത് മനസ്സിന്റെ ബോധപൂർവ്വമായ പ്രവർത്തനമാണ്. അതിനാൽ ചിന്താശക്തിയെ പരിശീലിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യാൻ സഹായിക്കുന്നതു മാത്രമാണ് യഥാർത്ഥ പഠനം. അതുകൊണ്ടുതന്നെ നല്ല വിദ്യാർത്ഥി സ്വന്തമായി ചിന്തിക്കാനുള്ള കഴിവു വളർത്തിയെടുക്കുന്നതിൽ ശ്രദ്ധാലുവായിരിക്കും. അദ്ധ്യാപകരിൽ നിന്നും സഹപാഠികളിൽ നിന്നും പുസ്തകങ്ങളിൽ നിന്നുമെല്ലാം ലഭിക്കുന്ന അറിവിന്റെ ശകലങ്ങൾ സ്വന്തം ചിന്തകൊണ്ട് പാകപ്പെടുത്തി തന്റെ മാനസിക ഘടനയുടെ അവിഭാജ്യഘടകങ്ങളാക്കി മാറ്റാൻ അയാൾക്കു കഴിയും. സവിശേഷ പഠനത്തിന് താൻ തിരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ മാത്രം ഒതുങ്ങിക്കൂടാതെ, ജീവിതത്തെ സമഗ്രമായി നോക്കിക്കാണാനും പ്രപഞ്ചത്തെ സാമാന്യമായി മനസ്സിലാക്കാനുമുള്ള ഒരാത്മാർത്ഥ ശ്രമവും അതോടൊപ്പമുണ്ടാവും.

മാനസികമായ വളർച്ച അഥവാ ബുദ്ധിപരമായ വികാസം മാത്രമല്ല, വിദ്യാഭ്യാസമെന്നതിനാൽ മാനുഷികമായ ഉൽകൃഷ്ടത കൈവരിക്കാനുള്ള യത്നവും നല്ല വിദ്യാർത്ഥിയുടെ ഭാഗത്തു നിന്നുണ്ടാവണം. തന്റെ കുടുംബത്തോടും, സമൂഹത്തോടും, രാഷ്ട്രത്തോടും, ലോകത്തോടു തന്നെയും ആരോഗ്യകരമായ ബന്ധം പുലർത്തുന്ന തരത്തിലുള്ള ഒരു വ്യക്തിത്വം വളർത്തിയെടുക്കാനുള്ള സ്വഭാവ പരിശീലനമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. തൻനിമിത്തം ശാരീരികവും മാനസികവും ധാർമ്മികവുമായ വളർച്ചനേടിയ ഒരു കലാലയ വിദ്യാർത്ഥി വിശാലമായ ലോകത്തിൽ പ്രവേശിച്ച് സ്വന്തം ജീവിത പന്ഥാവിലൂടെ മുന്നോട്ടു പോകുമ്പോൾ നല്ല വ്യക്തിയും നല്ല പൗരനുമായിത്തീരുമെന്നതിൽ സംശയമില്ല. തന്റെ വ്യക്തിത്വത്തിന്റെ സവിശേഷഭാവങ്ങൾ സ്വതന്ത്രമായും വിജയകരമായും പ്രകാശിപ്പിക്കാൻ ശ്രമിക്കുന്ന അയാൾ തന്റെ പ്രവർത്തനങ്ങളും ചലനങ്ങളും ഒരു തരത്തിലും മറ്റുള്ളവർക്ക് ശല്യമാവുകയില്ലെന്ന് ഉറപ്പുവരുത്തും; കഴിയുമെങ്കിൽ പരോപകാരപ്രദമാക്കാൻ ശ്രമിക്കുകയും ചെയ്യും. അങ്ങിനെ താൻ എത്തിച്ചേരുന്ന ജീവിതരംഗത്തെ സ്നേഹത്തിന്റെ മാധുര്യവും ജ്ഞാനത്തിന്റെ വെളിച്ചവും കൊണ്ട് ധന്യമാക്കാൻ നല്ല വിദ്യാർത്ഥിക്ക് സാധിക്കും.

അപ്പോൾ നല്ല അദ്ധ്യാപകനോ? ഇരുട്ടു നിറഞ്ഞ ഇന്നത്തെ വിദ്യാഭ്യാസ സാഹചര്യങ്ങളിൽ ഒരു കൊച്ചു കൈത്തിരി കൊളുത്താൻ മുന്നോട്ടു വരേണ്ടത് സമർപ്പണ ബോധമുള്ള അദ്ധ്യാപകനാണ്. തന്റെ മുമ്പിലെത്തുന്ന വിദ്യാർത്ഥികളെ സഹാനുഭൂതിയോടെ സ്വീകരിക്കുകയും അവരുടെ വിശ്വാസത്തിനു പാത്രമാകാനുള്ള അർഹത നേടുകയുമാണ് ആദ്യമായി അദ്ദേഹം ചെയ്യേണ്ടത്. വിദ്യാർത്ഥികളുടെ മാനസികവും ധാർമ്മികവുമായ വികസനത്തിനുവേണ്ടി തന്റെ കഴിവു മുഴുവൻ സന്തോഷപൂർവ്വം ചിലവഴിക്കുന്ന ഒരദ്ധ്യാപകൻ ഏതവസ്ഥയിലും ആദരിക്കപ്പെടുകതന്നെ ചെയ്യും. ഗുരുകുല വിദ്യാഭ്യാസത്തിന്റെ പുനരുജ്ജീവനമൊന്നും അതിനാവശ്യമില്ല. താൻ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ചോദ്യം ചെയ്യപ്പെടാത്ത അവഗാഹവും, അതു വിദ്യാർത്ഥികൾക്ക് രസകരമായി പകർന്നു കൊടുക്കാനുള്ള അദ്ധ്യാപന വൈഭവവും നല്ല അദ്ധ്യാപകന് അവശ്യം ആവശ്യമാണ്. അറിവിന്റെ പുതിയ അതിർത്തികളിലേയ്ക്ക് എന്നുമെന്നും എത്തിച്ചേരുന്നതിനുള്ള അഭിനിവേശവും തന്റെ വിദ്യാർത്ഥികളോടുള്ള കറകളഞ്ഞ സ്നേഹവും നല്ല അദ്ധ്യാപകന്റെ വ്യക്തിത്വമാകുന്ന നാണയത്തിന്റെ രണ്ടു വശങ്ങളത്രേ. അത്തരത്തിലുള്ള അദ്ധ്യാപകൻ ആചാര്യപദവിയിലേയ്ക്കുയരുന്നു; വിദ്യാർത്ഥികളുടെ 'സുഹൃത്തും, തത്വചിന്തകനും, മാർഗ്ഗദർശി' യുമെന്ന ബഹുമതിയ്ക്ക് അർഹത നേടുകയും ചെയ്യുന്നു.

നല്ല വിദ്യാർത്ഥിയ്ക്കും നല്ല അദ്ധ്യാപകനും സന്തോഷത്തോടെ പ്രയോജനകരമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു കലാലയാന്തരീക്ഷം എങ്ങിനെ സൃഷ്ടിക്കാമെന്നതു നമ്മുടെ സത്വരശ്രദ്ധപതിയേണ്ട ഒരു വിഷയമാണ്. വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വ്യക്തിത്വ വികസനത്തിന് പരമാവധി പ്രയോജനപ്പെടുന്ന തരത്തിൽ ഭരണകാര്യങ്ങൾ മാനേജ്മെന്റിന്റെ വിവിധ തലങ്ങളിൽ സംവിധാനം ചെയ്യുകയാണ് നല്ല കലാലയാന്തരീക്ഷമുണ്ടാകാൻ ആദ്യമായി ചെയ്യേണ്ടത്. കലാലയത്തിന്റെ ഉടമസ്ഥർ, സർക്കാർ, സർവ്വകലാശാലാ എന്നീ ശക്തികളെല്ലാം അവരുടെ പങ്ക് ഭാവനാപരവും കാര്യക്ഷമവുമായി നിർവ്വഹിച്ചാൽ മാത്രമേ വിദ്യാഭ്യാസത്തിന്റെ ഉത്തമ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായകമായ ഒരന്തരീക്ഷം കലാലയങ്ങളിൽ പുലരുകയുള്ളൂ. വിദ്യാർത്ഥികളും അദ്ധ്യാപകരും രാഷ്ട്രീയം കൊണ്ട് തീക്കളി കളിക്കുന്നതിനാലാണ് പലപ്പോഴും നമ്മുടെ കലാലയങ്ങളും സർവ്വകലാശാലകളും — എന്തിനേറെ, സ്കൂളുകൾ പോലും — വിദ്യാഭ്യാസ നിഷേധത്തിലേയ്ക്കു നീങ്ങുന്നതെന്ന പൊള്ളുന്ന പരമാർത്ഥം ഈ അവസരത്തിൽ മറക്കാതിരിക്കുക. വിഭാഗീയ ചിന്താഗതികൾ വളർത്തിയെടുക്കുന്ന പരസ്പരമുള്ള അവിശ്വാസവും, വിദ്വേഷവും, പകയുമെല്ലാം കലാലയാന്തരീക്ഷത്തെ വിഷമയമാക്കുന്ന ദുഷ്ടവികാരങ്ങളാണ്. അവയിൽ നിന്നുള്ള മോചനമാണ് മറ്റെന്തിനേക്കാളും പ്രധാനം.

ചിട്ടയോടുകൂടി സുഗമമായി പ്രവർത്തിക്കാൻ കലാലയങ്ങളിൽ നിയമങ്ങൾ നടപ്പാക്കേണ്ടതാവശ്യമാണ്. പക്ഷേ നിയമങ്ങളുടെ അക്ഷരാർത്ഥത്തിനല്ല ആന്തരികാർത്ഥത്തിനാണ് കൂടുതൽ പ്രാധാന്യമെന്ന് ഉറപ്പുവരുത്തിയേ പറ്റൂ. അങ്ങനെയായാൽ ഉന്മേഷകരമായ ഒരു വ്യതിയാനം നമ്മുടെ സമൂഹത്തിലെന്നതുപോലെ കലാലയാന്തരീക്ഷത്തിലും ഉണ്ടായിക്കൊള്ളും. യാന്ത്രികമായ സമീപനത്തിനു പകരം മനുഷ്യത്വ പൂർണ്ണമായ ഒരു പ്രവർത്തന ശൈലി നിയമങ്ങൾ നടപ്പാക്കുന്നതിലും, ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിൽപ്പോലും സ്വീകരിക്കുകയാണെങ്കിൽ ഇന്ന് ഉന്നത വിദ്യാഭ്യാസരംഗത്തെ കാർന്നുതിന്നുന്ന അസ്വസ്ഥതകൾ പലതും ഇല്ലാതാക്കാൻ കഴിയും.

നല്ല വിദ്യാർത്ഥിയും പ്രഗത്ഭനായ അദ്ധ്യാപകനും സംശുദ്ധമായ കലാലയാന്തരീക്ഷവും ഒത്തുചേർന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം അത്ഭുതങ്ങൾ തന്നെ സംഭവിക്കുകയില്ല! വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും സർവ്വോപരി ലോകത്തിന്റെ ശോഭനമായ ഭാവിയേയും സ്നേഹിക്കുന്ന ഏതൊരാളും ഈ വഴിക്കു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# EXTRACTS FROM PRINCIPAL'S ANNUAL REPORTS 1987-'88

Results of the University Examinations — April / May 1987

| Class | Percentage | Class | Percentage | Class | Percentage |
|---|---|---|---|---|---|
| II P. D. C. | | FINAL B. A. | | M. Sc. (Previous) | |
| Group I | 80.6% | History | 86.95% | Mathematics | 84.61% |
| ,, II | 83.2% | Economics | 76.74% | Physics | 93.33% |
| ,, III | 54.4% | Psychology | 85% | Chemistry | 80% |
| II B. A. | | English | 84.61% | Botany | 80% |
| | | Malayalam | 94.87% | | |
| History | 51.85% | | | FINAL M. A. | |
| Economics | 68.62% | FINAL B. Sc. | | | |
| Psychology | 54.16% | Mathematics | 90.62% | History | 100% |
| English | 82.60% | Physics | 81.57% | Economics | 86.66% |
| Malayalam | 36.84% | Chemistry | 90.32% | English | 100% |
| II B. Sc. | | Botany | 100% | | |
| | | Zoology | 76.19% | FINAL M. Sc. | |
| Physics | 88.89% | | | | |
| Mathematics | 78.57% | M. A. (Previous) | | Mathematics | 92.85% |
| Chemistry | 82.22% | History | 57.14% | Chemistry | 80% |
| Botany | 59.09% | Economics | 72.72% | Botany | 100% |
| Zoology | 72% | English | 76.47% | Physics | 78.57% |

The following Students of the College passed with Ranks in the Examinations of Mahatma Gandhi University of April / May 1987

1. Sekeena C. M., Ist Rank in Final M. Sc. Chemistry
2. Sebastian V. S., Ist Rank in Final B. A. Psychology
3. Sebastian M P., IIIrd Rank in Final M. Sc. Mathematics
4. Alice Varkey, Ist Rank in Final M. A. English

**Student's strength as on 31-12-1987**

| | Men | | Women | | Total |
|---|---|---|---|---|---|
| I P. D. C. | 265 | | 250 | | 515 |
| II P. D. C. | 276 | | 227 | | 503 |
| I B. A./B. Sc | 157 | | 267 | | 424 |
| II B. A./B. Sc. | 144 | | 231 | | 375 |
| III B. A /B. Sc. | 144 | | 223 | | 367 |
| I M. A./M. Sc. | 25 | | 75 | | 100 |
| II M. A./M. Sc. | 29 | | 61 | | 90 |
| Total | 1040 | + | 1334 | = | 2374 |

The following students are awarded College Scholarships / Prizes for the year 1987 – '88.

**Chechamma Memorial Scholarship :**

1. K. C. Chacko Memorial Scholarship – Latha V. K., I M. Sc., Physics
2. A M. Varkey Memorial Scholarship – Meena A., III B. Sc., Botany
3. C. P. Mathew Memorial Scholarship - Anju Anna Baby, II P D. C. Group II
4. V. M. Ittyerah Memorial Scholarship – 1) Simon M. V., I P. D C. Group II
   2) Sajeev Joseph, I P. D. C. Group I
5. R. D. Hicks Memorial Scholarship – 1) Roy Jose, I P. D. C. Group I
   2) Biju Chacko, I P. D. C. Group I

**Prizes endowed by the Chechamma Memorial Trust :**

1. T. B. Ninan Memorial Prize – Antony M. C., III B. Sc. Physics
2. K. Jacob Memorial Prize – Mary Kurien, III B. A. Psychology
3. Rev. T. V. John Memorial Prize – Nirmala P. S., III B. A. Economics
4. D. P. Unni Memorial Prize for Malayalam Poetry – Jessy Paul, III B. A. Malayalam
5. Aravamudam Iyengar Memorial Prize – Anitha Kurian, III B. A. English
6. Kuttipuzha Krishna Pillai Memorial Prize – Baby T. O., III B. A. Economics
7. T. S. Venkitaraman Memorial Prize – Jazz Peter, II M. Sc. Maths.
8. Dr. T. I. Punnen Memorial Prize for World History – Ajithakumari K. A., III B. A. History
9. C P. Andrews Memorial Prize (Men) – Nazar V. M., II B. A. History
10. C. P. Andrews Memorial Prize (Women) – Bindu K., I P. D. C. Group I

**Kunchiamma Memorial Scholarship :**

1. Jibimol N. K., II P. D. C. Group II
2. Sunil Oommen Idiculla, I P. D. C. Group III

**Boobilee Scholarship :** Geetha T. Thomas, I P. D. C. Group II

K. Jacob Scholarship – Hamsa M. M., III B. A. Psychology
V. K. Alexander Prize – Suja Jose, III B. A. Psychology
P. K. Narayana Menon Prize – Usha S , III B. A. Economics
Varghese Ittiavirah Prize – Jessy Paul, III B. A. Malayalam
T. C. Joseph Prize – Bijo John Mammen, III B. Sc. Botany
Dr. O. M. Mathen Prize – Usha V., II M. Sc. Botany
T. R. Anantharaman Prize – Sudha C., III B. Sc. Chemistry
Seshammal Anantharaman Prize – Tessy E. I., III B. Sc. Chemistry
Dr. A. K. Baby Endowment Prize – Ancy Mathew, II M. A. History
Jeevan Mathew Memorial Prize – Mohammed Sageer, II P. D. C. Group I

| | |
|---|---|
| Prof: P. G. Kesavan Potty Endowment Scholarship | – Suja Mary C. Pillai, II M. Sc. Physics |
| Alexander Mar Thoma Prize (English) | – Anitha Kurian, III B. A. English |
| Alexander Mar Thoma Prize (Mathematics) | – Rani G., III B. Sc. Mathematics |
| Prof: C. R. Achuthan Pillai Memorial Scholarship | – 1) Chitra V. K., I M. Sc. Maths.<br>2) Anupa P. V., I M. Sc. Maths.<br>3) Maria Renu S., I M. Sc. Maths. |
| C. Lekshmikutty Amma Memorial Scholarship | – Sherly P. C., I M. Sc. Botany |
| C. L. Saraswathy Amma Scholarship | – 1) Anna Gabriel, II M. A. English<br>2) Alice Varkey, II M. A. English |

**T. B. Thomas Prize:**

| | |
|---|---|
| 1. To the best basket ball player | – Bijo John Mammen, III B. Sc. Botany |
| 2. To the best II B. Sc. student (Physics) | – Ani J. P., III B. Sc. Physics |
| 3. To the best II M. Sc. Physics student | – 1) Liz Mary Thomas, II M. Sc. Physics<br>2) Pradeep K. G., II M. Sc. Physics |
| T. S. Venkitaraman Memorial Prize | – Pamy Sebastian, II M. Sc. Maths. |
| A. V. Kakkunni Memorial Prize (Maths) | – Bindu K. S., III B. Sc. Maths. |
| Mrs. Baby Kakkunni Memorial Prize (Economics) | – Thomas P. V., II M. A. Economics |

## Teaching Staff:

**1. Promotions as Professor Grade I (Non-Cadre)**

1) Prof: T. Simon
2) Prof: A. P. Mathew
3) Prof: Joseph Philip
4) Prof: Ittoop Mathew
5) Dr. T. K. Avirah
6) Prof: P. V. Narayanan Namboodiri

**2. Promotions as Professor Grade II (Non-Cadre)**

1) Dr. P. M. Rajan Gurukkal
2) Prof: B T. Joy
3) Prof: C. G. Ramankutty
4) Prof: P. M. Varkey
5) Prof: L. I. Paul Sundar
6) Prof: Mathew Koshy
7) Prof: O. Abraham
8) Prof: Anilkumar Uttam
9) Smt. K. E. Leelamma

**3. Fresh Appointments:**

1) Smt. Shiny K. Jacob – Statistics (Maths)
2) Mr. Abraham K. Samuel – Mathematics
3) Smt. Annie Varghese – Mathematics
4) Mr. Lopez Mathew – Chemistry
5) Smt. Suni George J. – Economics
6) Smt. Anila E. I. – Physics

**4. Request for relieving from service:**

Smt. R. B. Sarala, Department of English was relieved from Service from 31-5-1987 at her own request.

**5. Request for leave:**

Dr. P. M. Rajan Gurukkal has taken leave from the college and joined as Assistant Professor in the Centre for Historical Studies, Jawaharlal Nehru University. I wish him all the best in his career at Jawaharlal Nehru University.

**6 Retirement**

Dr. M. V. Kurien, Head of the Department of Economics will be retiring on 31-5-1988 after 30 years of meritorious service in this college. I wish to express our deep appreciation and gratitude to Dr. M. V. Kurien for his very sincere and devoted service in the college. I wish him a very happy and peaceful life after his retirement.

**7. Faculty Improvement Programmes:**

Sri. Anil Kumar Uttam has completed his M. Phil. course in Hindi under the F. I. P. of U. G. C. at Calicut University. Sri. P. J. Cherian, Lecturer in History is continuing his research for Ph. D. in the Calicut University. Sri. T. Thomas Philip, Lecturer in Zoology has completed his research for Ph. D. in the University of Guelph, Ontario, Canada. Sri. K. P. Unnikrishnan, Lecturer in Chemistry has rejoined duty after completing his M. Phil. course in Chemistry under the F. I. P. of the U. G. C. Prof: Mathew Koshy and Prof: P. C. Cherian have joined the University of Cochin for their M. Phil. course in Mathematics under the F. I. P. of the U. G. C. Sri. Raju K. John has joined the M. Phil. course in Physics in the University of Cochin under the F. I. P. of the U. G. C. Prof: C. J. Thomas has completed the M. B. A. course at Cochin University of Science and Technology and has secured first class and second rank in the University.

Sri. Varghese John, Department of English has been awarded M. Phil. Degree by the University of Calicut. He has been placed in first class. Smt. A. C. Ushadevi Kunjamma, Department of Mathematics has been awarded the M. Phil. degree by the University of Delhi. She secured first rank with distinction marks.

## The College Union:

This year's College Union has promised to raise an amount for erecting a name board for the college over the main gate.

I wish to express my sincere gratitude to the members of the College Union Executive Committee and to the Staff Advisor for their co-operation and understanding which enabled me to maintain proper discipline in the college campus.

## Entrepreneurship Programme

Prof: K. George Thomas was the Co-ordinator of the programme. Our college is one among the 25 higher educational institutions in India, and the only one from Kerala, selected by the Dept. of Science and Technology, Govt. of India for the entrepreneurship programme. The purpose of the programme is to identify and select by aptitude test 75 undergraduate Science students who possess the needed initiative, drive and enthusiasm to start their own enterprises. For the prupose, an entrepreneurship awareness camp was held from September 8 to 11, 1987 in the college for 75 science students studying in the second year degree classes.

## Old Students Day Celebrations :

The annual reunion of old students and friends of Union Christian College, Alwaye was held on Saturday, November 14, 1987. Dr. Vincent Panikulangara talked on "Accountability in Public life and Democratic set up in India". A few participants spoke on the theme. The Rev. Thomas Ninan preached in the thanksgiving service held in the College Chapel. In the public meeting held in the afternoon, Dr. Jacob John, Christian Medical College, Vellore, presided. Sri. P. N. Prasad, Sri. Philip C. Koshy and Sri. P. Venugopal recollected and shared the memories of their days in the Alma Mater. The rank holders in the Gandhiji University Examinations of April/May 1987 were felicitated during the public meeting.

## Local Chapters of Alumni Association :

One of the significant achievements in recent years is the inauguration of local chapters of the U. C. College Alumni Association. Meetings of old students of U. C. College residing in and around centres such as North Parur, Ernakulam, Madras and Bangalore were arranged. The Ernakulam, Madras and Bangalore Chapters were recently inaugurated by the Principal. I am very happy to state that there was very great enthusiasm on the part of the old students to participate in these meetings. A meeting of the old students of U. C. College residing in and around Tiruvalla is proposed to be held on Saturday April 9, 1988 Similar meetings are being planned to be held at Kottayam and Trivandrum also in the coming months.

## UBCHEA Projects :

The following projects were done during 1987-88 with the help of the block grant received from the United Board for Christian Higher Education In Asia.

1. **One day programme for Post-graduate students**
2. **Consultation of Senior Friends on 'Concerns of the SCM'**
3. **Annual Camp of the Student Christian Fellowship**

The Annual Camp of the Student Christian Fellowship was held from January 8 to 10, 1988 at the Y. M. C. A. Camp Site, Alwaye.

4. **Guidance Bureau**

The Guidance Bureau functioned in the College by providing career literature to students.

5. **Nature Action Group**

The U. C. College Nature Action Group is registered with the World Wildlife Fund, India. There are twenty students and four teachers in the group.

The club could procure 25 haversacks for field trips with the assistance of UBCHEA block grant.

6. **The Computer Club :**

## Religious Activities :

The Rev. K. V. Varkey continued as College Chaplain during the year 1987-88. He was giving leadership in organising Bible study groups and prayer groups in college hostels, morning worship for staff and students on working days and united evening service on Sundays in addition to offering counselling service to staff members and students. He has also been helping in the activities of the Student Christian Movement.

An Ecumenical Convention was held in the College Chapel from November 19 to 22, 1987 at which the Rev. Mathew of the Church of South India, Pallom and the Rev. P. S. Daniel of the Mar Thoma Theological Seminary, Kottayam, were the main speakers.

The Christmas Carol Service was held in the College Chapel at 6.15 p.m on Sunday December 6, 1987. The Rev. Fr. T. J. Joshua of the Orthodox Theological Seminary, Kottayam gave the Christmas message. We are very much gratefuul to the Rev. Fr. Justin Pandackal of the Mangalapuza Seminary for training our choir in singing. Prof. Abraham Mathew was the Convener of the Committee for religious activities.

## S. C. F.

About 100 students were registered as members of the S. C. F. There were meetings in the Chapel between 1 p.m. and 1.45 p.m. on all Fridays and the time was used for singing, praying and for special programmes such as Bible quiz, talks, discussions etc. The Rev. K. V. Varkey, the Rev. Thomas John, Prof. Jacob Koshy, Prof. P. M. Varkey, Prof. A. B. George, Prof E. Mukundan, Mr. Roy and Miss Alice Varkey talked on different topics. The Book "Oneness with God" by L. P Larson was selected for discussion in the 'Bible Circles.' A one-day conference was held on October 10, 1987 in the College Chapel. The theme of the conference was, "Why should I be a Christian?" About 50 students and many teachers attended the conference.

## Reception for Dr. M. G. Sarangadharan :

A reception was arranged to felicitate Dr. M. G. Sarangadharan, Director, Department of Cell Biology, Bionetics Research Inc., U. S. A. an old student of the college, on Monday, November 30, 1987. He gave an informative talk about 'AIDS Virus' on which he has been doing important research work and has published several papers.

## Visits :

The Rev. Dr. Paul Lauby, President, United Board for Christian Higher Education in Asia and the Rev. Dr. P. T. Chandi who is in charge of India programme visited the college on February 24 and 25, 1988 and they were greatly impressed by the activities in the college.

Dr. U. R. Anantha Moorthi, Vice Chancellor of Mahatma Gandhi University visited our College on Monday, March 14, 1988. Dr. Anantha Moorthi received a very good impression about the College.

## Conclusion :

I wish to conclude this report by expressing my gratitude to God Almighty for His wonderful care and guidance during the last academic year. I am grateful to the Manager, Prof. C. T. Banjamin, the College Council, the Governing Body/the Executive Committee, the Staff Council the College Fellowship, the staff and the students of the College for their helpful co-operation.

Dr. C. Joyce Mathew,
Principal.

March 22, 1988.

# മേച്ചിൽപ്പുറങ്ങൾ

അസ്വസ്ഥത
നീലവേരുകളായിപ്പടരുന്ന
ഈ മുററത്ത്
ഞാൻ വീണ്ടും സന്ദർശകനായെത്തുന്നു.

വർഷങ്ങൾ തോറും
ആർക്ക വേണ്ടിയോ ഇലപൊഴിയ്ക്കുന്ന,
പിന്നെ തളിർത്തുലയുന്ന
ജ്ഞാനവൃദ്ധരായ
വൃക്ഷങ്ങളെ കാണുന്നു..................
ശിഖരങ്ങളിൽ തഴകി
പ്രാക്കചൊല്ലിയലയുന്ന
ഏപ്രിൽ മാസത്തിൻെറ
ഗദ്ഗദങ്ങൾ ഏററവാങ്ങുന്നു..................

രഹസ്യമോഹങ്ങൾ ജടിലമാക്കിയ
കൗമാരങ്ങൾക്കായി
പൊടി പറത്തിപ്പായുന്ന
''മാരുതി''കളെയും
''ഡോൾഫിന''കളേയും കാണുന്നു..................
ഓർമ്മത്തെററുകളുടെ
പരിവേഷങ്ങൾക്കായി
നിറഞ്ഞുപതയുന്ന പാനപാത്രങ്ങളിൽ
ആദിപാപമുഹൂർത്തത്തിൻെറ
ഗന്ധമറിയുന്നു..................

അന്നന്നത്തെ സല്ലാപങ്ങൾക്കവേണ്ടി
തലേന്ന് കീറിപ്പറിഞ്ഞു വികൃതമായ
മുഖം മൂടിയുപേക്ഷിച്ച്
പുതിയതൊന്നു ധരിക്കാൻ ബദ്ധപ്പെടുന്ന
നാഗരിക ലാവണ്യങ്ങളുടെ
കാപട്യം കാണുന്നു..................
മനസ്സിലപ്പോൾ
നഗരത്തിൻെറ നിശാഗോപുരങ്ങളിലെ
ഏകാന്തമായ ഇരുട്ടറയിൽ



**വേണു കെ. ബി.**
Class II English

''ഓർഗാസ''ത്തിലമർന്നിരിക്കെത്തന്നെ
പ്രതിഫലം തിട്ടപ്പെടുത്തുന്ന
നിശാലാവണ്യങ്ങളുടെ
മുഖപ്രസാദം തെളിയുന്നു...............

ദുർഗ്ഗന്ധം വമിക്കുന്ന തെരുവിൽനിന്ന്
ചുവന്ന പനിനീർപ്പൂക്കൾ തിരയുന്ന
കാമുകനെയും,
അരികിൽ
പ്രേമത്തിൻെറ ഊഷ്മള സുഗന്ധം തേടാനെന്നപോലെ
വികൃതമായി
മൂക്കവിടർത്തി നിൽക്കുന്ന
കാമുകിയെയും കാണുന്നു..................
വികാരശൂന്യങ്ങളായ അവധിക്കാലങ്ങൾക്കുവേണ്ടി.
നേരത്തെ കൂട്ടി
ഓട്ടോഗ്രാഫിൽ സ്നേഹം കരുതിവെയ്ക്കാൻ
പുൽത്തകിടികളിൽ മേഞ്ഞുനടക്കുകയും
പടവുകൾ കയറിയിറങ്ങുകയും ചെയ്യുന്ന
കഥയില്ലാത്ത പെൺകുട്ടികളെക്കാണുന്നു...............

ഉറക്കം തൂങ്ങുന്ന കണ്ണുകളെ അവഗണിച്ച്
ചരിത്രത്തോടും, സാഹിത്യത്തോടും
ഗൂഢമായി പിറുപിറുത്തുകൊണ്ടിരിക്കുന്ന
നിസ്സഹായരായ അദ്ധ്യാപകരെ കാണുന്നു...............
വർഷങ്ങൾ തീർത്ത ചിതൽപ്പുററുകളിൽ
ഒരു സുഷിരംപോലും നിർമ്മിക്കാൻ കഴിയാതെ
പിടഞ്ഞു മരിച്ചുകൊണ്ടിരിക്കുന്ന
പീഡിതരായ പുസ്തകപ്പുഴുക്കളെ കാണുന്നു...............

വിശക്കുന്നവനെപ്പററിയും,
പ്രകൃതിയുടെ നിത്യദാഹങ്ങളെപ്പററിയും
പറയാൻ തുടങ്ങുന്നവരുടെ
തീപാറുന്ന കണ്ണുകൾ
എണ്ണിയാലൊടുങ്ങാത്ത ഈ പടവുകളുടെ
നിഗൂഢതകളിൽ വച്ച്
പതിവായി
കത്തിയുടക്കുന്ന അന്തേവാസികളെ കാണുന്നു...............

താളിയോലകൾ
ഗ്രന്ഥശാലയുടെ മാറാലയ്ക്കിടയിലൂടെ
തിരിച്ചറിഞ്ഞ
കാലത്തിൻെറയും,
ചരിത്രത്തിൻെറയും,
ഒററുകാരൻെറ പേടിച്ചരണ്ട മുഖംകാണുന്നു...............

ആലസ്യത്തിലമർന്ന സുഖനിമിഷങ്ങളുടെ
എള്ളെണ്ണ മണവും പേറി
ആദ്യചുംബനത്തിൻെറ നിലാപ്പൊട്ടുകൾ
പതുങ്ങിയിരിക്കുന്ന



ഇടനാഴികളിലൂടെയലയുന്നു................
മഹാഗണിയിലകൾ വേനൽ മഴപോലെ പൊഴിയുമ്പോൾ
നിഷ്കളങ്ക രഹസ്യങ്ങൾക്കുനേരെ തുറിച്ചുനോക്കുന്ന
മഞ്ഞക്കണ്ണുകൾ കാണുന്നു....................

കണ്ണുകൾ കണ്ണുകളെ കീഴടക്കുന്നു...................
മസ്തിഷ്കത്തിൽ ഒരു ചിലന്തി വലവിരിയ്ക്കുന്നു...........
മച്ചറക്കുള്ളിൽ കടവാതിലുകൾ
ചിറകടിയിലൂടെ മൃതിതാളം പകരുന്നു............
പ്രാവുകൾ തുരത്തിയോടിക്കപ്പെടുന്നു............
തൂവലുകൾ വിശുദ്ധരക്തത്തിൽ കുതിരുന്നു............
കൂർത്ത മുനകൾ നെഞ്ചുകീറുന്നു............
കളങ്ങൾ കോറിവരയ്ക്കുന്നു...........
ഞരമ്പുകൾ കീറുന്നു................
നോവ് പടന്നിറങ്ങുന്നു................
ചിലന്തി വലനെയ്തുകഴിഞ്ഞിരിക്കുന്നു................
മൃതിതാളം മുറുകിയിരിക്കുന്നു................
കണ്ണുകൾ കാണുവാനും
കാതുകൾ കേൾക്കുവാനും
നാസാദ്വാരങ്ങൾ ഗന്ധമറിയാനും
മറന്നു പോയിരിക്കുന്നു...................
ഇതാ—
സ്വാതന്ത്ര്യം
സീമയററ ഒരു തടവറയായിരിക്കുന്നു.
യാത്രികൻെറ നിശ്ശബ്ദവേദനയോടെ
ഞാനും
ഇതിലെ
അന്തേവാസിയാകുന്നു...................


With best compliments from :-

Phone : 4874

CARDINAL FLOORINGS
MANGALAPUZHA, ALWAYE-3

*Dealer* :- MOSAIC CHIPS, MARBLE, CUDAPPAH STONE, GRANITE Etc, Etc.

WE UNDERTAKE FLOORING WORK.


# ഒരു നദികൂടി മരിക്കുമോ......?

ഇന്ന് ഒരു നദിയുടെ കരയിൽ പോയി നമുക്ക് ഒത്തിരിനേരം ഇരിക്കാം.

എന്നിട്ടൊരു നെടുവീർപ്പിടാം.

പണ്ടെന്നോ അടിമുടി ഹരിതാഭമായിരുന്ന നമ്മുടെ കേരളക്കരയിലെ അവശേഷിക്കുന്ന നീർച്ചാലുകളെയും ബാക്കി നിൽക്കുന്ന മരങ്ങളേയും നോക്കി ചിലർ നീററലനുഭവിക്കുന്ന നാളുകളാണല്ലോ ഇത്.

ആ ചിലരിൽ ഒരാളാണോ താങ്കൾ ?

ആണെങ്കിൽ സുഹൃത്തേ വരു. ഈ നദിയുടെ കരയിൽ അല്പമൊന്നിരിക്കു.



ഈ നദിക്കരയിൽ ഒരല്പനേരം തങ്ങാം. നാളെ കാണാതാവാൻ പോകുന്ന മറെറാരു നദിയുടെ കണ്ണീരിൽ നനഞ്ഞ കരയിൽ.



കേരളത്തിലെ പ്രധാന നദികളിലൊന്നായ ചാലക്കുടിപ്പുഴ, പറമ്പിക്കുളം, ഷോളയാർ, കാരപ്പാറ, കരിയാർകുട്ടി, ആനമല, മുതിരച്ചാൽ എന്നീ ചെറുനദികൾ ചേർന്ന് ഒന്നാകുന്ന പുഴ. ഈ പുഴയിലാണ് ദക്ഷിണേന്ത്യയിലെ ഏററവും വലുതും മനോഹരവുമെന്ന് വിശേഷിപ്പിക്കപ്പെടുന്ന അതിരപ്പിള്ളി ജലപാതം.

തമിഴ്നാട്ടിൽ നിന്നുറവയെടുത്ത് നമ്മുടെ കിഴക്കൻ കാടുകളിലൂടെ ഒഴുകി തൃശ്ശൂരിലെ മുകുന്ദപുരം പ്രദേശങ്ങളെ സമ്പന്നമാക്കുന്ന പുഴ. തരംഗമാലകളായി പാറക്കൂട്ടങ്ങളെ തഴുകി ഒഴുകുന്ന മനോഹരിയായ വാഴച്ചാലും ഇതേ പുഴയിലാണ്.

പക്ഷേ നിങ്ങൾക്കറിയാമോ നാളെ മിക്കവാറും ഈ പുഴ ഇങ്ങനെ ഇതിലെ ഒഴുകില്ല. വൈദ്യുതി ബോർഡിൻെറ കഴുകൻ കണ്ണുകൾ ഈ നദിയിലും ഉടക്കിയിരിക്കുന്നു.

ആദ്യമായല്ല. ഇപ്പോൾതന്നെ മൂന്നു വൻകിട ജലവൈദ്യുത പദ്ധതികൾ ഈ പുഴയിലുണ്ട്.

മൂന്ന് പദ്ധതികൾ ചേർന്ന് ഞെരുക്കിയശേഷവും മായാത്ത മന്ദഹാസവുമായി വർഷങ്ങളായി ഒഴുകുകയായിരുന്നു ചാലക്കുടിപ്പുഴ. പക്ഷെ, വീണ്ടും ഇതാ ഭീഷണി. വൈദ്യുതി ബോർഡിൻെറ തുളച്ചു കയറുന്ന കണ്ണുകൾ പ്രധാനമായും പതിഞ്ഞിരിക്കുന്നത് അതിരപ്പിള്ളിയിലാണ്.

നാല് ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഈ പുഴയിൽ നടപ്പാക്കാൻ ബോർഡ് തീരുമാനിച്ചിരിക്കുന്നത്. ഇവ പൂർത്തിയാകുന്നതോടെ ചാലക്കുടിപ്പുഴയും മണ്ണിനടിയിലേക്ക് യാത്രയാവും. ഇപ്പോൾതന്നെ മൂന്നു പദ്ധതികളുടെ ജലസംഭരണികൾ നിറക്കേണ്ട ഈ പുഴയ്ക്ക് നാല് പദ്ധതികൾ കൂടി താങ്ങാൻ സാധിക്കില്ലതന്നെ.

'ചാലക്കുടി ബേസിൻ സ്റ്റേജ്-2 ജലവൈദ്യുത പദ്ധതി' എന്ന വമ്പനാണ് പ്രധാന ഭീഷണി. ഇതിന് കീഴിൽ രണ്ടു പദ്ധതികളുണ്ട്. അതിരപ്പിള്ളിയും പെരിങ്ങൽക്കുത്ത് വലതുകരയും. ഈ രണ്ടു പദ്ധതികൾക്കും കൂടി മൂന്നു കി. മീറ്റർ ദൂരം മല തുരക്കേണ്ടിവരും.

### തയ്യാറാക്കിയത്-ബാബുരാജ്

നിലവിലുള്ള പെരിങ്ങൽകുത്ത് ഡാമിൽ നിന്ന് നാലു കി. മീറ്റർ അകലെ ഒരുക്കൊമ്പനിലാണ് വലതുകര പദ്ധതി സ്ഥാപിക്കാനുദ്ദേശിക്കുന്നത്. തമിഴ്നാട്ടിലെ ഷോളയാറിൽ നിന്നുത്ഭവിക്കുന്ന ഷോളയാർ നദിയും നെല്ലിയാമ്പതിയിൽ നിന്ന് പിറക്കുന്ന മാതുവരമ്പാൽ നദിയും ഒരുക്കൊമ്പനിൽ വച്ച് ചാലക്കുടിപ്പുഴയോട് ചേരുന്നിടത്ത് രാക്ഷസൻ ഉയരും. ഇവിടെ തടയപ്പെടുന്ന വെള്ളം മൂന്നു കി. മീറ്റർ ദൂരം മല തുറന്ന് വലതുകരയിൽ സ്ഥാപിക്കപ്പെടുന്ന വൈദ്യുതി നിലയത്തിലെത്തിക്കുന്നു.

ഈ പദ്ധതിക്കാവശ്യമായ മൂന്ന് കി.മീറ്റർ നീളമുള്ള പവർടണലും 655 മീറ്റർ നീളമുള്ള പെൻസ്റ്റോക്കും സ്ഥാപിക്കാൻ ഒരുക്കൊമ്പൻ പെരിങ്ങൽകുത്ത് വലതുകര ഭാഗത്തെ 500 ഏക്കറോളം നിത്യഹരിതവനം ബലികൊടുക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

പറമ്പിക്കുളത്തെ കേന്ദ്ര വന്യമൃഗസംരക്ഷണ കേന്ദ്രത്തോട് ചേർന്നുള്ള 500 ഏക്കറോളം വനമാണ് വലതുകര പദ്ധതിമൂലം തീർന്നുപോവുക. ഈ കാടുകളിൽ കണ്ടുവരുന്ന ആന, പുലി, കാട്ടുപോത്ത്, മാൻ, മ്ളാവ്, പന്നി, ചെന്നായ, കരിങ്കുരങ്ങ്, മലയണ്ണാൻ, കാട്ടുകോഴി, കേഴ, മലമുഴക്കി വേഴാമ്പൽ, മയിൽ, കൃഷ്ണപ്പരുന്ത് തുടങ്ങിയ അപൂർവ്വം മൃഗ-പക്ഷിഗണങ്ങൾ ഏന്നേക്കുമായി കൂട്ടത്തോടെ നശിച്ചുപോകും. പെരിങ്ങൽക്കുത്ത് ഡാമിന് ഏതാനും കിലോമീറ്ററുകൾ താഴെ വാഴച്ചാലിൽ അണകെട്ടി മൂന്ന് കി. മീറ്റർ ദൂരം മല തുരന്ന് കണ്ണംകുഴിയിൽ സ്ഥാപിക്കപ്പെടുന്ന വൈദ്യുതി നിലയത്തിൽ വെള്ളമെത്തിച്ച് ...ശക്തി ഉല്പാദിപ്പിക്കുകയാണ് അതിരപ്പ... പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 481 ദശലക്ഷ... ണിററ് വൈദ്യുതി ബോർഡ് പ്രതീക്ഷ... അതിരപ്പിള്ളി പദ്ധതിക്കായി വാഴച്ചാലി... ണ നിർമ്മിക്കുന്നതോടെ അതിരപ്പിള്ളി വാഴ... ജലപാതങ്ങൾ എന്നെന്നേക്കുമായി. നമ്മുടെ... ദിവസേന ആയിരക്കണക്കിന് സന്ദർശക... ന്ന ലാവണ്യ കേന്ദ്രങ്ങൾ കൂടിയാണ് ഈ ജല... ങ്ങൾ.



മനോഹരമായ വാഴച്ചാൽ വെള്ളച്ചാട്...

– ഇനി ആരും വരേണ്ടതില്ല.

വാഴച്ചാലിൽ വെള്ളം തടയപ്പെടുന്ന... താഴെ കണ്ണംകുഴി വരെയുള്ള ആറു കി. മീററ... ജലപ്രവാഹം വററി വരളും. അങ്ങനെ ഒരു പു... മരിക്കും. അല്ല, ഒരു പുഴയെക്കൂടി നാം കൊല്ലു...

00

അതിരപ്പിള്ളിയിലെ വനംവകുപ്പ് ഉ... സ്ഥന്മാരോട് കടപ്പാട്.

കവിത

# ഇലഞ്ഞിത്തണലിൽ

I. J. PRINCE
P D C I Group

ഒരു ഇലഞ്ഞിമരം
എന്റെ ബാല്യത്തിലേക്കു തണൽ വിരിക്കുന്നു.
അന്ന്
ഞങ്ങളിൽ
കുളിരും തണലും പൂക്കളും പെയ്തിലഞ്ഞി,
ഞങ്ങളുടെ കഥപറച്ചിലുകൾക്ക്
കുട പിടിച്ചിരുന്ന ഇലഞ്ഞി

ഇലഞ്ഞിച്ചോട്ടിൽ
ഞങ്ങൾ നാലുപേർ
ഞാൻ
ഓപ്പോൾ
വെളുത്ത ഉടുപ്പുകളിഞ്ഞ പെൺകുട്ടി

പിന്നെ;
ഇലഞ്ഞിത്തണലിൽ
കുഞ്ഞായ് മാറുന്ന മുത്തശ്ശിയും
അന്ന്
ഞങ്ങളുടെ ഉടുപ്പിനും പുസ്തകത്തിനും
ഇലഞ്ഞിപ്പൂവിന്റെ മണമായിരുന്നു
ഞങ്ങളുടെ വായിലെപ്പോഴും
ഇലഞ്ഞിപ്പഴത്തിന്റെ ചവർപ്പായിരുന്നു

ഞങ്ങളുടെ മനസ്സിൽ നിറയെ
മുത്തശ്ശിക്കഥകളായിരുന്നു
സ്വപ്നങ്ങളിൽ നിറയെ
വസന്തം നിറഞ്ഞ ഇലഞ്ഞിയായിരുന്നു

പെൻസിൽ മുറികൾക്കു പകരം
ഇലഞ്ഞിപ്പഴം കൈമാറി
ഞങ്ങൾ ആദ്യത്തെ കച്ചവടം ചെയ്തു
ഞങ്ങളുടെ വിളർത്ത കൈനിറയെ
ഇലഞ്ഞിക്കുരുക്കളായിരുന്നു



ഇലഞ്ഞിച്ചോട്ടിൽ നിറയെ
മൺവീടുകളായിരുന്നു
കല്ലുകളിയുടെ കളങ്ങളായിരുന്നു
എഴുത്താണിയുടെ വരകളായിരുന്നു

ഞങ്ങളുടെ പൊട്ടിച്ചിരികളും
ഊമയായ കരച്ചിലുകളും
ഇലഞ്ഞിച്ചോട് തേടിയിരുന്നു.

പിന്നെ
എന്നോ ഇലഞ്ഞി മുറിച്ചു
ഇലഞ്ഞിത്തണൽ നഷ്ടപ്പെട്ടു
മുത്തശ്ശി മരിച്ചു

വെള്ളയുടുപ്പിട്ട പെൺകുട്ടിയും വരാതായി
എവിടെയോ ബാല്യവും കളഞ്ഞുപോയ്
പക്ഷേ
ഓർമ്മകളിൽ മിഴിയെറിയുമ്പോഴൊക്കെയും
ഇലഞ്ഞിപ്പൂക്കളും
വെള്ളയുടുപ്പുകളും
മുത്തശ്ശിക്കഥകളും
എന്റെ മനസ്സിലേക്ക് പറന്നുവരുന്നു
കിനാവുകളിൽ
ഒരിലഞ്ഞി നിറഞ്ഞുനിൽക്കുന്നു
കരളിലെവിടെയോ ഉടക്കി നിൽക്കുന്ന
തേങ്ങലായി
ഒരിലഞ്ഞി

ഒരസ്പഷ്ടസ്വപ്നമായ്
ഒരു ശോകമായ്
ഒരിലഞ്ഞി
അതിൽ നിറയെപ്പഴങ്ങളാണ്
നിറയെ പൂക്കളാണ്
നിറയെ സ്വപ്നങ്ങളാണ്
അതെ; സ്വപ്നങ്ങൾ പൂക്കുന്ന ഒരിലഞ്ഞി
ഇടയ്ക്ക് –
ഏതെങ്കിലും ഒരു കുട്ടി ചോദിക്കുന്നു
– 'ഈ ഇലഞ്ഞിപ്പൂവ് എങ്ങനത്ത്യാ' ?
'അതോ' , – ഞാൻ പറയും,
'അതൊരു ചെറിയ പൂവാണ്
നിറമില്ലാത്തത്
പക്ഷേ –
നല്ല സുഗന്ധാണ്
– അതെ, നല്ല സുഗന്ധാണ്'





യൂണിയൻ ഉൽഘാടനം :
ശ്രീ. സി. പി. ശ്രീധരൻ



ശ്രീ. മാർക്കോസ്
(ഉണ്ണികളെ ഒരു കഥ പറയാം..............)



ആർട്ട്സ് ക്ലബ്ബ് ഉൽഘാടനം
ശ്രീ. കെ. ജി. മാർക്കോസ്



ആശംസകൾ !
പ്രൊ : എസ്. കെ. വസന്തൻ





ഒ
ന്ന
ചി
രി
ക്കൂ

'ആർട്ട്സ് ഫെസ്റ്റിവൽ' ഉൽഘാടനം — ശ്രീ. മാള അരവിന്ദൻ



പ്രൊ: ജേക്കബ് കോശി
(സ്റ്റാഫ് അഡ്വൈസർ)

സോണററ് പോൾ
(ചെയർമാൻ)

# ശൂന്യാകാശ യാത്രികർ

**എൻ. രവിനാഥ്**
ഒന്നാം വർഷ ചരിത്രം

ചില പഴയ ബ്ലാക്ക് ആൻഡ് വൈററ് സിനിമകളിൽ, സംഭവിച്ച് കണ്ടിരിക്കാവുന്ന, ഒരു സാധാരണ സുപ്രഭാതം, എങ്ങിനെയാണ് നേർരേഖയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ജീവിതത്തോട് കരുണയോടെ പ്രതികരിക്കുക?

പ്രഭാതം മുതൽ സന്ധ്യവരെ, അഞ്ചു പിരീയഡുകളുടേയും, ടൃഷനുകളുടേയും, ചിത്രശലഭച്ചിറകപോലെ നനുത്ത ഒരു പ്രേമത്തിൻേറയും, ഭാരം താങ്ങി നടക്കുന്ന രഘുനന്ദനൻ എന്ന ''ചുമട്ടു തൊഴിലാളിയുടെ'' കഥയിലേക്ക്, ഹൃദയവാനായ വായനക്കാരാ...........നിങ്ങളെന്നോടൊപ്പം നടക്കാമോ? എങ്കിൽ, ഒരു പഴയകാല റൊമാൻറിക് കവിതപോലെ ലളിതമായ ഈ ചോദ്യത്തിൻെറ ഉത്തരം ഒരു മാലാഖയേപ്പോലെ നിങ്ങളിലേക്ക് പറന്നു വരും.

എല്ലാ വീടുകൾക്കും, എല്ലാ കഥകൾക്കും ഉള്ളതുപോലെ, രഘുനന്ദനൻെറ കഥയ്ക്കും, ഒരു പടിപ്പുരയുണ്ട്, പൂമുഖമുണ്ട്. ചെരുപ്പൂരിയിട്ടിട്ട് കയറിവരൂ...... ഇവിടെയിരിക്കുമ്പോൾ വേനലിലെ ആദ്യത്തെ മഴയെന്നതുപോലെ ഒരു കൗമാരം പെയ്ത് തോരുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയും.

എല്ലാ ദിവസവും, ഹിന്ദുപേപ്പറും എല്ലാ മാസവും ''റീഡേഴ്സ് ഡൈജസ്ററും'' വായിക്കുന്നവരടങ്ങിയ ഒരു ഹൗസിങ്ങ് കോളനിയിലായിരുന്നു രഘുനന്ദനൻെറ വീട്. സെക്രട്ടറിയേററിൽ ജോയിൻറ് സെക്രട്ടറിയായ രഘുനന്ദനൻെറ അച്ഛനും, അവൻെറ മാത്രം അമ്മയായ ഒരമ്മയും, ഒരു പഴയ മോഡൽ ഫിയററും, ഒരു പൊമറേനിയൻ പട്ടിയും, അവിടെ താമസിച്ചിരുന്നു. എല്ലാ ദിവസവും, പ്രഭാതത്തിൽ രഘുനന്ദനൻ പാലുവാങ്ങുവാൻ പോകുമായിരുന്നു. ഇന്നും മഞ്ഞുവീണു നനഞ്ഞ കോളനിറോഡിലൂടെ ... ട്ടുത്ത് ബ്രഷുകൾ ഉറക്കമുണർന്നെഴുന്നേൽക്കുന്നതിനും വളരെ മുമ്പു തന്നെ അവൻ പാൽ വാങ്ങുവാൻ പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

രഘുനന്ദനന്, സിനിമാഗാനങ്ങൾ ഇഷ്ടമല്ലായിരുന്നു. രാഗത്തിൻെറ കൊടുമുടികളിലേക്കും താള... ത്തിൻെറ ഗർഭങ്ങളിലേക്കും ഒഴുകിപ്പോകുന്ന 'ഗസല... കൾ' അവൻ കേൾക്കുമായിരുന്നു. ഇപ്പോഴും അവ... ൻെറ ചുണ്ടുകളിൽ നിന്ന്, അനൂപ് ജലോട്ടയുടെ ആരോഹണങ്ങൾ, മഞ്ഞിലേക്കും, ഉറക്കത്തിൻെറ ആലസ്യത്തിലേക്കും, മഴത്തുള്ളികൾപോലെ ഒലി... ച്ചിറങ്ങിക്കൊണ്ടിരിക്കുകയാണ്.

മിൽക്കു ബൂത്തിനും ഹൗസിങ്ങ് കോളനിക്കു... മിടക്കുള്ള 13–ാംനമ്പർ ഇടവഴി. രഘുനന്ദനൻ ഒരി... ക്കലും മറക്കുകയില്ല അവൻെറ കൗമാരം ആദ്യമായി പ്രേമിച്ചതു് അവിടെ വച്ചായിരുന്നു. ഹൃദയമിടിപ്പു... കൾ കൊണ്ടു മാത്രം മനുഷ്യർക്ക് സംസാരിക്കുവാൻ കഴിയുമെന്ന് അവനറിഞ്ഞതും അവിടെ വച്ചായിരുന്നു. അതെ.... 13–ാം നമ്പർ ഇടവഴിയിൽ വച്ച്.

പക്ഷെ, യവനപുരാണങ്ങളിലൂടെ കടന്നുപോ... യാൽ കാണാൻ കഴിയുന്ന ഭീകരമായ ഒരു വ്യാളീ... മുഖമാണ്, മൈലാഞ്ചിയിട്ട വിരലുകൾക്കും, സൂര്യ... പടമുള്ള ഒരു ചുരിദാറിനും പകരം, ഇന്ന് രഘുനന്ദനനെ അങ്ങോട്ട് ആകർഷിച്ചതു്. ധാരാളം സയൻസ് ഫിക്ഷൻ കോമിക്സ് വായിക്കുകയും, E. T. സ്റ്റാർവാഴ്സ് തുടങ്ങിയ അസാധാരണ സിനിമ... കൾ കാണുകയും ചെയ്യിരുന്ന രഘുനന്ദനന് അപരി... ചിതനായ ഈ വ്യാളി ഒരു ശൂന്യാകാശ വാഹനമാ... ണെന്ന് മനസ്സിലായി.

അവനു് ശൂന്യാകാശ വാഹനങ്ങളും ഇഷ്ടമല്ലായിരുന്നു. അവൻ തിരിഞ്ഞു നടന്നു.

പെട്ടെന്നു്, നിമിഷങ്ങളുടെ ഭിന്നാംശങ്ങളിലെവിടെയോ വച്ചു്, വ്യാളിയുടെ വാതായനങ്ങളും തുറക്കപ്പെടുകയും, ഒരു 'ആസ്ട്രലോപ്പിത്തക്കസിന്റെ' അസ്ഥിക്കൂടം പുറത്തു് വന്നു് രഘുനന്ദനനെ ഇപ്രകാരം അഭിവാദ്യം ചെയ്യുകയും ചെയ്തു.

''ഹലോ! രഘുനന്ദനൻ. സുപ്രഭാതം''

ആനന്ദ് പട്‌വർദ്ധന്റെ ''ബോംബെ ഔവർ സിററി''യിൽ ചില ജീവനുള്ള അസ്ഥിക്കൂടങ്ങളെ കാണിച്ചിരുന്നു എന്നു് കേട്ടിരുന്നതല്ലാതെ, ഇപ്രകാരമൊരു രംഗം, ഒന്നാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്ന രഘുനന്ദനൻ, ഇപ്പോളാദ്യമായിട്ടാണു് അനുഭവിക്കുന്നതു്.

പെട്ടെന്നു് രഘുനന്ദനൻ അവന്റെ ''കുട്ടി''യെ കുറിച്ചോർത്തു. സൂര്യപടമുള്ള ചുരിദാറിടുന്ന രഘുനന്ദനന്റെ ''കുട്ടി,'' എന്നും അവനെ കാരുണ്യത്തോടെയും, സ്നേഹത്തോടെയും നോക്കുമായിരുന്നു. അതേ കാരുണ്യവും സ്നേഹവും, അതിന്റെ പ്രാകൃതവും, പരിശുദ്ധവുമായ ഭാവത്തിൽ ഇപ്പോൾ രഘുനന്ദനൻ ആസ്ട്രലോപ്പിത്തക്കസിന്റെ അസ്ഥിക്കൂടത്തിന്റെ കണ്ണുകളിൽ നിന്നും ഉൾക്കൊള്ളുകയാണു്.

അവൻ, അതിശക്തമായി നടുങ്ങി വിറച്ചു. കർമ്മ ബന്ധങ്ങളുടേയും, കർമ്മ നിയമങ്ങളുടേയും, അനാദിയായ സാദ്ധ്യതകൾ, ബോധത്തിന്റെ സാന്ധ്യചാരങ്ങളിൽ, കലങ്ങി തെളിഞ്ഞ ഓർമ്മകൾ പോലെ രഘുനന്ദനനിലേക്ക് തലചായ്ച്ചു. ഒരു പാടു പല്ലുകൾ ബ്രഷ് ചെയ്യപ്പെടുന്ന ശബ്ദങ്ങളോടൊപ്പം, അല്പ സമയത്തിനുള്ളിൽ തന്റെ വിറയ്ക്കുന്ന ശരീരവും താങ്ങി രഘുനന്ദനൻ 'ആ ശൂന്യാകാശവാഹനത്തിലേക്ക ഒഴകിയിറങ്ങി.

സമയത്തിന്റേയും, സ്ഥലത്തിന്റേയും, മാനദണ്ഡങ്ങളിൽ നിന്നു്, പെട്ടെന്നു് ഒരു ശബ്ദത്തോടെ 'വ്യാളി' കുതിച്ചുയർന്നു. കരുണ നിറഞ്ഞ കണ്ണുകളുള്ളവൻ രഘുനന്ദനനു് വളരെ മുൻപിൽ വ്യാളിയുടെ ചെവി മടക്കുകളിലെവിടെയോ മറഞ്ഞു. അവർ ശൂന്യാകാശത്തിലേക്ക് യാത്രയായിരിക്കുന്നു.

പൊടുന്നനെ, പരിചിതമായ ഒരു ദുർഗന്ധം, രഘുനന്ദനനു് അനുഭവപ്പെട്ടു. ക്ലാസ് മുറികളുടേയും, കാമ്പസിന്റെയും മണം. മടപ്പിന്റേയും, നിർവികാരതയുടേയും മണം. വെയിലിന്റേയും, വിയർപ്പിന്റേയും മണം. അസഹ്യതയോടെ അവൻ തിരിഞ്ഞു നോക്കി. പുറകിൽ.... വളരെ പുറകിൽ.... ഇരുളിൽ നിന്നു്, രഘുനന്ദനന്റെ കെമിസ്ട്രി പ്രൊഫസറും ഫിസിക്സ് ലക്ചററും, മാത്തമാററിക്സ് പ്രൊഫസറും അവനെ നോക്കി ചിരിച്ചു.

രഘുനന്ദനൻ എല്ലാമറിഞ്ഞു. ''തങ്ങളെല്ലാവരും ശൂന്യാകാശത്തിലേക്ക് പോവുന്നവരാണ്'', ആ അറിവിന്റെ തീവ്രമായ പ്രകാശത്തിൽ അവൻ വീണ്ടും നടുങ്ങി.

> കണ്ണുകളിൽ കാരുണ്യത്തിന്റെ ഉറവകളുള്ള അസ്ഥിക്കൂടം.
>
> വ്യാളീമുഖമുള്ള ആകാശ വാഹനം.
>
> ഇരുട്ടു്............... തണുപ്പു്.

'വണ്ടി നിറുത്തു്.... ആളിറങ്ങണം.' അവൻ ഉറക്കെ അലറി. കരുണയുടെ അവസാന ജാലകങ്ങളും, മരിക്കുന്നവന്റെ മിഴികൾ എന്ന പോലെ തിരുമ്മിയടഞ്ഞു. ഉറക്കത്തിൽ നിന്നു് ഉണർച്ചയിലേക്ക് എന്ന പോലെ 13-ാം നമ്പർ ഇടവഴിയുടെ സ്നിഗ്ദ്ധതകളിലേക്ക് വാഹനം തെന്നിവീണു.

ഇരുട്ടിന്റെയും, അപരിചിതത്വത്തിന്റേയും ചിലന്തിവലകളിൽ നിന്നു്, വ്യാളിയുടെ വാതിൽ തുറന്നു് പ്രഭാതം 8-A.M. ലേക്കു് രഘുനന്ദനൻ ഇറങ്ങിവന്നു.

പാൽപ്പാത്രവുമായി, പാതി വെന്ത ഹൃദയവുമായി, 13-ാം നമ്പർ ഇടവഴിയും കഴിഞ്ഞു്, 17-ാമത്തെ വിളക്കുകാലുംകഴിഞ്ഞു്.... നിലത്തിന്റെ സ്നേഹവാത്സല്യങ്ങളിലേക്കു് അവൻ നടന്നു പോയി.

പ്രിയപ്പെട്ട വായനക്കാരാ.......നാമും, തിരിച്ചു നടക്കുവാൻ പോവുകയാണു്. വ്യാളിയും, അസ്ഥിക്കൂടവും, നമ്മുടെ വിഷയങ്ങളല്ലല്ലോ!, നിങ്ങളുടെ വാച്ചിൽ സമയം 11.30 A.M.ൽ കൂടിയിട്ടുണ്ടെങ്കിൽ അവ തിരിച്ചു വയ്ക്കുക.

11.30 - A. M.

എപ്പോഴേ.... പാലു മേടിച്ചു കൊടുത്തു് രഘുനന്ദനൻ കോളേജിലേക്ക് പോയി കഴിഞ്ഞിരിക്കുന്നു. അവൻ ഇപ്പോൾ പൂർണ്ണമായും ശൂന്യാകാശത്തിലാണു്. വ്യാളിക്കും, അസ്ഥിക്കൂടത്തിനും, വളരെ മുകളിൽ. ആകാശ ഗംഗകൾക്കും, ബ്ലാക് ഹോളുകൾക്കുമിടയിൽ. കാരണങ്ങളുടെ ബന്ധങ്ങളില്ലാതെ രഘുനന്ദനൻ പറന്നു നടക്കുന്നു. ജലാംശം നഷ്ടപ്പെട്ട അവന്റെ ദുർബലമായ ശരീരം, പുല്ലുകൾക്കിടയിൽ ഒരു പദപ്രശ്നം പോലെ വിശ്രമിക്കുകയാണു്. സൂര്യരശ്മികളേററു് കിടക്കുന്ന ആ ശരീരത്തിനു് സംസാരിക്കുവാൻ കഴിയുമെങ്കിൽ, അതു് നിങ്ങളോടിപ്പോൾ, സൂര്യപടമിട്ട ഒരു പെൺകുട്ടിയെപ്പററി ഒരു പാടു പറഞ്ഞേനെ.

നിൽക്കൂ,

'എന്തുകൊണ്ടാണു്, വ്യാളിയിലേറി രഘുനന്ദനൻ ശൂന്യാകാശത്തു് പോകാതിരുന്നതു്'' എന്നല്ലേ നിങ്ങൾ ചോദിക്കുവാൻ തുടങ്ങുന്നതു് ? മൂന്നു പ്രൊഫസർമാർ ശൂന്യാകാശത്തിൽ പോയാൽ ലഭിക്കുന്ന മൂന്നു ഫ്രീ - പീരിയഡുകളെക്കുറിച്ചു് ഒന്നാം വർഷ പ്രീ ഡിഗ്രി വിദ്യാർത്ഥിയായ രഘുനന്ദനനു് അറിയാമായിരുന്നു എന്നതാണതിനുത്തരം.

മാത്രമല്ല,

മൂന്നു ഫ്രീ - പീരിയഡുകൾ കൊണ്ടു്, വെറും മൂന്നു രൂപയ്ക്കു് എങ്ങിനെ ഒരു മനസ്സിനു് അതിന്റെ ശരീരത്തിൽ നിന്നും ശൂന്യാകാശത്തിലേക്ക് രക്ഷപ്പെടാൻ കഴിയുമെന്നും അവനറിയാമായിരുന്നു.

നിൽക്കു, പോകാൻ വരട്ടെ, ഒരുപാടു സിനിമകൾ കണ്ടു് മനസ്സു ദ്രവിച്ചു പോയ നല്ലവരായ മനുഷ്യർക്കു് വേണ്ടി അവസാനമായൊന്നു കൂടി........

ഇതു് പാലു വാങ്ങുവാൻ പോയ ഒരു പതിനാറുകാരന്റെ ജീവിതത്തിൽ നിന്നുള്ള ഒരു സെന്റിമെന്ററൽ ഔട്ട്പുട്ടല്ല.

മറിച്ചു്............

ഒരു ബ്ലാക്ക് ആന്റെ വൈററ് പ്രഭാതത്തിനു് എങ്ങനെ മനുഷ്യമനസ്സുകളോടു് കരുണയോടെ പ്രതികരിക്കുവാൻ കഴിയും എന്നുള്ളതിന്റെ ഒരു സാക്ഷി പത്രം മാത്രമാണു്.




With best compliments from :



**BEST - O - PLAST INDUSTRIES**

Kuzhikkattil Buildings

Sub - Jail Road

ALWAYE - 683 101

Phone : 5122

Grams : TAMSGROUP

Best compliments from :

**S. N. TILES**

ALWAYE

PHONE : 4327
3126

# FREEDOM

The roaring of the waves, the tumult within
Gushing tears from the depths of the heart cleaning and purifying.

The ego's natural death and
Then the perfect calm of the sea.
Freedom ! From the vicious hell of illusion.

Time and space has held thee bound
Break off the bonds for,
You are eternal, everpeaceful.

Light the lamp within
With the wick of 'self-knowledge'
Burn in all thy brilliance.

Open thy inner eye and
Lift the veil of thoughts
Seek your sanctum, where burns
The inextinguishable flame.

Dive deep in the cool waters of thy real nature -
Discover the priceless gem
of bliss, of Absolute Reality.

Grow wings of Freedom,
You are the master of the world
The pivot around which life revolves.

**Nirmala**
III B. A. (Economics)


*For:*

1) Top quality colour prints. (Post card size to life size)
2) Video coverage with computer titles.
3) Flash photos with special size prints.
4) Photo & document lamination.
5) One minute passport colour photos.
6) Tamper proof identity badges for Companys & Schools.

*The first and formost colour lab aiming at quality*

ARUNS COLORAMA
( Kerala's first automatic Comp. Colour Lab )
PALLIMUKKU JN.
ERNAKULAM

PHONE : 362289


## COLLEGE TEAMS



BASKET BALL (Men)



CRICKET (Men)



BASKET BALL (Women)



VOLLEY BALL (Men)

## COLLEGE TEAMS



FOOT BALL



HOCKEY (Men)



HOCKEY (Women)

**Women's Hockey Team**



Represented the Mahatma Gandhi University which won the All India Inter University Hockey Tournament, South Zone Hockey Tournament and Junior National Championship.

# NATIONAL SERVICE SCHEME

# REPORT OF ACTIVITIES 1987-'88

## UNIT No. 52

**Programme Officers :-**

Prof : K. K. Abraham and Mr. Varghese Mathew

**Volunteer Secretaries :-**

Mr. V. S. Kunjumuhammed,
Mr. A. Sreekumar
Mr. T. K. Mohamed Sageer



Sri. B. R. K. Raju presenting the Dr. Moses ever rolling trophy for the best unit.

**Group Leaders :-**

1. Abdul Jaleel T. S.
2. Suresh Kumar K. R.
3. Vinu Alias
4. Jolly V. P.
5. Madhusoodanan M. G.
6. Shainu P. K.
7. Sarina Jose
8. Vasanthy K. V.
9. Geetha K. K.

The N. S. S. activities for the year was formally inaugurated by the Principal, Dr. C. Joyce Mathew on 18-7-1987.

Orientation classes were held for new members. We clebrated the 'Vana Mahotsava' by planting and distributing about 20,000 plants. We also conducted a Socio Economic Survey at Panaikulam, Neerikkode, Muppathadam, Karumalloor and Veliyathunadu.

**University Level Camps:-**

Three University Level camps were conducted by this unit during the year. A Leadership Training Camp for the volunteer leaders from Kottayam and Idukki district was conducted from 18th to 20th September, 1987. Mr. M. V. R. Nair (G. T. N. Textiles) inaugurated the camp. A University Seminar on 'Effective Communication' was held at Renewal Centre, Kalloor. Prof. K. K. Abraham was the director of the camp. The camp was inaugurated by Hon'ble Justice, K. T. Thomas. Another Seminar 'On Peace' was conducted from 30th September to 2nd October, 1987 Prof. P. J. Joseph was the chief resource person. Hon'ble Justice P. C. Balakrishna Menon inaugurated the camp.



Hon'ble Justice
K. T. THOMAS Inaugurates a University Level Camp.

## Mini Camps :-

Two mini camps were conducted. The first camp was held on 28th and 29th November, 1987. The second camp was on 12 and 13 February 1988. The maintenance of roads, literary survey, Rural sports at Community Centre, Kaniankunnu Children's arts festival and beautification of the campus were the main works of the camps.

## Balakalotsava and Inter Collegiate Quiz Competition :-

26 schools participated in the Balakalotsava for the lower primary and upper primary students of the Alwaye educational District. Vidhyadhi Raja Vidhyabhavan English Medium High School, Alwaye won the over-all championship this year also. 28 Colleges participated in the 5th Inter collegiate quiz competition for the K. C. V. K. Raja Memorial ever rolling trophy. The Rajagiri College of Social Science was placed in the first place and Engineering College, Trichur the second.

## University Training Camps :-

M/s. Anitha Gopalakrishnan, Girija K Menon, Vinod M S., Vinod T. K., K. R. Suresh, Geetha K. K., Sarina Jose and Jolly V. P. attended various University level camps. Two work camps were conducted by the University at Chelachuvadu, in Idukki District and Nanthiyattukunnam in Ernakulam District. Mr. M. P. Sreekumar and Mr. Vinod T. K. represented the College in the work camps. A National Integrati Camp was held at Charalkunnu. Mr. V. S. Kunj mohamed and Mr. T. K. Muhammed Sageer parti pated in the camp.

## Visit to Leprosy Hospital, Koratty :-

The volunteers of the Unit with Program Officers visited the Leprosy Sanitorium, Kora Volunteers presented various cultural programmes the patients.

## Study Trip to Mannuthy and Vellanikkara :-

We conducted a study trip to Mannuthy Ag cultural College. The volunteers visited the agric tural farm. Dr. P. Balakrishna Pillai, Professor of College and Dr. Radha, Assistant Professor addres the students and gave new information on farmi We visited Peechi Dam also.



From blood donation camp.

## Blood Grouping and Blood Donation Camp :-

A blood donation and blood grouping camp arranged with the help of I. M. A., Ernakulam 12-2-1988. Dr. Gopinath, Superintendent, Ge Hospital, Dr. Bhaskarakumara Warrier, Deputy Su intendent and Dr. K. S. Govindan, Pathologist also in the team. Blood grouping was done for students and 18 students donated blood to the I. M. blood bank.

The Unit is helping several patients by dona blood. Almost every day people come for ge blood and we are satisfying all people in this respe



Community Centre at Kaniyamkunnu

## N. S. S. Week and N. S S. day :-

The N. S. S. Week was conducted fro 18th to 25th of January 1988. Classes an discussions on various topics like 'Rapport be ween College and Community', 'the relevanc of Vivekananda's teachings today' etc., we held. Prof: C. J. Thomas, Prof: P. D. John Prof: E. Narayanan Nambiar, etc., were the mai speakers. Our main attention during the wee was campaign against smoking, drug addictic and alchoholism. So many posters were exhib ted in the College campus. A demonstratio was also conducted. 25th January, 1988 w celebrated as the N. S. S. Day wearing N. S. badge.

## Mass Education :-

As a part of Functional Literacy Programm kits were distributed to the students. Some vo unteers took up the effort of teaching the illiterate with the help of the kit.

## Special Camping Programme at Parappuram from 18-12-1987 to 27-12-1987:-

Mr. M. V. Mani, M. L. A. inaugurated the Camp at Parappuram on 18-12-1987. The main work was t construction of a road from Parappuram to Tirunarayanapuram through Ayyappadom. Nearly 110 voluntee participated in the camp. Social workers, Professors and Officers of different departments visited the camp a addressed. The construction work of the road has been completed. Saji T. S. (First year Pre-Degree) w selected as the best worker.

## Quiz Programme :-

We had regular quiz programmes on every Friday noon. We could form a good quiz team. A Speakers' Forum is also functioning under N. S. S.

## Other Activities :-

In addition to the Programmes given above the Unit conducted several elocution competitions, essay compet tion, etc. N. S. S. volunteers were the main participants in the population study classes.

Various days of national importance like Indepen lence Day, Republic Day, Literacy Day, etc., we celebrated by the Unit.

## Best Unit Award :-

Union Christian College was awarded the trophy for the best unit on the basis of its activities for 1985-'86 in a special funct- ion arranged in the College on 10th of February, 1988. Dr. C. Joyce Mathew, Principal presided over the function and Prof: B. R. K. Raju (Programme Adviser, N. S. S., Government of India) gave away the award. 1987-'88 was an year with full of activities. We are proud that the message of N. S. S. has reached the students and the local community. We express our sincere thanks to the Principal, Programme Officers, Staff of the College and volunteers for their whole hearted co-operation, genuine interest, social committment and also guidance.

VOLUNTEER SECRETARIES



V. S. Kunjumuhamed A. Sreekumar T. K. Mohamed Sage

Best compliments from :

**Trades Centre**
Market junction
ALWAYE - 603 101
Phone : 4838

Dealers in :

***Kelvinator***

***Refrigerator***




With best compliments from :-

**NATIONAL TIN COMPANY**
ASOKAPURAM, P. B. No. 21
ALWAYE - 683 101, KERALA

Manufacturers of :

**TIN CONTAINERS**

Telephone Office : 4130, 4239
Residence : 3571, 3824

വിടപറയുന്നവരുടെ ഭാവിയെക്കുറിച്ചുള്ള ഉൽകണ്ഠയോടെ......................

നവാഗതരിലേക്കു് കണ്ണും നട്ട്........................



The MANGO TREE Planted by Gandhiji
on 28-3-1925 in front of the College Office.



GOLDEN JUBILEE BLOCK (N. R.)



CHAPEL, BIOLOGY & PHYSICS BLOCKS



ALICE VARKEY
(First Rank in M. A. English
1987 March)



MARY KURIEN
(First Rank in B. A. Psychology
1988 March)



SUNIL ANTONY
Ist Place in Photo Competition

VIJAY G.
(Ist Place in
Essay Competition
conducted by SBT )

JEEVAN GEORGE MATHEW
Got Admission to REC Calicut
in N C C Quota.
Awarded the N C C Scholarship for 1987-88.

## ADVERTISEMENT EXECUTIVES



BYJU NAYAS MOHAMMED SAGEER VINOD




കോളേജ് യൂണിയൻ, കോളേജിനു് സംഭാവന ചെയ്ത നെയിം ബോർഡ്



മാനേജ്മെൻറിൻെറ സാമ്പത്തികസഹായത്തോടെ നിർമ്മിച്ച സൈക്കിൾ സ്റ്റാൻറ്
ബഹു: മാനേജർ, പ്രൊ. ബെഞ്ചമിൻ ഉൽഘാടനം ചെയ്യുന്നു.

# വൈസ് ചാൻസലർ സംസാരിക്കുന്നു..........

"ഇന്ത്യയുടെ പ്രധാനമന്ത്രിയെ അഞ്ചു വർഷത്തിനിടയിൽ മാററി നിശ്ചയിക്കാൻ ജനങ്ങൾക്കവകാശമുണ്ട്. പക്ഷെ, അപ്രഗത്ഭരായ അദ്ധ്യാപകരെ കുറഞ്ഞതു് മുപ്പതു് വർഷമെങ്കിലും കഴിയാതെ ഈ രംഗത്തു നിന്നും ഒഴിവാക്കാനാവില്ല. വിദ്യാർത്ഥികളുടെ തലമുറകൾതന്നെ ഇതുമൂലം കഷ്ടപ്പെടേണ്ടി വരുന്നു.

അപ്രഗത്ഭരായ അദ്ധ്യാപകരെ നിയമിക്കേണ്ടിവരുന്നതു്, വിദ്യാഭ്യാസ പ്രക്രിയയെ ദോഷകരമായി ബാധിക്കുന്നു. രാഷ്ട്രീയ സമ്മർദം, കോഴവാങ്ങൽ, അവിഹിത സ്വാധീനം എന്നിവ മൂലം ഗുണമേന്മയുള്ളവർ പലപ്പോഴും പിൻതള്ളപ്പെടുന്നു."

"സ്വന്തം ജനതയ്ക്കു് ആത്മവിശ്വാസം പകരുന്നതിൽപോലും പരാജയപ്പെടുന്നുവെന്നതാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ ഏററവും വലിയ ദൗർബല്ല്യം."

"വിദ്യാർത്ഥിസമൂഹത്തിൽ, അരാചകത്വം പകരുന്നതിനു് സമൂഹം തന്നെയാണ് ഉത്തരവാദിത്വം ഏൽക്കേണ്ടതു്. തൻെറ ചുററുമുള്ള ലോകം തനിക്കു ന്യായമായി ലഭിക്കേണ്ട അവസരങ്ങളെ നിഷേധിക്കുമ്പോൾ, എവിടെയും അഴിമതി കൊടികുത്തി വാഴുമ്പോൾ, അസംതൃപ്തരായ യുവത്വം അരാജകവാദികളാകുന്നതിൽ മററാരെയും കുററപ്പെടുത്താൻ കഴിയില്ല."

ഡോ: യു. ആർ. അനന്തമൂർത്തി
(വൈസ് ചാൻസലർ)



# മാധവിക്കുട്ടി എഴുതുന്നു.........................

...............മലയാളത്തിൽ കവിതയെഴുതുമ്പോൾ എനിക്കു് പ്രയാസം തോ ന്നുന്നു. മലയാളത്തിൽ കവിതക്കു് കൃത്യമായ ചട്ടക്കൂടുണ്ടു്. വൃത്തനിബ ന്ധനയുണ്ടു്. ഇംഗ്ലീഷിൽ കുറച്ചുകൂടി സ്വാതന്ത്ര്യം എനിക്കു് ലഭിക്കുന്നു അതുകൊണ്ടായിരിക്കണം ഞാൻ കവിത ഇംഗ്ലീഷിൽ എഴുതുന്നതു്. തന്നെ യുമല്ല, മലയാളത്തിൽ എഴുതുമ്പോൾ മലയാളം വായനക്കാരിൽ നിന്ന് കിട്ടുന്ന അനുഭവം ഇംഗ്ലീഷ് വായനക്കാരിൽനിന്നു് കിട്ടുന്നതിൽനിന്നു വ്യ ത്യസ്തമാണു്. ഇംഗ്ലീഷ് വായനക്കാരിൽ നിന്നു് എനിക്കു് കൂടുതൽ അം ഗീകാരം ലഭിക്കുന്നു. മലയാളം വായനക്കാർ എൻെറ കുററങ്ങളാണു് വ റെക്കറെ വിളിച്ചു പറയുന്നതു്. അതുകേൾക്കുമ്പോൾ എനിക്കു് ധൈര്യ കുറയുന്നു................

...............ഞാൻ അനുഭവിച്ചതു മാത്രമെ ഞാൻ എഴുതുന്നുള്ളു. മററുള്ളവ അനുഭവിക്കുന്നതെഴുതാൻ എനിക്കു് ധൈര്യം കിട്ടിയിട്ടില്ല. അതുകൊണ്ടാ യിരിക്കണം ഞാൻ നോവലെഴുതുമ്പോൾ തകരാറാകുന്നതു്. ...............എഴു ത്തുകാരൻ ഒരു യുഗത്തിൻെറ വക്താവാണു്, പ്രതിനിധിയാണു് എന്ന് ഞാൻ വിചാരിക്കുന്നു. അപ്പോൾ ആ യുഗത്തിൽ നടക്കുന്ന കാര്യം ശരിക്ക് എടുത്തുകാണിക്കുന്നതായിരിക്കണം ആ സാഹിത്യകാരൻെറ കൃതികൾ അങ്ങനെ വരുമ്പോൾ വർത്തമാനകാലത്തു് നടക്കുന്ന കാര്യങ്ങൾ മുഴുവൻ ഞാൻ എഴുതിയിട്ടില്ലെങ്കിൽ ഒരു നൂറുകൊല്ലം കഴിഞ്ഞു് അവ വായിച്ചേ ക്കാവുന്ന വായനക്കാരോടുപോലും അനീതിയായിരിക്കും ഞാൻ ചെയ്യു ന്നതു്. എൻെറ കാര്യം ഞാനെഴുതുമ്പോൾ എനിക്കു് കിട്ടുന്ന ശത്രുക്കളെ പ്പററിയോ, എനിക്കുണ്ടാകുന്ന പീഢനങ്ങളെപ്പററിയോ വിചാരിച്ച് ചില കാര്യങ്ങളെ ഒളിച്ചുവെക്കുകയും ചില കാര്യങ്ങൾമാത്രം വെളിപ്പെ ടുത്തുകയും ചെയ്താൽ അതു് ഈശ്വരനോടു് ചെയ്യുന്ന ഒരു തെററായിരിക്കും അതിനു് ഞാൻ തയ്യാറല്ല. അതു കൊണ്ടാണു് ഞാൻ ഇത്രയൊക്കെ വ്യസ നിക്കേണ്ടിവരുന്നതു്. ഭാവി തലമുറക്കുവേണ്ടി ഇന്നത്തെ വിവരങ്ങളു തങ്ങളെപ്പററിയുള്ള കാര്യങ്ങളും 'ടൈംകാപ്സ്യൂളുകളിൽ' എഴുതികുറിച്ചി ന്നവരുണ്ടു്. അതിൽ നുണ എഴുതിവെക്കാൻ പാടുണ്ടോ ? അതുമാതിരി യാണു് ഞാൻ സാഹിത്യത്തെ കരുതുന്നതു്. അതുകൊണ്ടു് ഇപ്പോൾ നട ക്കുന്ന സംഗതികൾ എന്തായാലും, ഗുണമായാലും ദോഷമായാലും, ഈ കാ ലത്തിൻെറ കാര്യങ്ങളായതുകൊണ്ടു് ഞാൻ എഴുതി നിറക്കുകയാണു്, എൻെറ പുസ്തകങ്ങളിൽ................





# ഒരു ദുരന്തത്തിൻെറ ഓർമ്മക്കുറിപ്പുകൾ

— റോസ് മേരി
(ഒന്നാം വർഷം എം. എസി. ബോട്ടണി)

**ജീവിത മരണങ്ങളുടെ നൂൽപ്പാലത്തിനിടയിൽ തങ്ങിനിന്ന ഭീതിദമായ നിമിഷത്തെക്കുറിച്ച് പെരുമൺ അപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട ലേഖിക വിവരിക്കുന്നു.**
**– എഡിറ്റർ**

ജൂലൈ എട്ട്: എൻെറ ജീവിതത്തിലെ മറക്കാനാവാത്ത ഒരു ദിവസമായിരുന്നു. ഭാരതത്തെയാകെ ഞെട്ടിച്ച പെരുമൺ ട്രയിനപകടം. നൂറു കണക്കിനു് ആളുകളുടെ ജീവൻ അപഹരിച്ചപ്പോൾ സർവ്വ ശക്തനായ ദൈവം എന്നെ അതിശയകരമായി രക്ഷിച്ചു.

ഒന്നാം വർഷ പരീക്ഷകളൊക്കെയും കഴിഞ്ഞു്, വീട്ടിലേയ്ക്കു മടങ്ങുമ്പോഴാണു് അപകടം. 8 – ാം തീയതി രാവിലെ ബൈബിൾ വായിച്ചപ്പോൾ അതിലെ ഒരു വാക്യം എന്നെ സ്പർശിക്കുന്നതായി തോന്നി. യാക്കോബ് എഴുതിയ ലേഖനം ഒന്നാം അദ്ധ്യായമാണു് വായിച്ചതു്. ''നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിൻെറ പരിശോധനസ്ഥിരത ഉളവാക്കുന്നു എന്നു് അറിഞ്ഞു അതു അശേഷം സന്തോഷം എന്നു് എണ്ണുവിൻ''. (യാക്കോബ് = 1 : 2, 3). അതു കഴിഞ്ഞ് പോകാനുള്ള തിരക്കിലായി. കൂട്ടുകാരോടെല്ലാം യാത്ര ചോദിച്ച് ഹോസ്റ്റലിൽ നിന്നും ഇറങ്ങി.

ഒൻപതാകാറായപ്പോൾ ആലുവ സ്റ്റേഷനിൽ എത്തി. എല്ലാ ദിവസവും പതിനഞ്ചു മിനിററെങ്കിലും താമസിച്ചു വരുന്ന ട്രയിൻ അന്ന് കൃത്യസമയത്തു തന്നെ എത്തി. തിരക്കുമൂലം ലേഡീസ് കംപാർട്ട്മെൻറിൽ കയറിയില്ല. പുറകിലുള്ള കംപാർട്ടുമെൻറിൽ കയറി. മാവേലിക്കര കഴിഞ്ഞപ്പോൾ ഉറങ്ങിപ്പോയി. പെട്ടെന്നൊരു ശബ്ദം. സ്വപ്നം കാണുന്നതാണെന്ന് തോന്നി. കണ്ണു തുറന്നപ്പോൾ എല്ലാവരും രക്ഷപ്പെടാനുള്ള ശ്രമത്തിൽ. ട്രയിൻ മറിഞ്ഞു എന്ന് അപ്പോഴും തോന്നിയില്ല. ''ദൈവമേ എന്നെ രക്ഷിക്കണേ'' ഞാൻ അറിയാതെ വിളിച്ചു പോയി. എൻെറ അടുത്തിരുന്ന ആൾ എന്നോടു പറഞ്ഞു. ''കുട്ടീ, എങ്ങനെയെങ്കിലും രക്ഷപ്പെടാൻ ശ്രമിക്കൂ.'' എനിക്കു് ഒരു കമ്പിയിൽ പിടികിട്ടി. എന്നാൽ മൂന്നു പ്രാവശ്യം തെന്നി പുറകിലോട്ടു വീണു. വളരെ പ്രയാസപ്പെട്ടു് വാതിൽ വരെ എത്തി. അതു കഴിഞ്ഞ് കുറെ ആൾക്കാർ ചേർന്ന് പാലം കടത്തി വിട്ടു. പാലത്തിൽ കൂടെ വന്നപ്പോഴാണു് അപകടത്തിൻെറ ഭീകരത മനസ്സിലാക്കുന്നതു്. ഞങ്ങളുടെ തൊട്ടു മുന്നിലുള്ള ബോഗികളെല്ലാം വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും നിൽക്കുന്നു. കൈകാലുകൾ നഷ്ടപ്പെട്ടും തലയിൽ മുറിവുകൾ പററിയും, എന്നുവേണ്ട ഒരു തുള്ളി രക്തം എങ്കിലും നഷ്ടപ്പെടാത്തവർ ചുരുക്കം. എനിയ്ക്കു് ഒരു ചെറിയ മുറിവു പോലും ഉണ്ടായില്ല. ''മനുഷ്യരാൽ അസാദ്ധ്യമായതു് ദൈവത്താൽ സാദ്ധ്യമാകുന്നു'' എന്ന് അനുഭവത്തിൽ കൂടെ തെളിഞ്ഞു.

ദൈവത്തെ സ്നേഹിക്കുന്നവരെ ദൈവം ഒരു നാളും കൈ വിടുകയില്ല. കഷ്ടതകളും പ്രയാസങ്ങളും ഉണ്ടായാലും ദൈവം അതിൽ നിന്നൊക്കെയും വിടുതൽ തരും. പിന്നീട് ചിന്തിച്ചപ്പോൾ അന്നു രാവിലെ വായിച്ച വാക്യം (യാക്കോബ് = 1 : 2, 3) ദൈവം തിരഞ്ഞെടുത്ത് തന്നതാണോയെന്നു് തോന്നിപ്പോയി. 'കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിച്ച അത്ഭുതവാനായ ദൈവത്തിനു് ഞാൻ നന്ദിയർപ്പിക്കുന്നു.

Best compliments from :

ROHINI BEEDIES
Mfd: N. SAROJA
ROHINI BEEDI COMPANY
NAGERCOIL

COSTUMES
CARAVAN, PRASAD BUILDINGS
BANK JUNCTION, ALWAYE 683101

FOR EXCLUSIVE READY MADES
PRASAD BLDG.
BRIDGE ROAD, ALWAYE

Phone : 5985

Phone : 4652

TUITION HOME
(LAB ATTACHED)
For eminent caoching in Maths, Physics, Chemistry (PDC & B. Sc.) and Entrance Exams.

*For Admission Contact :*
S. RAJAMONY
B. Sc., B. E. (Ret.) AM FIM

Compliments from :

KRISHNAN NAIR SONS
H. O. MARKET ROAD,
ALWAYE - 683 101

## അസോസിയേഷൻ വാർത്തകൾ

**സൈക്കോളജി**

ഉൽഘാടകൻ – പ്രിൻസിപ്പാൾ (ഒക്ടോബർ 7)

**കാര്യപരിപാടികൾ**

പ്രഭാഷണങ്ങൾ
1. ഫാ : തോമസ് ജോൺ
2. ഡോ: രാജൻ ഗുരുക്കൾ
3. ശ്രീ : ജീവൻ ഗോപാൽ

എല്ലാ ബുധനാഴ്ചകളിലും ചർച്ചാ ക്ലാസ്സുകൾ

**ഡോ. അലക്സാണ്ടർ മെമ്മോറിയൽ സിമ്പോസിയം**

സ്വാഗതം – തോമസ് കോരുത്
പങ്കെടുത്തവർ – ഡോ: രാമചന്ദ്രപൊതുവാൾ,
ഡോ : ജോയ്സ് മാത്യു, പ്രൊ : ടീ. സൈമൺ, ഫാ : തോമസ് ജോൺ
സെക്രട്ടറി – ജോസ് ജോൺ പേരയിൽ

**ഹിസ്റ്ററി**

ഉൽഘാടകൻ – പ്രിൻസിപ്പാൾ (ഫെബ്രുവരി 13)

**കാര്യപരിപാടികൾ**

ഗെററ് ടുഗദർ, ക്വിസ്സ് മത്സരം,
സെക്രട്ടറി – പാപ്പച്ചൻ T. P.

**കെമിസ്ട്രി**

ഉൽഘാടകൻ – പ്രിൻസിപ്പാൾ (ജനുവരി 15)

**കാര്യപരിപാടികൾ**

സ്റ്റഡി ടൂർ, ക്വിസ്സ് മത്സരം
പ്രഭാഷണം – ഡോ : പി. ആർ. വെങ്കിടരാമൻ (അമേരിക്കൻ കോളേജ്, മധുര)
സെക്രട്ടറി – ഗോവിന്ദപൈ ആർ.

**മാത്തമാററിക്സ്**

ഉൽഘാടകൻ – പ്രൊ: കെ. പി. മാത്യു (ഫെബ്രുവരി 4)

**കാര്യപരിപാടികൾ**

സീനിയർ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ്, കവിതാസായാഹ്നം
സെക്രട്ടറി – സുരേഷ് ഇ. എൻ.



പാപ്പച്ചൻ T. P.  ജോസ് ജോൺ  ഗോവിന്ദപൈ R.  സുരേഷ് E. N.

# അസോസിയേഷൻ വാർത്തകൾ

**ഇക്കണോമിക്സ്**

ഉൽഘാടകൻ – പ്രിൻസിപ്പാൾ (ഫെബ്രുവരി 5)

**കാര്യപരിപാടികൾ**

ഡിബേററ്, വിഷയം – ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി
സെക്രട്ടറി – മുരളി എം. ആർ.

**മലയാളം**

ഉൽഘാടകൻ – ഡോ: തോന്നക്കൽ നാരായണൻ

**കാര്യപരിപാടികൾ**

കവിയരങ്ങ്, കഥയരങ്ങ്, പ്രശ്നോത്തരി; ചോദ്യകർത്താവ് – ഡോ: എസ്. ഗോപിനാഥൻ
സെക്രട്ടറി – രാജു കെ. ജി.

**ഇംഗ്ലീഷ്**

ഉൽഘാടകൻ – ഡോ: കെ. എം. തരകൻ

**കാര്യപരിപാടികൾ**

ക്വിസ് മത്സരം; ക്വിസ്മാസ്റ്റർ – പ്രൊ: ഇ. നാരായണൻനമ്പ്യാർ
സെക്രട്ടറി – കിരൺമാത്യു

**സുവോളജി**

ഉൽഘാടകൻ – ഡോ: രവീന്ദ്രനാഥ മേനോൻ (കൊച്ചിൻ യൂണിവേഴ്സിററി)

**കാര്യപരിപാടികൾ**

സ്റ്റഡിടൂർ, ക്വിസ് മത്സരങ്ങൾ
സെക്രട്ടറി – ഡേവിഡ് പി. എ.

**ബോട്ടണി**

ഉൽഘാടകൻ – ഡോ: വേലായുധൻ തമ്പി

**കാര്യപരിപാടികൾ**

സ്റ്റഡിടൂർ, യാത്രാവിവരണമത്സരം, കലാമത്സരങ്ങൾ
സെക്രട്ടറി – ഷാജു



മുരളി M. R.    രാജു K. G.    ഡേവിഡ് P. A.    ഷാജു

# സ്വപ്നങ്ങളുടെ സംഗമഭൂമിയിലേക്ക്...........

മാർച്ച്മാസം 16–ാംതീയതി മുതൽ 20–ാം തീയതി വരെ യു. സി. കോളേജ് മൗണ്ടനീയറിംഗ് & നേച്ചർ ക്ലബ്ബ് സൈലന്റ് വാലിയിൽ നടത്തിയ പ്രവർത്തനങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ റിപ്പോർട്ട്.



**രമേശ് പി. സി.**
ഒന്നാംവർഷ ജന്തുശാസ്ത്രം

നിശബ്ദതാഴ്‌വര – പേരിനെ അന്വർത്ഥമാക്കിക്കൊണ്ട് ഒരു വിവാദഭൂമി. കേരളത്തിലെ (ഭാരതത്തിന്റെ) ദേശീയോദ്യാനമായി പ്രഖ്യാപിക്കപ്പെട്ട നിത്യഹരിത താഴ്‌വര. ഈ കഴിഞ്ഞ മാർച്ചുമാസം 16–ാം തീയതി യു. സി. കോളേജ് മൗണ്ടനീയറിംഗ് & നേച്ചർ ക്ലബ്ബിന്റെ ഒരു പഠന യാത്രാസംഘം ഈ പുണ്യഭൂമിയിലേക്കൊരു തീർത്ഥയാത്ര നടത്തി.

**സൈലന്റ് വാലി ഒരു ഔട്ട്‌ലൈൻ** – പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്ടുനിന്നും 18 കി. മീ. അകലെയാണ് സൈലന്റ് വാലി നാഷണൽ പാർക്ക്. സമുദ്രനിരപ്പിൽ നിന്നും 2385 മീ. ഉയരമുള്ള അങ്ങിണ്ടമലയും 2330 മീ. ഉയരമുള്ള കോവിത്തോലപ്പേട്ടയും സൈലന്റ് വാലിയെ തമിഴ്നാട് റിസർവ്വ് ഫോറസ്റ്റായ കുണ്ടയിൽ നിന്നും വേർതിരിക്കുന്നു. കോയിപ്പാറ മുതൽ വലക്കാട്, ചെറിയ വലക്കാട് എന്നിവ കടന്ന് വാനമ്പാറ മലയും അരുവമ്പാറ മലയും ഇടയിലൂടെ കടന്നുപോകുന്ന കുന്തിപ്പുഴയുടെ ശാഖകളും ഉപശാഖകളുമാണ് സൈലന്റ് വാലിയുടെ ജീവനാഡി. കമ്മട്ടൻതോട്, മന്ത്രിമാൻ തോട്, ഈരാലത്തോട്, കുണ്ടച്ചോലപ്പുഴ, കോരമ്പുഴ മുതലായ ശാഖകളും ചെറിയ മലത്തോട്, ലെപ്പാറത്തോട് എന്നീ ഉപശാഖകളും കുന്തിപ്പുഴയെ സമ്പന്നയാക്കുന്നു.

മണ്ണാർക്കാട്ടുനിന്ന് നാഷണൽ പാർക്കിന്റെ പ്രവേശന കവാടമായ മുക്കാലിയിലേക്കുള്ള യാത്ര ഏറിച്ചും സാഹസികവും രോമാഞ്ചജനകവുമാണ്. കുത്തനെയുള്ള കയററങ്ങളും കഠിനമായ ഹെയർപ്പിൻ വളവുകളും. മുക്കാലിയിലാണ് നാഷണൽ പാർക്കിലെ സീനിയർ ഉദ്യോഗസ്ഥനായ വൈൽഡ് ലൈഫ് വാർഡന്റെ ഔദ്യോഗിക വസതിയും ഓഫീസും. അവിടെ നിന്നും 22 കി. മീ. വനപ്പാതയിലൂടെ പോകണം, വൈൽഡ് ലൈഫ് സർവ്വേയുടെ ബേയ്സ് ക്യാമ്പായ സൈരന്ധ്രിയിൽ എത്താൻ.

**ഇവിടെ തുടങ്ങുന്നു** – കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നെത്തിയ വിദ്യാർത്ഥികൾ ഇവിടെ ഒത്തുചേർന്നു. ഇവിടെവച്ച് ആകെയുണ്ടായിരുന്ന വിദ്യാർത്ഥികളെ ആറു ഗ്രൂപ്പുകളായി തിരിച്ചു. പിന്നീട് അവർക്കു വേണ്ട നിർദ്ദേശങ്ങളും നൽകി ആറു ക്യാമ്പുകളിലേക്കു വിടുകയായി. ഓരോ ക്യാമ്പിലും ഒരു ഫോറസ്റ്റ് ഗാർഡും 15 ഗൈഡുകളും 6നും 10നുമിടയ്ക്ക് വിദ്യാർത്ഥികളുമുണ്ടായിരിക്കും. സൈരന്ധ്രി, തോണ്ടക്കളം, നീലിക്കൽ, ചെറിയ വലക്കാട്, വലക്കാട്, വലിപാറത്തോട് എന്നിവയായിരുന്നു ക്യാമ്പുകൾ. പി. എൻ. ഉണ്ണികൃഷ്ണൻ (വൈൽഡ് ലൈഫ് വാർഡൻ), സാബു (Ranger), പ്രൊ: രാജൻ വർഗ്ഗീസ്, പ്രൊ: കെ. വി. കുഞ്ഞികൃഷ്ണൻ (യു. സി. കോളേജ്), പ്രൊ: വി. എം. ജോൺ, ഡോ. സി. എ. ആന്റണി, പ്രൊ: കുഞ്ഞികൃഷ്ണൻ (വിക്ടോറിയ കോളേജ്, പാലക്കാട്) എന്നിവരാണ് ക്യാമ്പുകളുടെ മേൽനോട്ടം വഹിച്ചിരുന്നത്. ഈ ഓരോ ക്യാമ്പുകളും ബേയ്സ് ക്യാമ്പിൽ നിന്നും അനേക കിലോമീററുകൾ അകലെയാണ് സ്ഥിതി ചെയ്തിരുന്നത്. ഏററവും അടുത്തുള്ള തോണ്ടക്കളം ക്യാമ്പും അകലെയുള്ള വലക്കാട് ക്യാമ്പും ബേസ് ക്യാമ്പിൽ നിന്നും യഥാക്രമം 10ഉം 26ഉം കിലോമീററുകൾ അകലെ സ്ഥിതി ചെയ്യുന്നു. ഇത്രയും ദൂരം കൊടും കാട്ടിനുള്ളിലൂടെയുള്ള ഒററയടിപ്പാതയിലൂടെ നടന്നുവേണം അവരവരുടെ നിർദ്ദിഷ്ട ക്യാമ്പുകളിലെത്താൻ

**നീലിക്കൽ ക്യാമ്പ്** – നീലിക്കല്ലിലാണ് ഞങ്ങൾ ക്യാമ്പ് ചെയ്തിരുന്നത്. സൈരന്ധ്രിയിൽ നിന്നും 16 കി. മീ. അകലെ ഇത് സ്ഥിതിചെയ്യുന്നു. ഏകദേശം 100 അടി ഉയരമുള്ള ഒരു കുന്നിൻമുകളിലാണ് ക്യാമ്പ് സ്ഥിതി ചെയ്തിരുന്നത്. ക്യാമ്പ് ഏരിയായുടെ നാലുചുററും 10 അടി താഴ്ചയും 8 അടി വീതിയും ഉള്ള ട്രഞ്ചുകൾ കുഴിച്ചിരുന്നു. ആനയുടെ ശല്യത്തിൽ നിന്നും രക്ഷനേടുവാനായ

രുന്ന അതു്. തറയിൽ നിന്നും അഞ്ചടിയോളം ഉയരമുള്ള കാലുകൾ കഴിച്ചിട്ടു് അവയിലായിരുന്ന ഷെഡ്ഡുകൾ കെട്ടിയിരുന്നതു്.

**ക്യാമ്പിൽ ഒരു ദിവസം** – അസ്ഥി മരവിക്കുന്ന തണുപ്പിലും രാവിലെ 5 മണിയോടെ ക്യാമ്പുകൾ ഉണരുകയായി. വിവിധതരം പക്ഷികളുടെ കളകൂജനവും, മലയണ്ണാന്മാരുടെ കറുകലും, കരടിയുടെ കൂവലുകളും സുപ്രഭാതം ആലപിക്കുന്നുണ്ടാവും. 7 മണിയോടെ പ്രഭാതകൃത്യങ്ങളെല്ലാം നിർവ്വഹിച്ചു് ഓരോ അംഗവും രണ്ടു് ഗൈഡുകളുടെ കൂടെ അവരവരുടെ പ്രവർത്തനമേഖലയിലേക്കു തിരിക്കുകയായി. ഓരോരുത്തരും നിർദ്ദിഷ്ട ഏരിയ മുഴവൻ കവർ ചെയ്തു് അവിടെയുള്ള വന്യ ജീവികളുടെ വ്യക്തമായ എണ്ണം ശേഖരിക്കണം (Census). പിന്നീടു് അതു് വനം വകുപ്പു് നൽകിയിട്ടുള്ള പ്രിൻറഡ് ചാർട്ടിലേക്കു് രേഖപ്പെടുത്തണം. നേരിൽ കാണാവുന്ന മൃഗങ്ങളുടെയും, പക്ഷികളുടെ എണ്ണവും, അവയുടെ സാന്നിദ്ധ്യം വിളിച്ചോതുന്ന സൂചനകളും (footprint, droppings, call ...etc.) അതിൽ അടയാളപ്പെടുത്തണം. വൈകിട്ടു് 4 മണിയോടെ വനത്തിലൂടെ അനേക കിലോമീററുകൾ നടന്നുകഴിഞ്ഞിട്ടുണ്ടാകും. പിന്നെ ക്യാമ്പിലേക്കു മടങ്ങുകയായി. 5 മണിയോടെ കോടമഞ്ഞുവീണുതുടങ്ങും. പിന്നാലെയുള്ള ഇരുട്ടിൻെറ വരവോടെ ഒരു ദിവസത്തെ പ്രവർത്തനങ്ങൾക്കു തിരശ്ശീല വീഴുന്നു.



**വനം, വനജീവികൾ** – അവിടെ പൊതുവെ രണ്ടുതരം വനങ്ങളാണുള്ളതു്. നിത്യഹരിതങ്ങളായ ഇടതൂർന്ന വനങ്ങളും, പുൽമേടുകളും, ഈററക്കാടുകളും. നിത്യഹരിതവനങ്ങളിൽ നട്ടുച്ചയ്ക്കുപോലും സന്ധ്യയുടെ പ്രതീതിയാണു്.

ഒട്ടും വെയിൽ കടക്കാത്തവിധം മേൽക്കൂര ... രിക്കുകയാണു് മാമരങ്ങൾ. കാട്ടുവള്ളി... കററിച്ചെടികളാലും സമൃദ്ധമായ വനത്തി... പൂക്കളുടെയും, ഫലങ്ങളുടെയും സുഗന്ധപൂരി... മന്ദമാരുതൻ എപ്പോഴും വീശുന്നുണ്ടാവും. കാ... വികളുടെ സൈ്വരസംഗീതം കാതിനു് ഇ... ന്നു. ഈററക്കാടുകൾ ആനകളുടെ വിഹാര ... ളാണു്. പുൽമേടുകൾ സസ്യഭോജികളുടെയു... ടുർന്ന വനങ്ങൾ മാംസഭോജികളുടെയും ... ജികളുടെയും കേളീരംഗങ്ങളാണു്. സിംഹ... കുരങ്ങുകളാണു് സൈലൻറു് വാലിയുടെ ... വലിയ പ്രത്യേകത.

**സൈലൻറു് വാലി ഡാം** – ഈ നിത്യ... ഭൂമിയുടെ സൗന്ദര്യത്തിനും നിലനില്പിനു ... കടുത്ത ഭീഷണിയാകുമായി ഉയരുമായിരു... പണി അകാലത്തിൽ തന്നെ മരവിക്കപ്പെട്ടു... ൻെറ മുന്നോടിയായി സ്ഥാപിക്കപ്പെട്ട ... ശാപമോക്ഷം കാക്കുന്ന അഹല്യയെപ്പോ... ന്ദർശകരുടെ വരവും കാത്തുകിടക്കുന്നു.

**വനം വകുപ്പും പ്രവർത്തനങ്ങളും** – ... ഊർജ്ജിതമായ അർപ്പണബോധത്തോടെയു... ത്തനങ്ങളാണു് ഇവിടെ വനംവകുപ്പു് കാ... തു്. കാട്ടുതീ പിടിക്കാനിടയുള്ള പ്രദേശങ്ങ... പടരാതിരിക്കാൻ കിലോമീററുകളോളം ... ബെൽററു വെട്ടിയിട്ടുണ്ടു്. വന്യജീവികളു... നാശം തടയാനുള്ള എല്ലാ നടപ... സ്വീകരിച്ചിട്ടുണ്ടു്.

**പഠനസംഘം** – Capt. (പ്രൊ: ... വർഗ്ഗീസ് (Maths), K. V. കുഞ്ഞ... (History), C. A. ആൻറണി (Econ... V. M. ജോണപ്പ (English), P. J. ... യാൻ (History) എന്നീ അദ്ധ്യാപ... C. N. സതീശൻ, K. K. സുബ്രഹ്മ... സുദർശനൻ, എൽദോ (Economics) ... ഭാസ്കരൻ (Chemistry), T. R. ... കുമാർ (Malayalam), സാബു... (I P. D. C III G), P. C. രമേശ് (Zo... എന്നീ വിദ്യാർത്ഥികളും പൂർവ്വ വി... കളായ രമേശ് കാവിശ്ശേരി, ... നമ്പൂതിരി, ജയിംസ് കുര്യൻ എ... മാണു് യു. സി. കോളേജിനെ പ്രതിനി... ച്ചതു്.

**സമാപനം** – മാർച്ച് മാസം 20–ാം തീയ... ല്ലാ അംഗങ്ങളും ബേയ്സ് ക്യാമ്പായ ... സ്ഥിയിൽ മടങ്ങിയെത്തി. ഞങ്ങൾ ...

# നവരസങ്ങളുടെ പൊൻചിറകിൽ

നൃത്തത്തിൻെറ താളലയങ്ങളിൽ ബാല്യകൗമാരങ്ങളുടെ പൊരുൾ കണ്ടെത്തിയ ശൈലജ എം. നായർ രണ്ടുതവണ കലാശാലാപ്രതിഭയും യൂണിഫെസ്റ്റ് 88–ൽ കലാപ്രതിഭയും ആയി തിരഞ്ഞെടുക്കപ്പെട്ടു. ശൈലജയുമായി നടത്തിയ അഭിമുഖമാണു് താഴെകൊടുത്തിരിക്കുന്നതു്.

– എഡിററർ

നാലാം വയസ്സിൽ നാടോടിനൃത്തത്തിനു കിട്ടിയ സമ്മാനം തുടങ്ങി യൂണിഫെസ്റ്റ് '88 ലെ കലാപ്രതിഭ വരെ നിരവധി സമ്മാനങ്ങളും ബഹുമതികളും കരസ്ഥമാക്കിയിട്ടുള്ള ശൈലജ എം. നായർ യു. സി. കോളേജിലെ കൂട്ടുകാർക്കുവേണ്ടി തൻെറ അഭിപ്രായങ്ങൾ തുറന്നുപറഞ്ഞു.

ചോദ്യം:– ശൈലജ നൃത്തരംഗത്തേക്കു് വരുവാനുള്ള സാഹചര്യം വിവരിക്കാമോ ?

ഞാൻ നൃത്തം ചെയ്തുകൊണ്ടാണു് ജനിച്ചതു് എന്നു് എൻെറ അച്ഛൻ കളിയാക്കാറുണ്ടു്. എന്തെന്നാൽ ജനിക്കുമ്പോൾ തൻെറ രണ്ടു് കാലുകളും ഊർദ്ധ്വതാണ്ഡവ പോസ്സിൽ ആയിരുന്നത്രെ. പാരമ്പര്യങ്ങൾ കൊണ്ടും സാഹചര്യങ്ങൾ കൊണ്ടും ഞാൻ നൃത്തരംഗത്തേയ്ക്കു് വരാനിടയായി. അച്ഛൻെറയും അമ്മയുടെയും വീടുകൾ കലാപാരമ്പര്യം ഉള്ളതാണു്. എൻെറ അമ്മയുടെ ഒരു അദ്ധ്യാപിക പ്രൊ: കലാക്ഷേത്രം ജയലക്ഷ്മി പറയുന്നതു് എൻെറ രക്തത്തിൽ തന്നെ നൃത്തം ലയിച്ചു ചേർന്നിരിക്കുന്നു എന്നാണു്.

ചോദ്യം:– പഠനവും നൃത്തവും ഒരുമിച്ചു കൊണ്ടുപോകുവാൻ വിഷമമുണ്ടോ ?

നൃത്തപഠനം സാധാരണ പഠനത്തെ ബാധിക്കുന്നു് പറയാൻ നിവൃത്തിയില്ല. പക്ഷേ നൃത്തമത്സരങ്ങൾ, നൃത്തപ്രകടനം എന്നിവയൊക്കെ സാധാരണ പഠനത്തെ ബാധിക്കുന്നതായാണു് എൻെറ അനുഭവം.



ശൈലജ M. നായർ

ചോദ്യം:– ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി ഈ മൂന്നു് നൃത്തയിനങ്ങളുടെയും പ്രത്യേകതകൾ എന്തൊക്കെയാണു് ?

കച്ചേരി സമ്പ്രദായത്തിലുള്ള ഭരതനാട്യം, ഏതാണ്ടു് ഒന്നര നൂററാണ്ടായി പ്രചരിച്ചുപോന്നു. തഞ്ചാവൂർ സഹോദരന്മാരുടെ കാലം മുതൽ, കച്ചേരി സമ്പ്രദായം രൂപപ്പെട്ടുവെന്നു് കരുതാം. എങ്കിലും രാജശാസനങ്ങൾ മൂലം തിരുവിതാംകൂറിലും കൊച്ചിയിലും മോഹിനിയാട്ട പ്രകടനത്തിനു് നിരോധനം ഉണ്ടായിപ്പോയതുകാരണം ഭരതനാട്യത്തിനുണ്ടായത്ര പ്രചാരം ലഭിക്കാതെ പോയി. കുച്ചിപ്പുടിയിലെ കച്ചേരി സമ്പ്രദായത്തിനു് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൻെറ ചരിത്രമേ ഉള്ളു. ഭരതനാട്യവും കുച്ചിപ്പുടിയും തമ്മിൽ സാധർമ്മ്യം കൂടുതലുണ്ടു്. മോഹിനിയാട്ടത്തിനു് മുദ്രകളിൽ തന്നെ

...വരങ്ങളും, വസ്തുതകളും വനംവകുപ്പിനു കൈമാറി... ങ്ങളുടെ സേവനത്തിൽ അവർ വളരെ സന്തുഷ്ട... യിരുന്നു. വൈൽഡ് ലൈഫ് സെൻസസിനെ... റിച്ചുള്ള വിശദമായ റിപ്പോർട്ടു് തയ്യാറാക്കിക്കൊ... ണ്ടിരിക്കുകയാണു്. അന്നുവൈകിട്ടു് 6 മണിയോ... ടെ ഞങ്ങൾ നിറഞ്ഞ മനസ്സോടെ.... വിതുമ്പുന്ന മന... സ്സോടെ ആ ദിവ്യ സ്വപ്ന ഭൂമിയോടു വിട... പറഞ്ഞു.

○

*Beautiful skin is something you wear twenty four hours a day*

**Serahs Herbal Beauty Parlour**

Near U. C. College
No : 24, K. K. P Nagar

Visit us with your children for a novel experience and maximum satisfaction

With Best Compliments From :

An Exclusive House For Hospital Equipments, Surgical Instruments, Diagnostic Reagents, Serums, Antigens and Other Hospital Sundries,

**Laboratory Equipment Stores**

M. G. Road North End
Ernakulam
COCHIN - 682 035

PHONE : 360964

വ്യത്യാസമുണ്ട്. പതിഞ്ഞ മട്ടാണ് മോഹിനിയാട്ടത്തിന്. കഥകളിയേക്കാൾ മുമ്പുതന്നെ നിലവിൽ വന്ന നൃത്തരൂപമാണെങ്കിലും ഇപ്പോഴത്തെ മോഹിനിയാട്ട സമ്പ്രദായത്തിൽ കഥകളിയുടെ സ്വാധീനം വ്യക്തമാണ്.

ചോദ്യം:- പഠിക്കുന്ന കോളേജ് നിങ്ങളുടെ കലാ പ്രവർത്തനങ്ങൾക്ക് എന്ത് പ്രോത്സാഹനമാണ് നൽകുന്നത് ?

കൂടുതൽ പോയിൻറ് ലഭിക്കുന്നതിൻെറ പേരിൽ രണ്ട് വർഷങ്ങളായി കാഷ് അവാർഡ് നൽകുന്നു. മത്സരങ്ങളുടെ ഫൈനൽ ഡേയിലും മറ്റും പങ്കെടുക്കാനുള്ള സാമ്പത്തിക സഹായം നൽകാറുണ്ട്. അദ്ധ്യാപകരുടെയും, സഹപാഠിനികളുടെയും പ്രോത്സാഹനവും അഭിനന്ദനവും എടുത്തു പറയേണ്ട കാര്യമാണ്.



ശൈലജ M. നായർ

ചോദ്യം:- കഥകളിയിൽ താല്പര്യമുണ്ടോ ? അ രംഗത്തേയ്ക്ക് പ്രവേശിക്കുവാൻ ആ ഹമുണ്ടോ ?

കഥകളി പഠിക്കണമെന്ന് വളരെ ചെറു മുതൽ താൽപര്യം തോന്നി. ഇപ്പോഴാണ് പഠി തുടങ്ങിയത്. വരുംവർഷങ്ങളിൽ മത്സരങ്ങൾ ചേരാൻ സാധ്യതയുണ്ട്. എങ്കിലും പ്രൊഫഷണ ആകാൻ താൽപര്യമില്ല.

ചോദ്യം:- നൃത്തരംഗത്ത് പിടിച്ചു നിൽക്കുന്നതിന് ഭാരിച്ച ചിലവ് അനുഭവപ്പെടുന്നുണ്ടോ ? പുതുമുഖങ്ങൾ ഈ രംഗത്തേക്ക് വരാതിരിക്കാൻ ഇതു് കാരണമാകുന്നുണ്ടോ ?

ഭാരിച്ച ചെലവ് ഒരു സാധാരണ കലാകാരിയെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമാണ്. ഇതുമൂലം സാധാരണക്കാരായ പലർക്കും ഈ രംഗത്തേയ്ക്ക് വരുവാൻ കഴിയുന്നില്ല. ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ട വിഷയമാണിത്.

ചോദ്യം:- കഴിഞ്ഞ ജൂലൈയിൽ ശൈലജ റഷ്യ സന്ദർശിച്ചിരുന്നല്ലോ ? മറക്കാനാവാത്ത അനുഭവങ്ങൾ വിവരിക്കാമോ ?

ഭാരതീയരോട് പ്രത്യേകിച്ചും കേരളീയരോ വിശേഷിച്ചും റഷ്യക്കാർക്ക് വലിയ താൽപര്യമാണ്. കേരളീയ നൃത്ത്ടീമിൻെറ പ്രകടനം കണ്ടപ്പോൾ ഇന്ത്യാഫെസ്റ്റിവൽ എന്നത് കേരളാ ഫെസ്റ്റിവൽ ആയി രൂപാന്തരപ്പെട്ടുവെന്ന് പല റഷ്യക്കാരും അഭിപ്രായപ്പെട്ടു. കലാപ്രവർത്തകർക്ക് ലഭിക്കുന്ന വമ്പിച്ച ആദരവാണ് റഷ്യാക്കാരുടെ പ്രധാന ഗുണം. എല്ലാവരും അച്ചടക്കത്തോടെ ജോലി ചെയ്യുകയും പ്രായഭേദമെന്യേ സ്ഥാനത്തെ ആദരിക്കുകയും ചെയ്യുന്നു. മതമെന്നോ ഈശ്വരനെന്നോ പറഞ്ഞാൽ ആർക്കും പ്രത്യേകിച്ച് രൂപമില്ല. ദേവാലയങ്ങൾ പലതും മ്യൂസിയം ആണ്. "രാജീവ്" എന്ന പേരുകേൾക്കുന്നതു തന്നെ റഷ്യാക്കാർക്ക് വലിയ ആവേശമാണ്. ലെനിൻ ഗ്രാഡിൽ നിന്ന് മോസ്കോ വരെ പതിനൊന്നു നഗരങ്ങളിൽ പരിപാടി കഴിഞ്ഞു് വിമാനം കയറുമ്പോൾ റഷ്യൻ കലാകാരികൾ കെട്ടിപ്പിടിച്ചു കരഞ്ഞതു് ജീവിതത്തിലൊരിക്കലും മറക്കാൻ കഴിയില്ല.

ചോദ്യം:- യുവജനോത്സവത്തിലെ ജഡ്ജിംഗിനെ പററി എന്താണഭിപ്രായം ?

അതിനെക്കുറിച്ച് എനിക്ക് വലിയ പരാതിയൊന്നുമില്ല. ജഡ്ജിമാർ എല്ലാ കാര്യങ്ങളും വിലയിരുത്തിയാണ് സമ്മാനം നിശ്ചയിക്കുക. സമ്മാനം കിട്ടാത്തവർക്ക് പരാതി സ്വാഭാവികമാണ്. തന്റെ പ്രകടനം കുററമററതാണെന്നാണല്ലോ എല്ലാവരുടെയും ധാരണ.

ചോദ്യം:- കലാപ്രതിഭ എന്ന നിലയിൽ യു.സി. കോളേജിലെ വളരുന്ന കലാപ്രതിഭകളോട് എന്താണ് പറയാനുള്ളതു് ?

ഏതു കലയും പ്രാമാണ്യമുള്ള ഗുരുക്കന്മാരിൽ നിന്നു് പഠിക്കണം. കലകൾ പഠിച്ചതുകൊണ്ടായില്ല അവ പ്രകടിപ്പിക്കുകയും വേണം. ഓരോ പ്രകടനത്തിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് അടുത്ത പ്രകടനം കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കണം. ആദ്യമൊക്കെ പേടി സ്വാഭാവികമാണ്. ഇതര കലാ പ്രവർത്തകരുടെ പ്രകടനം വീക്ഷിക്കണം. അതിൻെറ അടിസ്ഥാനത്തിൽ നമ്മുടെ പ്രകടനം ഏതു തരത്തിൽ മെച്ചപ്പെടുത്താൻ കഴിയുമെന്ന് പരിശോധിക്കണം. ഉപദേശങ്ങൾ നൽകുവാനുള്ള പഠിപ്പോ അനുഭവങ്ങളോ എനിക്കില്ല. എങ്കിലും ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെന്നുമാത്രം.



കലകൾ പാഠ്യവിഷയമായി യൂണിവേഴ്സിററി തലത്തിൽ അംഗീകരിക്കണമെന്നാണ് ഈ കലാകാരിയുടെ നിർദ്ദേശം. റഷ്യയിൽ നൃത്തം മാത്രം പഠിച്ച് ഉയർന്ന സ്ഥാനം ലഭിച്ച ആളുകൾ ഉള്ളതു കണ്ടപ്പോൾ നമ്മുടെ യൂണിവേഴ്സിററികളും ഗവണ്മെൻറുകളും ആ വഴിക്കു ചിന്തിക്കാത്തതിനെക്കുറിച്ച് ആലോചിച്ചുപോയി എന്നു് ശൈലജ പറഞ്ഞു.

○●○

# VALUE ORIENTATION OF U. C. COLLEGE STUDENT

## (A STUDY)

Prof. C. J. THOMA

Value may be defined as anything which is desirable to a person. Value system is a frame work of personal philosophy which governs and influences the individual reactions and responses to any situation. Personal value system is viewed as a relatively permanent and stable perceptual frame-work which shapes and influences the General nature of an individual's behaviour.

Value orientation is a psychological construct - that is, an inferred mental disposition of a person that influences his/her choice behaviour. The choice or personal preference is on the basis of subjective evaluation of the psychological object/idea or material event in dichotomous categories of choices such as desirable Vs undesirable, good Vs bad, liked Vs disliked, preferred Vs non preferred etc. **In short, values are dispositions of generalised nature that influence many of our personal preferences and interests.**

The concept of values may extend over a broad range from individual to organisational, social and universal. Values differ from individual to individual, group to group and community to community.

Differences in human beliefs, values, attitudes, ways of life and ideologies lead to divergent human actions. These differences often generate conflicts and affect the growth of societies Plato, Aristotle and Socrates in ancient Greece; Machiavelli and Cervantes in the renaissance period; Adam Smith, Freud, Karl Marx and John Stuart Mill in the last century have been involved in the study of these differences and the impact on human behaviour, organisational systems and society.

Growth of a society depends upon the availability of natural resources, level of technological sophistication, socio-political structure and human beings. Extensive researches in this area have concluded that growth differentials can mainly be explained in terms of the characteristic differentials of human minds. The contents of man's mind (values and beliefs) are essentially dynamic in nature. Hence they influence and direct the process of growth and development.

Transformation of an underdeveloped so into a developed one entails the transformatio modernisation of human values, beliefs and s Development cannot be achieved as long as possess the values which are different or oppos the growth process.

Some societies are more developed than o and have adopted advancement and massive economic transformation as a way of life. S on the other hand, have accepted the pat modernisation with resistance and still some are in a dilemma. These differences explain contribution of human values and actions t growth process.

Value characterising American Society in activism, optimism, equalitarianism, abundance pragmatism. That is American Society is pred nantly individual oriented. Japanese socie organisation oriented and Indian Society is f oriented.

The manner in which human beings re to their environmental constraints is affected directly and indirectly by their attitudes, per ions and values. Human beings. infact, do respond to their environmental constraints as Instead, their reactions tend to be determine their own images, attitudes and beliefs about environmental constraints. Thus the choice human actions for social growth is governed b value and belief systems. The growth proce to be planned and implemented in the contex human desires and values it to be meaningful functional.

Growth assumes inculcation of logica rational vlaues. Values which are not favo to growth and development must be modifie developing society like ours needs to approa problem of modernisation at a macro-level design a national strategy for achieving chang

According to famous psychologist Sprangler ere are six categories of values. They are :

| | |
|---|---|
| Theoretical : | Dominant interest in the discovery of truth; |
| Economic : | Dominant interest in what is useful high value placed on practical affairs of the business world ; |
| Aesthetic : | Dominant interest in form and harmony ; looks for grace, symmetry and fitness ; |
| Social : | Loves people ; kind, sympathetic and unselfish ; regards love as the only suitable form of human relationship ; |
| Political : | Dominant interest is in power ; desire to exercise influence over others; and |
| Religious : | Seeks unity and comprehension of the cosmos as a whole ; finds religious experience in affirming and participating in life. |

How far these values correlate with the values f the University students is an area of interest. Valu are the guide posts for the students in their vocatio l choice. Concepts, skills and values learned by the udents at educational institutions are useful to them performing their jobs. Thus, values are important the frame work of educational programme indicat g behaviour pattern that can be acquired.

An individual receives education in the family, hool and college. At every place he is taught something and is socialised. He learns to respect various values. The career in education should be consistent with one's values and goals.

College life provides opportunity to learn, mix and work with individuals of all ranges of attitudes, goals and back grounds Behavioural differences are learned through experience on the college campus. The important task of the educational institutions is to provide opportunities to the students to learn the desired type of values or to change the values possessed by them in the desired direction.

To investigate the value orientations of the students of U C. College a study was conducted based on a random sample of 126 students which constitutes six percent of the total. Of the total sample, 25 were drawn from the pre-degree classes 71 from undergraduate classes and 30 from post graduate classes.

The data was collected by using the questionnaire method. A structured instrument was used along with the questionnaire for obtaining the ranking responses to eight values listed- Achievment, Economic, Thrift, Pragmatic, Aesthetic, Spiritual, Social, Political, Self esteem in the instrument. The first part of the questionnaire consists of personal data which help to provide information on the economic status, academic background, religion, and sex of the subjects.

The Subjects were asked to indicate their preferences by rank numbers 1 to 8, the first rank being the most important one to the subject and the eigth the least important one.

The tool was tested for reliability and validity. It was found to be reliable and valid.

The rank Positions of eight categories of values of U. C College students were as follows :

| Value | Rank |
|---|---|
| Self esteem / Ego | 1 |
| Spiritual / Religious | 2 |
| Achievement | 3 |
| Social | 4 |
| Pragmatic / Functional | 5 |
| Power / Politics | 6 |
| Aesthetic | 7 |
| Economic/Thrift | 8 |

The rank order preference of students in different classes was as follows :

| Values | Rank order preference of : Pre-Degree Students | Under Graduates | Post Graduates |
|---|---|---|---|
| Spiritual / Religious | 1 | 4 | 2 |
| Self esteem/Ego | 2 | 2 | 1 |
| Achievement | 3 | 1 | 4 |
| Pragmatic / Functional | 4 | 5 | 5 |
| Social | 5 | 3 | 3 |
| Power / political | 6 | 6 | 6 |
| Aesthetic | 7 | 7 | 7 |
| Economic / Thrift | 8 | 8 | 8 |

The Pattern of value orientations of males and females was as follows :

| Male | Female |
|---|---|
| Achievement | Spiritual/Religious |
| Pragmatic / Functional | Self esteem/Ego |
| Self esteem / Ego | Social |
| Social | Achievement |
| Spiritual / Religious | Pragmatic / Functional |
| Power / Political | Power/Political |
| Aesthetic | Aesthetic |
| Economic/Thrift | Economic / Thrift. |

How far the income background of the subjects affects the value orientations is another field of en[illegible] Four income groups were included in the questionnaire namely, annual income of the guardian (1) less [illegible] Rs 6,000/- (2) between Rs. 6,001/- and 10,000/- (3) between Rs. 10,001/- and Rs. 15,000/- (4) more [illegible] Rs. 15,000/- The rank order preferences of lower income group and upper income group are given in the fo[illegible] ing table.

| Value | Rank order preference of : Upper income group more than Rs. 15,000/- Male | Female | Total | Lower income gr[illegible] less than Rs. 6 00[illegible] Male | Female | T[illegible] |
|---|---|---|---|---|---|---|
| Pragmatic/Functional | 1 | 3 | 1 | 3 | 6 | [illegible] |
| Achievement | 2 | 4 | 2 | 2 | 5 | [illegible] |
| Self esteem/Ego | 3 | 5 | 5 | 1 | 2 | [illegible] |
| Aesthetic | 4 | 6 | 6 | 7 | 4 | [illegible] |
| Power/Political | 5 | 7 | 7 | 6 | 7 | [illegible] |
| Social | 6 | 2 | 4 | 4 | 3 | [illegible] |
| Spiritual/Religious | 7 | 1 | 3 | 5 | 1 | [illegible] |
| Economic/Thrift | 8 | 8 | 8 | 8 | 8 | [illegible] |

It is important to enquire whether religion has significant influence in determining the value orientation of students. The data obtained from the sample can be summarised as follows :

| Value | Rank order preference of : Hindus | Muslims | Christians |
|---|---|---|---|
| Self esteem/Ego | 1 | 2 | 2 |
| Achievement | 2 | 6 | 5 |
| Spiritual/Religious | 3 | 1 | 1 |
| Social | 4 | 4 | 3 |
| Pragmatic/Functional | 5 | 3 | 4 |
| Power/Political | 6 | 7 | 7 |
| Aesthetic | 7 | 5 | 8 |
| Economic/Thrift | 8 | 8 | 6 |

Another area in which value orientation may be influenced is the past educational achievements of the subjects. The educational achievements are classified in to four, namely (1) less than or equal to 50% marks (2) between 50% & 60% marks(3) between 60% & 75% marks and (4) above 75% marks, based on public examinations. The rank order preferences of very high achievers (above 75%) and low achievers (less than or equal to 50%) are:

| Very high achievers | Low achievers |
|---|---|
| Achievement | Self esteem/Ego |
| Pragmatic/Functional | Social |
| Self esteem/Ego | Spiritual/Religious |
| Social | Aesthetic |
| Spiritual/Religious | Achievement |
| Power/Political | Pragmatic/Functional |
| Economic/Thrift | Power/Political |
| Aesthetic | Economic/Thrift |

The study revealed that the College Students lack the qualities of good managers and entrepreneurs.

-O-

# എഴുത്തുകാരൻെറ സ്വാതന്ത്ര്യം ഇനിയുമകലെ......

**ജീവിതവും അതിൻെറ അനിവാര്യമായ ദുഃഖങ്ങളും പ്രത്യയ ശാസ്ത്ര[ങ്ങളു]ടെ പുറന്തോടുകൾക്കുളളിൽ കുടുങ്ങി നിൽക്കാൻ വിസമ്മതം കാണിക്കുന്ന സന്ദ[ർഭ]ങ്ങളുണ്ടു്. ചങ്ങലകൾ തകർക്കുവാനും, ദുരിതങ്ങൾക്കറുതി വരുത്തുവാനുമായി മ[നു]ഷ്യൻ സൃഷ്ടിച്ച പ്രത്യയശാസ്ത്രങ്ങൾ ദുശാഠ്യക്കാരുടേയും അസംബന്ധവാദിക[ളു]ടേയും കൈയ്യിൽ കലയെ ദ്രോഹിക്കുവാനുളള ആയുധമാകുന്നു. ജീവശാസ്ത്ര... കവിതയെ പ്രോലിറേററിയൻ വിപ്ലവത്തിനടിയറവു വെയ്ക്കാൻ വിസമ്മതി[ച്ച] റഷ്യൻ കവി യോസഫ് ബ്രോഡ്സ്കിയാണ് 1987 ലെ സാഹിത്യത്തിനുളള നോബ[ൽ] സമ്മാനം നേടിയത്. ഹിററ്ലറുടെ ജർമ്മനിയിൽ നടന്നതിനേക്കാളേറെ മനുഷ്യക്കു[രു]തി നടത്തപ്പെട്ട സ്ററാലിൻെറ റഷ്യയിൽ നിന്നും അമേരിക്കയിലേക്കു കുടിയേ[റി]പ്പാർത്ത ഈ ചെറുപ്പക്കാരനായ വിമതകവി നോബൽ സമ്മാന സ്വീകരണ വേളയി[ൽ] ചെയ്ത പ്രസംഗമാണ് ഇവിടെ കൊടുക്കുന്നത്**

– എഡിററർ

'ഏകാധിപത്യത്തിൽ രക്തസാക്ഷിയാകുന്നതിനേക്കാൾ നല്ലതു് ജനാധിപത്യത്തിൽ ഒരു തികഞ്ഞ പരാജയമാകുന്നതാണ്. ജന്മനാട്ടിൽ നിന്നും വളരെ ദൂരത്തുപോയ, സ്വകാര്യത ഇഷ്ടപ്പെടുന്ന എന്നെപ്പോലൊരാൾക്ക്, പെട്ടെന്നു് ഇങ്ങനെയൊരു പൊതുവേദിയിൽ പ്രത്യക്ഷപ്പെടുക എന്നതു് സുഖകരമായ അനുഭവമല്ല. എൻെറ ജോലി ചെയ്യുന്ന ഒരാൾക്ക് പലപ്പോഴും ക്രമനിബദ്ധമായ ചിന്താരീതി അവകാശപ്പെടാൻ കഴിയില്ല. അയാൾ ഒരു വ്യവസ്ഥ അവകാശപ്പെടുന്നു; പക്ഷെ അതുപോലും അയാളുടെ കാര്യത്തിൽ, ഒരു പരിതോവസ്ഥയിൽ നിന്നോ, ഒരു സാമൂഹ രീതിയിൽ നിന്നോ, ഒരു തത്വശാസ്ത്രത്തിൻെറ പിന്നാലെയുള്ള ഇളം പ്രായത്തിലുള്ള അന്വേഷണത്തിൽ നിന്നോ രൂപം പ്രാപിക്കുന്നതാണ്. ലക്ഷ്യസാദ്ധ്യത്തിനു വേണ്ടി താൻ സ്വീകരിക്കുന്ന മാർഗ്ഗത്തെക്കുറിച്ച് ഒരു കലാകാരനെ ബോദ്ധ്യപ്പെടുത്താൻ സൃഷ്ടിപരമായ പ്രക്രിയയെപ്പോലെ മറെറാന്നിനും കഴിയില്ല. അന്ന അഹമട്ടോവയുടെ വാക്കുകളിൽ 'കവിത ചവററിൽ നിന്നാണ് വളരുന്നതു്; ഗദ്യത്തിൻെറ വേരുകളും ഒട്ടും ആഭിജാത്യമുള്ളവയല്ല.'

കല എന്തെങ്കിലും പഠിപ്പിക്കുന്നുണ്ടെങ്കിൽ അതു് മനുഷ്യൻെറ സ്വകാര്യതയെക്കുറിച്ച് മാത്രമാണ്. ഏററവും പ്രാചീനമെന്ന നിലയ്ക്കും, സ്വകാര്യകർമ്മത്തിൻെറ ഏററവും സാഹിത്യപരമായ രൂപം എന്ന നിലയ്ക്കും കവിത മനുഷ്യനിൽ ഊട്ടി വളർത്തുന്നതു് അവൻെറ അദ്വിതീയാവസ്ഥയും, വ്യക്തിത്വവും വ്യതിരിക്തതയുമാണ്. അതു് അ[വ]നെ അവനെ ഒരു സാമൂഹ്യജീവിയിൽ നിന്നും ... ത്യക്ഷമായ 'ഞാൻ' എന്ന അവസ്ഥയിലേക്ക് ... നു. വളരെയധികം കാര്യങ്ങൾ പങ്കുവെയ്ക്കാം: കിടക്ക, ഒരു കഷണം റൊട്ടി, ആശയങ്ങൾ,

**കല എന്തെങ്കിലും പഠിപ്പിക്കുന്നു[ണ്ടെ]ങ്കിൽ അത് മനുഷ്യൻെറ സ്വകാര്യത[യെ]ക്കുറിച്ച് മാത്രമാണ്.**

ഭാര്യ, പക്ഷേ ഒരിക്കലും ഒരു കവിതയെ പ[ങ്കുവെ]യ്ക്കാനാവില്ല. ഉദാഹരണത്തിനു് റെയ്നെ മ[രിയ] റിൽക്കെയുടെ കവിതകൾ. ഒരു കലാപര[മായ] സൃഷ്ടി. പ്രത്യേകിച്ച് സാഹിത്യം അ[ത്] തന്നെ വിശേഷിച്ചും കവിത മനുഷ്യനുമായി ... മുഖം സംവേദനം നടത്തുന്നു.

ഭാഷകളും, സാഹിത്യവും മറേറതൊ[രു സാ]മൂഹ്യ വിഭാഗത്തേക്കാളും പ്രാചീനവും, കൂടുത[ൽ ...]ലനിൽക്കുന്നതും അനിവാര്യവുമായ വസ്തുക്കളാ[ണ്]. രാഷ്ട്രം സാഹിത്യത്തിൻെറ മണ്ഡലങ്ങളാൽ ഇ[ടപെ]ടുന്ന കാലം വരെ സാഹിത്യം രാഷ്ട്രത്തിൻെറ മ[ണ്ഡ]ലങ്ങളിലും ഇടപെടും.

രാഷ്ട്രത്തിൻെറ തത്വശാസ്ത്രവും അതിൻെറ സദാചാരവും (അതിൻെറ സൗന്ദര്യ ശാസ്ത്രത്തെക്കുറിച്ച് പറയേണ്ടതില്ല) എല്ലായ്പ്പോഴും 'ഇന്നലെ' യാണ്, ഭാഷയും സാഹിത്യവും എല്ലായ്പ്പോഴും 'ഇന്നും', ഒരു രാഷ്ട്രീയ വ്യവസ്ഥിതി യാഥാസ്ഥിതികമായിരിക്കുന്നിടത്തു് അതു് 'നാളെ' യുടെ അടിസ്ഥാനമായും വർത്തിക്കും. സാഹിത്യത്തിൻെറ [ഗു]ണങ്ങളിലൊന്നു് അതു് ഒരു വ്യക്തിയുടെ കാല[...]ത്തെ കൂടുതൽ വ്യക്തമാക്കുവാനും, അവനെ [...]അവൻെറ മുൻഗാമികളുടെ കൂട്ടത്തിൽ നിന്നു് വ്യതി[...]രിക്തനാക്കുവാനും സഹായിക്കുന്നു എന്നതാണ്.

**രാഷ്ട്രം സാഹിത്യത്തിൻെറ മണ്ഡലങ്ങളിൽ ഇടപെടുന്ന കാലം വരെ സാഹിത്യം രാഷ്ട്രത്തിൻെറ മണ്ഡലങ്ങളിലും ഇടപെടും.**

കലയെ പൊതുവായും, സാഹിത്യത്തെ [പ്ര]ത്യേകിച്ചും, മേന്മയേറിയതാക്കുന്നത്, അവയെ [ജീ]വിതത്തിൽനിന്നും വിവേചിച്ചു നിർത്തുന്നതു്, [അ]വ ആവർത്തനം വെറുക്കുന്നുവെന്നതാണ്. കല [...]രിച്ചടിയ്ക്കാത്ത ആയുധമാണ്. അതിൻെറ പുരോ[ഗ]തി നിശ്ചയിക്കപ്പെടുന്നത്, കലാകാരൻെറ വ്യ[ക്]തിപ്രത്തിലല്ല, മറിച്ച് വസ്തുവിൻെറ ചലനാത്മ[ക]തയാലും, യുക്തിയിലുമാണ്. തനതായ വംശ[പാ]രമ്പര്യവും, ഗതിതന്ത്രവും യുക്തിയും, ഭാവിയു[മു]ള്ള കല ചരിത്രവുമായി സമാനാർത്ഥമായല്ല, സ[മാ]ന്തരമായാണ് വർത്തിയ്ക്കുന്നതു്. അതുകൊണ്ടാ[ണ്] കല പുരോഗതിയ്ക്കും, ആവർത്തനം ഉപകരണ[മാ]യുള്ള ചരിത്രത്തിനും മുന്നിൽ സ്ഥാനം പിടിയ്ക്കു[ന്ന]തു്.

[ക]തെരുവിൻെറ ഭാഷയാണ്, ജനക്കൂട്ട[...]ത്തിൻെറ ഭാഷയാണ് ഒരെഴുത്തുകാരൻെറ കൃതി. [പ്ര]ത്യേകിച്ചും കവിതയുടേത്. ഉപയോഗിയ്ക്കേണ്ട[ത്] എന്ന ചിന്താഗതി ഈ ദിവസങ്ങളിൽ നമ്മുടെ [...]ദ്ധ്യത്തിൽ നിലനിൽക്കുന്നുണ്ട്. എത്ര ജനാധി[...]പത്യ പരിവേഷമുണ്ടെങ്കിലും ഈ ചിന്താഗതി [സർ]വ്വം അസംബന്ധമാണ്. കലയെ, സാഹിത്യ[...]ത്തെ ചരിത്രത്തിനു് കീഴ്പ്പെടുത്തുവാനുള്ള ശ്രമ[...]മാണിത്. 'ഹോമോസാപിയൻസിനു്' [...]അവൻെറ പുരോഗതി തടസ്സപ്പെടുത്തേണ്ട സമയ[...]മായി എന്നു് നാം ചിന്തിയ്ക്കുകയാണെങ്കിൽ മാത്രം [...]സാഹിത്യം ജനങ്ങളുടെ ഭാഷ സംസാരിച്ചാൽ മതി.

പൊതുവെ, സൗന്ദര്യാത്മകമായ ഓരോ പുതിയ യാഥാർത്ഥ്യവും മനുഷ്യൻെറ സദാചാര പരമായ യാഥാർത്ഥ്യത്തെ കൂടുതൽ സൂക്ഷ്മമാക്കുന്നു. കാരണം സൗന്ദര്യശാസ്ത്രം സദാചാര ശാസ്ത്രത്തിൻെറ മാതാവാകുന്നു. സദാചാര ശാസ്ത്രത്തിൽ എല്ലാം അനുവദിയ്ക്കപ്പെടുന്നില്ലെങ്കിൽ അതിനു കാരണം സൗന്ദര്യ ശാസ്ത്രത്തിൽ എല്ലാം അനുവദിയ്ക്കപ്പെടുന്നില്ലെന്നതു് തന്നെയാണ്. ഒരു അപരിചിതനെ തിരസ്കരിക്കുകയും കരയുകയും ചെയ്യുന്ന ഒരു ശിശു അങ്ങിനെചെയ്യുന്നതു് ജന്മവാസനയാലാണ്. അങ്ങിനെ ചെയ്യുമ്പോൾ സദാചാരപരമായ ഒരു തിരഞ്ഞെടുപ്പല്ല, മറിച്ച് സൗന്ദര്യശാസ്ത്ര പരമായ തിരഞ്ഞെടുപ്പാണ് അവൻ നടത്തുന്നതു്. ഞാൻ ഒരു തിരഞ്ഞെടുപ്പാണ് അവൻ നടത്തുന്നതു്. ഞാൻ ഒന്നുകൂടി ഊന്നിപ്പറയുന്നു. സദാചാര ജീവി എന്നതിനുമുമ്പ് മനുഷ്യൻ ഒരു സൗന്ദര്യാത്മക ജീവിയാണ്.

**സൗന്ദര്യശാസ്ത്രം സദാചാര ശാസ്ത്രത്തിൻെറ മാതാവാകുന്നു. സദാചാര ശാസ്ത്രത്തിൽ എല്ലാം അനുവദിയ്ക്കപ്പെടുന്നില്ലെങ്കിൽ അതിനു കാരണം സൗന്ദര്യശാസ്ത്രത്തിൽ എല്ലാം അനുവദിക്കപ്പെടുന്നില്ലെന്നത് തന്നെയാണ്**

അതുകൊണ്ടു് കല നമ്മുടെ വർഗ്ഗത്തിൻെറ പുരോഗതിയുടെ ഉപോല്പന്നമല്ല മറിച്ച് അതിൻെറ നേരെ എതിരാണ്. ജീവികുലത്തിലെ മററംഗങ്ങളിൽ നിന്നു് നമ്മെ വേർതിരിച്ചു് നിർത്തുന്നതു് സംസാരിക്കുവാനുള്ള കഴിവാണെങ്കിൽ, സാഹിത്യവും ഭാഷയുടെ ഏററവും ഉന്നതമായ രൂപവുമായ കവിതയും, പച്ചയായി പറഞ്ഞാൽ, നമ്മുടെ വർഗ്ഗത്തിൻെറ ലക്ഷ്യമാകുന്നു.

രാഷ്ട്രീയ പദ്ധതികളുടെ അടിസ്ഥാനത്തിലല്ലാതെ, വായനയുടെ പിൻബലം നോക്കി, നമുക്ക് നമ്മുടെ നേതാക്കന്മാരെ തിരഞ്ഞെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഭൂമിയുടെ വേദനയും ദുരിതവും കുറയുമായിരുന്നു. രാഷ്ട്രത്തെ ഒരു ലൈബ്രറി കൊണ്ടു് മാററി സ്ഥാപിക്കണമെന്നല്ല ഞാൻ ആവശ്യപ്പെടുന്നതു്. അങ്ങിനെയൊരു ചിന്ത എൻെറയുള്ളിൽ പലപ്പോഴും രൂപം കൊണ്ടിട്ടുണ്ടെങ്കിലും....

ഒരു നിയമത്തിനും നമ്മെ നമ്മിൽ നിന്നും സംരക്ഷിക്കാനാവില്ലെന്നിരിക്കെ, ഒരു ക്രിമിനൽ നിയമത്തിനും സാഹിത്യത്തിനെതിരെയുള്ള ഒരു യഥാർത്ഥകുററവും തടയാനാവില്ല. സാഹിത്യത്തി

ന്റെ ഭൗതികപരമായ അടിച്ചമർത്തൽ, സാഹിത്യകാരന്മാരെ പീഢിപ്പിക്കൽ, സെൻസർഷിപ്പിന്റെ നിയമങ്ങൾ, പുസ്തകങ്ങൾ കത്തിക്കൽ – ഇവയൊക്കെ നമുക്കപലപിക്കാൻ കഴിയുമെങ്കിലും, 'ഗ്രന്ഥങ്ങൾ വായിക്കാതിരിക്കുക' എന്ന ഏററവും ഹീനമായ കുററത്തിനു മുന്നിൽ നാം നിസ്സഹായരാണ്. ആ കുററത്തിന്, ഒരു മനുഷ്യൻ കൊടുക്കേണ്ടി വരുന്ന വില അവന്റെ മുഴുവൻ ജീവിതവുമാണ്. കുററവാളി രാഷ്ട്രമാണെങ്കിൽ, അതു് അതിന്റെ ചരിത്രം ബലികഴിക്കുന്നു. ഒരു ന്യൂനപക്ഷമായ റഷ്യൻ ബുദ്ധിജീവി വർഗ്ഗത്തിനു് സാഹിത്യം അടിയറവു വെയ്ക്കപ്പെട്ടു എന്നതാണ് റഷ്യയുടെ ദുരന്തം.

---

**രാഷ്ട്രീയ പദ്ധതികളുടെ അടിസ്ഥാനത്തിലല്ലാതെ വായനയുടെ പിൻബലം നോക്കി. നമുക്ക് നമ്മുടെ നേതാക്കൻമാരെ തിരഞ്ഞെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഭൂമിയുടെ വേദനയും ദുരിതവും കുറയുമായിരുന്നു.**

---

ലെനിൻ ധാരാളം വായിച്ചിരുന്നു. സ്റ്റാലിനും നല്ലൊരു വായനക്കാരനായിരുന്നു. ഹിററ്ലറും അങ്ങിനെ തന്നെയായിരുന്നു. മാവോസേതുങ്ങിന്റെ കാര്യത്തിലാണെങ്കിൽ, അദ്ദേഹം കവിതകളെഴുതിയിരുന്നു. പക്ഷേ ഇവർ തമ്മിലുണ്ടായിരുന്ന സാജാത്യം അവരുടെ 'ഹിററ്ലിസ്റ്റ്' നു് അവരുടെ 'റീഡിങ്ലിസ്റ്റ്' നേക്കാൾ നീളമുണ്ടായിരുന്നുവെന്നാണ്

ചർച്ചകളുടെ പ്രത്യക്ഷത്തിലുള്ള കുഴപ്പമെന്താണെന്നുവച്ചാൽ അവ അവയുടെ ലാഘവത്വത്തിൽ മനസ്സാക്ഷിയെ മലിനമാക്കുന്നുവെന്നതാണ്. സദാചാരപരമായ ആശ്വാസം പകർന്നുതന്നുകൊണ്ട് നാം ശരിയുടെ മേഖലയിലാണെന്നു അവ നമ്മോടു പറയുന്നു. ഇവിടെയാണ് പ്രലോഭനം കിടക്കുന്നതു്.

ഇന്നു് റഷ്യനിലോ ഇംഗ്ലീഷിലോ എഴുതപ്പെടുന്നതു് അടുത്ത ആയിരം കൊല്ലത്തേക്കു് ഈ ഭാഷകളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നു. കവി, ഞാൻ ആവർത്തിക്കുന്നു, ഭാഷയുടെ നിലനിൽപ്പിനുള്ള മാർഗ്ഗമാണ്, അല്ലെങ്കിൽ, എന്റെ പ്രിയപ്പെട്ട 'ഓഡൻ' പറഞ്ഞതുപോലെ അവനിലൂടെയാണ് ഭാഷ ജീവിക്കുന്നതു്.

ഒരു വ്യക്തി കവിതയെഴുതുന്നതു്, അ... ത കൈവരിയ്ക്കാം എന്നതുകൊണ്ടുമാത്രമല്ല. ... എഴുതുന്നതു് ഭാഷ അവനെ പ്രേരിപ്പിക്കുന്നുണ്ടാണ്, അല്ലെങ്കിൽ അടുത്ത വരി വെറുതെ... ഞ്ഞു കൊടുക്കുന്നതുകൊണ്ടാണ്. കവിത ... മ്പോൾ അവസാനം എങ്ങിനെയായിരിയ്ക്കു... നെക്കുറിച്ച് കവി അജ്ഞനാണ്. ചില... കവിതയുടെ അപ്രതീക്ഷമായ പരിണാമം ... കവി അത്ഭുതപ്പെടുന്നു. ഭാഷയുടെ ഭാവികാലം ... മാനകാലത്തിനെ ആക്രമിക്കുന്ന നിമിഷ... കവിയുടെ ചിന്ത വിചാരിച്ചതിലേറെ ... അവനെ സംവഹിയ്ക്കുന്നു.

നമുക്കറിയാവുന്നതുപോലെ അറിവിന് ... രീതികളുണ്ടു്. വിശകലനാത്മകമായ അറിവ്, ... ഹജജ്ഞാനപരമായ അറിവ്, ബൈബിളി... വാചകന്മാർക്കു നൽകപ്പെട്ടിരുന്ന വെളിപാടു... ടെയുള്ള അറിവ്. സാഹിത്യത്തിന്റെ ഇതര... ങ്ങളിൽ നിന്നും കവിതയെ വേർതിരിക്കു... അതു് ഈ മൂന്നുതരം അറിവും ഒരേസമയം ഉപ... ഗിക്കുന്നുവെന്നതാണ്. പ്രപഞ്ചഗ്രാഹ്യത്തിന്റെ... മനസ്സാക്ഷിയുടേയും അസാധാരണമായ ഉത്തേ... ശക്തിയാണ് കവിതാരചന. ഈ ഉത്തേജകശ... അനുഭവിച്ചുകഴിഞ്ഞാൽ ഒരിക്കൽക്കൂടി ഈ അ... വം ആവർത്തിയ്ക്കുവാനുള്ള അവസരം ആക്കം ത... രിക്കാനാവില്ല. പലരും മയക്കുമരുന്നിനോ, ... ത്തിനോ അടിമയായിത്തീരുന്നതുപോലെ, ... വ്യക്തി ഈ പ്രക്രിയയിൽ ആശ്രിതനായി മാ... ഇങ്ങനെയൊരു രീതിയിൽ ഭാഷയെ ആശ്ര... ന്ന വ്യക്തിയെയാണ് കവിയെന്നു വിളിയ്ക്കുന്ന...

---

**'ഗ്രന്ഥങ്ങൾ വായിക്കാതിരിക്ക...' എന്ന ഏററവും ഹീനമായ കുററത്തി... മുന്നിൽ നാം നിസ്സഹായരാണ്. ... കുററത്തിന്, ഒരു മനുഷ്യൻ കൊടു... ണ്ടി വരുന്ന വില അവന്റെ മുഴുവൻ ജീ... വിതവുമാണ്. കുററവാളി രാഷ്ട്ര... ണെങ്കിൽ, അത് അതിന്റെ ചരിത്രം ബ... ലി കഴിക്കുന്നു. ഒരു ന്യൂനപക്ഷ... റഷ്യൻ ബുദ്ധിജീവി വർഗ്ഗത്തി... സാഹിത്യം അടിയറവു വെയ്ക്കപ്പെട്ടു... എന്നതാണ് റഷ്യയുടെ ദുരന്തം.**

---

★

# സമസ്യാ പൂരണം

സമസ്യാപൂരണംസമസ്യാപൂരണംസമസ്യാപൂരണംസമസ്യാപൂരണംസമസ്യാപൂരണം

## "...പാഴായിടുന്ന യുവജീവിതങ്ങൾ"

**...ഗസിൻ കമ്മററി നടത്തിയ സമസ്യാപൂരണത്തിൽ ഒന്നാം സ്ഥാനം നേടിയത്**

**...ലാലയം കാടിനു തുല്യമിന്നീ**
**...ഷ്ട്രീയമോ കാടുമുടിക്കുമഗ്നി**
**...ത്തീയിൽ വീഴും ശലഭങ്ങൾ പോലെ**
**...ഴായിടുന്നു യുവജീവിതങ്ങൾ**

**–കൃഷ്ണകുമാർ എം. എ.**
**II B Sc,. Chemistry**

...ലപ്പുഴക്കപ്പുഴകളത്തലേററ
...ശ്വപ്രപഞ്ചപ്പുരത്തന്റെ കീഴിൽ
...ളത്തെ വററിന്നിരക്കുന്ന കാലം
...ഴായിടുന്ന യുവജീവിതങ്ങൾ

**—വർഗീസ് പോൾ I B Sc., Maths**

...ാറ്റുന്ന മദ്യം മദിരാക്ഷിനൃത്തം
...ലപ്പടം ബ്രൗൺഷുഗർ സ്വർഗ്ഗലോകം
...ലാവിലാസത്തോടു് മേളമായി
...ഴായിടുന്ന യുവജീവിതങ്ങൾ

**–വാസന്തി കെ. വി. II B Sc., Chemistry**

...ാടിയദുഃഖങ്ങൾ അമർത്തിവച്ച്
...ാടിയും പിടിച്ചുനടന്നീടുന്ന
...ാടികത്തിവാഴാമെന്നാഗ്രഹിച്ച്
...ഴായിടുന്ന യുവജീവിതങ്ങൾ

**–ബേബി കരുവേലിൽ I B. A. Mal**

ലോട്ടറി ടിക്കററും കൈയ്യിലെ ഡിഗ്രിയും
കണ്ടുകൊണ്ടെത്രയോ സ്വപ്നങ്ങൾ നെയ്തയാൾ
സ്വപ്നങ്ങളെല്ലാം തകർന്നപ്പോളോർത്തു
പാഴായിടുന്നു യുവജീവിതങ്ങൾ

**–രാജേന്ദ്രൻ II PDC III G**

ഗാന്ധിതൻ കൈകൊണ്ട് നട്ടൊരാമാവിന്ന്
യൂസിതൻ മുററത്ത് നിന്നുകൊണ്ടു
കാര്യമറിയാമി ഞങ്ങൾക്കു വ്യക്തമായി
പാഴായിടുന്നു യുവജീവിതങ്ങൾ

**–പ്രീതാകുമാരി S. P. II B A Mal.**

പാദങ്ങൾ ഇടറിയ പന്ഥാവിലിന്നിതാ–
കയ്യിൽ തുളുമ്പും പുതുവീഞ്ഞിലൂടെ
ചുണ്ടിൽ തിളങ്ങും കഞ്ചാവിലൂടെ
പാഴായിടുന്നു യുവജീവിതങ്ങൾ

**–രമ വി. II BA Mal.**

അനന്തമജ്ഞാതമവർണ്ണനീയം
ഈ ജീവിതത്തിൽ ഗതിയെന്നതോർപ്പിൽ
കൈക്കൂലിയേകാൻ ഗതിയോലുമെന്യേ
പാഴായിടുന്നു യുവജീവിതങ്ങൾ

**– മിനി വർക്കി II BA Mal.**

എത്രയോ വർഷങ്ങൾ ബുദ്ധിമുട്ടി
എത്തിപ്പിടിച്ചോരു ഡിഗ്രിയുമായ്
'വൈററ്ക്കോളർ' ജോലി തേടി തേടി
പാഴായിടുന്നു യുവജീവിതങ്ങൾ

**– ശ്രീകുമാർ A III B A Eng.**

പരസ്ത്രീയുടെ 'പര' മാററി 'സ്വന്തം'
പകരം ചേർക്കുന്ന പ്രക്രിയ
പാണിഗ്രഹണമതിൽപ്പെട്ട്
പാഴായിടുന്നു യുവജീവിതങ്ങൾ

**– പ്രതീപ് V. K. II BA Eco.**

കഞ്ചാവും, കറപ്പും-
മദ്യവും, മദിരാക്ഷിയും
ഇവകളിൽ കുടുങ്ങീടുകിൽ
പാഴായിടുന്നു യുവജീവിതങ്ങൾ

**– അറുമുഖദാസ് C. V. I P D C III GA**

സത്യം സമത്വം സമസൃഷ്ടിയെല്ലാം
ചത്ത പുരാണത്തിൻ അസ്ഥിമാത്രം
ജാതിമത വർഗ്ഗരാഷ്ട്രീയമിന്നിൽ
പാഴായിടുന്നു യുവജീവിതങ്ങൾ

**–ദീപ സി. എ. I BSc., Zool**

തമസ്സിൽ ഭയം ചുററും പീലി വിരിക്കവെ
മനസ്സിൽ മരീചിക ചുററിപ്പിണയവേ
മുന്നിലെ കണ്ണാടി നോക്കി ഞാൻ വായിച്ചു
പാഴായിടുന്നു യുവജീവിതങ്ങൾ

**– നിമ്മി P. R. II BA M**

എന്തിനായ് നീ വന്നു സത്യമേ ? പോകനീ
ഇന്നലെ നിൻ ശവദാഹം കഴിഞ്ഞില്ലേ
കരയായ്കതായേ നീ കാരുണ്യമോർക്കേണ്ട
പാഴായിടുന്നു യുവജീവിതങ്ങൾ

**–ഷെറി ജോണി II PDC I**

തൻെറ ജനങ്ങളുടെ ക്ഷേമമന്വേഷിക്കാൻ
മാവേലി വന്നപൊന്നോണ നാളിൽ
മാവേലിപോലും പറഞ്ഞു പോയന്നിത്
പാഴായിടുന്നു യുവ:ജീവിതങ്ങൾ

**–സിൽവി പുളിക്കൽ II BA His**

വൃദ്ധൻ നടന്നു നഗരത്തിലൂടെ
വൃദ്ധൻ കണ്ടു പതിനായിരത്തെ
സ്വപ്നങ്ങളൊക്കെ തകർന്നപ്പോളോർത്തു
പാഴായിടുന്നു യുവജീവിതങ്ങൾ

**– ജോളി എൻ. സി. I BA M**

ആയിരം വർണ്ണമായുഗങ്ങൾ വിരിയും
ഭാരതാംബെ തൻമുഖകാന്തി
മങ്ങിയതെന്തെന്നറിയാമീങ്ങൾക്ക്
പാഴായിടുന്നു യുവജീവിതങ്ങൾ

**–കുഞ്ഞുമുഹമ്മദ് വി. എ**
**II BA His**

ഏതോ കടലാസിൽ കുറിച്ച ഡിഗ്രി
കാർഡുമായെംപ്ലോയ്മെൻറിലെത്തി
കാലേപുലർച്ചെ മുതൽക്ക്നിന്ന്
പാഴായിടുന്നു യുവജീവിതങ്ങൾ

**–രാജി വർഗീസ് III BA Phychol**

...ഏറെ സ്വപ്നം മനസ്സിലേററി
...കാലെ കാമ്പസിൻ ക്യാമ്പിലെത്തി
...ഏറെ പഠിച്ചും തലവേദനിച്ചും
...പാഴായിടുന്നു യുവജീവിതങ്ങൾ

**മായ ദേവി II BA History**

...എന്നുംമുടങ്ങാതെ ക്ലാസിലെത്തി
...ന്നും വിടാതെ പകർത്തെടുത്ത്
...രാവും പകലും പഠിച്ച് വൃഥാ
...പാഴായിടുന്നു യുവജീവിതങ്ങൾ

**–ഉണ്ണി I BSc.. Maths.**

...കഞ്ചാവിനഞ്ച് നിറമെന്നുകേട്ട്
...കഞ്ചാവടിച്ച് ചരസ്സടിച്ച്
...ബോധം നശിച്ച് തലതിരിഞ്ഞ്
...പാഴായിടുന്നു യുവജീവിതങ്ങൾ

**–സോമൻ എറിയാട് II M. A. History**

...രാവിലെ കാമ്പസിൻ ക്യാമ്പിലെത്തി
...ഗണി വൃക്ഷച്ചുവട്ടിലെത്തി
...രോന്നിനെയും കമൻറടിച്ച്
...പാഴായിടുന്നു യുവജീവിതങ്ങൾ

**–കൃഷ്ണൻ P. C. II BA History.**

...ത്യൻെറ മാനവമാനം ഹനിച്ചിടും
...ദ്യമയക്കം മദോൻമത്തമാകിലും
...മനസ്സിലെ മാരിവിൽ മങ്ങിമറയുമ്പോൾ
...പാഴായിടുന്നു യുവജീവിതങ്ങൾ

**– വർഗീസ് പോൾ I BSc., Maths.**

...ടുന്ന ബസ്സിൻ പിറകിൽ,
...ത്തുന്ന ക്ലാസ്സുമുറികളിൽ
...ളുന്ന ഇൻറർവ്യൂകളിൽ
...പാഴായിടുന്നു യുവജീവിതങ്ങൾ

**– മിനി V. S. II BA Mal.**

...രിണാമത്തെ പരിണയിക്കാൻ
...വിനാശത്തിൻെറ വിത്തും തേടി
...ഥി തേടി അലയുമ്പോൾ
...പാഴായിടുന്നു യുവജീവിതങ്ങൾ

**– പ്രഭാവതി P. S. II BA Mal.**

ലൈബ്രറിയുടെ ഇരുണ്ട മൂലയും
N. R. ൻെറ നരച്ച ഭിത്തിയും
കോളേജ് കാമ്പസിൻ ചുടലതയും, ചേർന്നാൽ
പാഴായിടുന്നു യുവജീവിതങ്ങൾ

**– സറീനാ ജോസ് II BSc., Maths.**

കൊണ്ടൽവേണിമാർ തൻ വാക്കുകേട്ടും
അവർതൻ സൗന്ദര്യത്തിൽ ഭ്രമിച്ചും
ദിവാസ്വപ്നങ്ങളിൽ മുങ്ങിത്തുടിച്ചും
പാഴായിടുന്നുയുവജീവിതങ്ങൾ

**– രമേശ് പി. സി.**
**– I BSc., Zoology**

കോളേജ് കാമ്പസിൽ 'ചെത്തി' നടന്ന്
ഏറെ ലഹരികളിൽ മുങ്ങിമയങ്ങി
കാമ്പസ് പ്രണയത്താൽ നിരാശയിലായി
പാഴായിടുന്നു യുവജീവിതങ്ങൾ

**–വിനു ഏലിയാസ് II BSc., Che.**

ഓരോ പുകയിലും സ്വർഗ്ഗം കണ്ട്
ഓർമ്മകളകററാനായൊരു സ്മോളടിച്ച്
ഒത്തിരി സ്വപ്നങ്ങളിൽ മയങ്ങി
പാഴായിടുന്നു യുവജീവിതങ്ങൾ

**– സഗീർ K. E. I P D C III G.**

പൂക്കുന്ന കഞ്ചാവും ജ്വലിക്കുന്ന പ്രേമവും
ഇരുൾനീല മഴകളായ് ഉൾത്തലങ്ങളിൽ
അപശ്രുതിയിഴകൾക്കിടയിലൂടൊലിക്കവെ
പാഴായിടുന്നു യുവജീവിതങ്ങൾ

**– മഞ്ജു ടി. സി. II P D C I G.**

ഘോരാന്ധകാര പ്രവാസിതവീഥിയിൽ,
ഏതോ നിഗൂഢ വനാന്തരേ മിഥ്യയിൽ,
അസ്തിത്വവും തേടിയുഴലുന്ന പാതയിൽ,
പാഴായിടുന്നു യുവജീവിതങ്ങൾ

**– ജ്യോതി ലക്ഷ്മി M. R I P D C I G.**

മുമ്പേനടക്കുന്ന മിഥ്യയാം ലക്ഷ്യവും
പിമ്പേ അണയുന്ന മോഹഭംഗങ്ങളും
ലക്ഷ്യമില്ലാതിവിടെത്രയോ കാര്യത്താൽ
പാഴായിടുന്നു യുവജീവിതങ്ങൾ

**സജി ടി. എസ്. I P D C I G.**

# not beautiful enough ?

JOHNY JOSE I BSc., Chemist

Are you often absorbed by a consuming interest in your own personal appearance ? Human beings always have been like that Three decades ago, Huxley pointed out that American women spent about three million pounds a week to beautify themselves. The men and women of our age also are at the forefront. Fortunately, no statistician has attempted to present the Indian expenditure on cosmetics.

If a thick coating of lipstick doesn't satisfy you sufficiently, if your large glasses don't cover up your not-so-beautiful face, if those garish clothes in which you swelter don't take away the onlookers' attention from your face (which in fact is the intention), if those high heeled sandals fail to make you tall enough, don't loss heart. Jump up from your seat, stand before a mirror and discover the secrets of your flesh and blood.

Stare at your self and ponder upon the shape of your head and trunk and limbs. You find yourself to be a short guy; but so is Gavaskar. You have a narr forehead; socrates too had a narrow forehead. Do think that your nose is long and crooked ? You resemble Indira Gandhi and George Washington. Y sunken eyes are merely like those of St. Paul and y thick lips are similar to those of Louis XIV.

You may think that your ears are long might suit the head of an animal; but Cervantes had such ears. Don't worry about having hollow che even Lincoln had them. If your chin is too long, re ember that Gatting, the English captain possesses very similar chin. Your complexion can vie with of a crow But be happy that Viv Richards is with in this aspect.

So be proud; you possess all the characte traits of all great men from Socrates to Gavaskar. doubt, you are designed for accomplishment and de ned for achievement.

–00–


*With best compliments from:–*

**ആലുവ ക്ഷീരവ്യവസായ സഹകരണസംഘം ക്ലിപ്തം**

യു. സി. കോളേജ് പി. ഒ.

ആലുവ.

രജി: നമ്പർ 4313

*With best compliments from: –*

**Lucky Fabrics**

CARMEL CENTRE

ALWAYE.


# മാധാനത്തോടെ ഉറങ്ങുക ! ഞങ്ങളീതെററ് ആവർത്തിക്കില്ല !

'സമാധാനത്തോടെ ഉറങ്ങുക, ഞങ്ങളീ തെ റ് ആവർത്തിക്കില്ല'. ഈ വാക്കുകൾ ഓർക്കുന്നു ? ഹിരോഷിമയിലെ ശവക്കല്ലറയിൽ എഴു വച്ചിരിക്കുന്ന വാക്കുകളാണിത്. അടുത്തയിടെ താരാഷ്ട്രരംഗത്തു നടക്കുന്ന പല നീക്കങ്ങളും കാ ബോറം മുകളിൽ ഉദ്ധരിച്ച വാക്കുകൾക്ക് അർത്ഥം ക്കുന്നു എന്നാണ് മനസ്സിലാകുന്നത്. ലോക മാധാനത്തിനുവേണ്ടി അടുത്ത കാലങ്ങളിൽ നട നീക്കങ്ങളിൽ സുപ്രധാനമാണ് 1987 ഡിസം റിൽ ഗോർബച്ചേവും റെയ്ഗനും തമ്മിൽ വാ ംഗ്ടണിൽ വച്ചുണ്ടാക്കിയ കരാർ.



സമാധാനത്തിനായ് രണ്ട് കയ്യൊപ്പുകൾ.

ലോകപരിസ്ഥിതി 1987 മുഴുവനും നിരാ ജനകമായിരുന്നു. അന്തരീക്ഷം സംഘട്ടനങ്ങളുടെ യിരുന്നു. മുൻകൊല്ലത്തിലെ അതേ തീവ്രതയോ തന്നെ പ്രാദേശികമായ യുദ്ധങ്ങൾ തുടർന്നുകൊ ിരുന്നു. അഫ്ഗാനിസ്ഥാനും, കമ്പൂച്ചിയയും, ക്കരാഗ്വയും, അംഗോളയും, നമീബിയയും വാർത്ത ളിൽ വളരെയധികം സ്ഥാനം പിടിച്ചുകൊണ്ടി ു. ഇറാനോ, ഇറാക്കോ കീഴടങ്ങാതെ ഗൾഫ് ം ഉഗ്രമായി നടന്നു. ആണവയുദ്ധത്തിനുള്ള സാ തകൾ എപ്പോഴും സംഭവിക്കാമെന്ന അവസ്ഥ



അഷറഫ് കെ. കെ.

II BA History

യിൽ തന്നെ തുടർന്നു. എന്നിരുന്നാലും കൊല്ലാവ സാനത്തോടെ ലോകമനസ്സാക്ഷിയിൽ ഒരു പുതി യ ആവേശമുണ്ടായി. ലോകത്തിൻെറ സുരക്ഷിതാ വസ്ഥ പെട്ടെന്ന് ഭേദപ്പെട്ട നിലയിലേക്ക് വരു ന്നതായി തോന്നി. ഒരു മൂന്നാം ലോകമഹായുദ്ധം ഒഴിവാക്കി എന്ന പ്രതീക്ഷകളുണർത്തി. ലോകത്തി നുണ്ടായ ഈ ഗുണകരമായ മാററത്തിൻെറ ഉത്തര വാദിത്വം ലോകത്തിലെ രണ്ടു വൻശക്തികൾക്കാ ണ് പോകുന്നത്.

മറി കടക്കാനാവാത്ത പ്രതിബന്ധങ്ങളുണ്ടാ യിട്ടും ലോകസമാധാനത്തിനുവേണ്ടി കഠിനപ്രയ ത്നം ചെയ്ത ആൾ എന്ന നിലയിൽ സോവിയററ് നേതാവ് മിഖായേൽ ഗോർബച്ചേവിനാണ് ഇ തിൽ പ്രധാന പങ്കുള്ളത്. 1987 ഡിസംബർ 8 മു തൽ 10വരെ മൂന്നുദിവസത്തേയ്ക്ക് വാഷിംഗ്ടണിൽ വെച്ച് നടന്ന ഉച്ചകോടി കൂടിയാലോചനകളുടെ ഫലമായി മിഖായേൽ ഗോർബച്ചേവും പ്രസിഡ ൻറ് റെയ്ഗനും ഒരു കരാറിൽ ഒപ്പുവച്ചു. അണ്വാ യുധങ്ങളുടെ സംഭരണം കുറച്ചുകൊണ്ടുവരാനുള്ള ച രിത്രപരമായ ഒരു പ്രക്രിയ ഇതിലൂടെ തുടങ്ങി. ഈ കരാർ ഒരു ചെറിയ തുടക്കമായിരുന്നെങ്കിലും അണ്വാ വായുധങ്ങളുടെ സംഭരണം കുറയ്ക്കുന്നതിലൂടെ തന്ത്ര പരമായ ആയുധശേഖരങ്ങൾ പകുതിയായി കുറയ്ക്കു ക എന്ന രണ്ടാമത്തെ ലക്ഷ്യം നേടാനായി വരും

കൊല്ലങ്ങളിൽ കൂടിയാലോചനകൾ നടക്കുവാൻ ഇതു് വഴിയൊരുക്കി എന്നുള്ളതു് നിസ്സാര കാര്യമല്ല.

ഉച്ചകോടിയുടെ തീരുമാനങ്ങൾ ലോകം മുഴുവൻ സ്വാഗതം ചെയ്തു. ഒററ രാത്രി കൊണ്ടു് ലോകം താമസിക്കാൻ സുരക്ഷിതമായ സ്ഥലമായി എന്നതുകൊണ്ടല്ല, സംഭാഷണത്തിലൂടെ അഭിപ്രായ വ്യത്യാസങ്ങൾ തീർക്കാമെന്നു് അന്താരാഷ്ട്ര ശക്തിബന്ധങ്ങളിൽ ഒരു പുതിയ അദ്ധ്യായം ലോകത്തിലെ ഏററവും ശക്തരായ പ്രതിയോഗികൾ തന്നെ തുടങ്ങി എന്നതുകൊണ്ടാണ്. ആർക്കും ജയിക്കാനാവില്ല എന്നതുകൊണ്ടു് ആണവയുദ്ധം ഒരിക്കലും ഉണ്ടാകാൻ പാടില്ല എന്നു് മുൻപു് അവർ ഉടമ്പടി ചെയ്തിരുന്നതു് ഈ അവസരത്തിൽ പ്രസ്താവ്യമാണ്.

രണ്ടുവൻശക്തികളും തമ്മിലുള്ള യുദ്ധം ഒഴിവാക്കുമെന്നും രണ്ടുകൂട്ടരിൽ ആരും അപരന്റെ മേൽ സൈനിക പരമാധികാരം നേടാൻ ശ്രമിക്കില്ലെന്നും വാഷിംഗ്ടണിൽ വെച്ചു് അവർ കരാറുണ്ടാക്കി. പൂർവ്വപശ്ചിമ യൂറോപ്യൻ രാഷ്ട്രങ്ങൾ ആണവയുദ്ധം കൊണ്ടു് മുഴുവനായി നശിക്കുമെന്ന ഭീഷണി കുറയ്ക്കുവാൻ 2611 ഹ്രസ്വമദ്ധ്യദൂര മിസ്സൈലുകളും അവയെ നിലനിർത്താനുള്ള സംവിധാനങ്ങളും നീക്കം ചെയ്യാൻ ഈ കരാർ അവരെ പ്രതിബദ്ധരാക്കി. പ്രസിഡൻറ് റെയ്ഗനു് ഏറെ ഇഷ്ടപ്പെട്ട തന്ത്രപരമായ രാജ്യരക്ഷാനടപടികളെ (നക്ഷത്ര യുദ്ധങ്ങൾ) ഗോർബച്ചേവ് 'ദൃഢനിശ്ചയത്തോടെ എതിർത്തിരുന്നെങ്കിലും, അദ്ദേഹം അതു് ഒരു പ്രശ്നമാക്കിയെടുത്തില്ല' ഗോർബച്ചേവിനു് തൃപ്തിപ്പെടാൻ കാരണമുണ്ടായിരുന്നു. അമേരിക്ക റഷ്യയെ ലക്ഷ്യമാക്കി വച്ചിരുന്ന മിസ്സൈലുകൾ അദ്ദേഹ[illegible]ക്കം ചെയ്യിച്ചു.

ടൈംമാഗസിൻ ഗോർബച്ചേവിനെ '[illegible] ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുത്തതു് [illegible]രോചിതമായി എന്നുതന്നെ പറയാം. സോവി[illegible] നേതൃത്വം ഏറെറടുത്ത ശേഷം ഗോർബച്ചേവ് [illegible] വിവററ് യൂണിയന്റെ വിദേശനയത്തിൽ [illegible] നിരായുധീകരണം ആദ്യത്തെ മുൻഗണനയുള്ള[illegible]മാക്കിയെടുത്തു. അതേസമയം ആഭ്യന്തരമായി[illegible]ന്ന ചർച്ചയിലൂടെയും, അവലോകനത്തിലൂ[illegible] പുനഃസംഘടനയിലൂടെയും സോവിയററ് ജീ[illegible]ത്തിന്റെ എല്ലാ വശങ്ങളും പുതുക്കുന്ന നയ[illegible] അദ്ദേഹം സ്വീകരിച്ചുതെന്നു് വളരെ വ്യക്[illegible]ണ്. ഐസ്‌ലാൻഡിക് ഉച്ചകോടിയിൽ [illegible] പരാജയത്തിൽ കൂസാതെ, കൂടിയാലോചന[illegible] അമേരിക്കയെ പങ്കെടുപ്പിക്കുന്നതിൽ ഗോർബ[illegible]വു് വിജയിച്ചു.

ഏതായാലും 1987 അവസാന മാസ[illegible] പ്രതീക്ഷയുടെയും ശുഭവിശ്വാസത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ചതു മിഖായേൽ ഗോർബ[illegible]വു് നടത്തിയ കരിശ്രുയുദ്ധത്തിന്റെ ഫലമാ[illegible]ണ് എന്നുള്ളതു് എല്ലാവരും സമ്മതിക്കും.

ഏതൊരു മനുഷ്യസ്നേഹിയും ഏററ[illegible]വാൻ കൊതിക്കുന്ന ഒരഭിലാഷമാണ്, കരാ[illegible]ട്ടശേഷം ഗോർബച്ചേവ് പറഞ്ഞ വാക്കുകളി[illegible]തിഫലിക്കുന്നതു്. "ഞങ്ങളിന്നു് ഒരു ചെറിയ [illegible]നട്ടതിൽ അഭിമാനിക്കുന്നു; ഒരു നാളിൽ ഇതു് [illegible]ധാനത്തിന്റെ ഒരു വൻവൃക്ഷമായി മാറാം".



രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ –ഇനിയൊരു യുദ്ധമുണ്ടായാൽ....?





ഡോ. എം. ലീലാവതി



ശ്രീ. എം. ഒ. ജോൺ (മുനിസിപ്പൽ ചെയർമാൻ)

With best compliments from :

കല്യാണവസ്ത്രങ്ങൾക്ക്

ഫിലിപ്സ്

സാരികേന്ദ്ര

അങ്കമാലി

With the best compliments of :

ANVAR VIDEO CENTER

P. K. P. BUILDING,

THOTTAKKATTUKARA,

ALWAYE

With best compliments from :

RS. 600 TO RS. 800 OFF

SPECIAL OLYMPICS OFFER

*BOOK YOUR COLOUR T Vs*

*FOR DETAILS CONTACT*

TEEVEE GARDEN

PARUR JUNCTION

ALWAYE

കവിത



**V. R. SANTHOSH**

Class I History

സ്നേഹത്തിന്റെ നദിയിൽ
നീ മൗനവും
ഞാനൊരു കടംകഥയുമായിരുന്നു.
സ്വപ്നങ്ങളുടെ
ഹരിതകാലം
നിനക്ക പച്ചയുടെ കിളിയാകാനും
ഒരു നെൽക്കതിരാകാനും കഴിഞ്ഞിരുന്നു.
മഞ്ഞച്ച എന്റെ കൈത്തണ്ടയിൽ ചേർത്തുകൊണ്ട്
നിന്റെ ചുണ്ടുകൾക്ക്
വസന്തമാകാൻ കഴിഞ്ഞിരുന്നു.
ഞാൻ കണ്ണുകളുടെ സൂര്യനായിരുന്നു.
ഒരായുസ്സിന്റെ പേജിൽ
നീയും, ഞാനും
സ്വപ്നാക്ഷരമായിരുന്നു.
ഒരു മഴയിലൂടെ
നിന്റെ ഹൃദയത്തിന്
സ്നേഹിക്കാൻ കഴിഞ്ഞിരുന്നു.
ഒരു ജലശയ്യയിൽ
നീയും, ഞാനും
കാലവും, നദിയുമായിരുന്നു.
എങ്കിലും, സ്നേഹത്തിന്റെ
മഞ്ഞുള്ള രാത്രി
ഉയർന്നു താഴുന്ന നിന്റെ നിമ്നോന്നതങ്ങളിൽ തൊട്ടുകൊണ്ട്
എന്റെ വിരലുകൾക്ക്
ആയുസ്സിന്റെ സൈസ്മോഗ്രാഫാകാൻ എന്നാണു കഴിയുക ?



# RELEVANCE OF GANDHIAN ECONOMICS

*ANTONEY P. V.*
*Final M. A. Economics*



Interest in Gandhian thought has been reinforced by the current problems that exist today all over the world especially in India. The ecological and environmental imbalance that is affecting the quality of life, the acute economic distress suffered by the people of the under developed as well as the developed countries in the form of inflation and unemployment, the widening gap between rich and poor nations, and above all the growth of violence and the threat of nuclear holocaust are the features of the present day civilisation.

Gandhiji contended that it would be impossible for industrialisation to provide satisfactory solution to man's economic problems. Exploitation of the weak by the strong, unemployment and poverty



remain unsolved. Cottage industries constitute indispensable component part of the Gandhian str of attaining economic development with social ju

Gandhiji wanted the revival of ancient vi communities with prosperous agriculture, decentr industry and small scale comparative organisa He declared that real India is to be found in vil and not in towns His desire was that every In village may be converted into a little self suffi republic

He was of the opinion that real planning con in the best utilisation of the whole man pow India and the distribution of the resources of in her numerous villages. His model of grow basically an ideological alternative to formul strategy of rural development in the context of so cultural heritage of village India.

The basic concepts essential to Gandhian ec mics are Swadeshi, bread labour, non-posses trusteeship, non-exploitation and equality.

Gandhian ideals of economic programmes based on decentralisation, which according to would spare us from the evils of excessive mechan ion. His view was that the villages should be central places of any economic programme for ing an efficient and self reliant, decentralised, gressive, agro-industrial rural economy.

Gandhiji thought that capital intensive industries were necessary for construction of railways, electricity, bridges and ships but they should be owned by the State. He largely opposed the case of industrialisation in the consumer goods sector.

His view regarding mechanisation is that, 'mechanisation is good when the hands are too few for the work intended to be accomplished. It is an evil where there are more hands than required for the work.'

The chief cause for India's economic backwardness and unemployment may be that of excessive importance given to mechanisation and neglect of the villages. The bulk of the population in India lives in villages, the economies of which is closer to Gandhian ideas. So what we have to adopt is a Village oriented programme for the uplift of the poor. But in actual practice we adopt the economic model borrowed from the westerners which possess a vast number of homeless and shelterless people living on streets, malnourished children, beggars, prostitutes etc. Here comes the relevance of Gandhian Economics. So we should turn to 'the old dusty museum piece' and make it clean and then put into effective use to solve the problem of unemployment and poverty that exists in India.

# LET ME BE LOST IN YOUR THOUGHTS

**SHYJU K. ANTONY**
CLASS III ZOOLOGY



Thus in the autumn stands the lonely tree
When the sky greys among the stars
And the night cries in agony
You have come to bid farewell to me

In this moment of departure
In this moment of tears
I realize there is nothing to speak
I feel sorrows silence my words
Yet I scribble these lines for you

Behold, in my hands is the rose
The rose which has ceased to be a rose
It tells me everything was an illusion
Or should it have happened so ?

In the end we return to where we began
But there is a difference
You go leaving only wounds to me
See, it spreads from the body to the mind
Who knew the ways of life

I still meditate on the colours
I lost in the lanes of life
Yes, we have nothing to speak
Between you and me there is only the silence of love

I know there is no choice
You are to stay, I am to go
I bid you farewell
Leave away the memories and go in peace.

# അതിർത്തി ഗാന്ധി

1988 ജനുവരി 20-ാം തീയതി അന്തരിച്ച അതിർത്തി ഗാന്ധി ഖാൻ അബ്ദുൾ ഗഫാർഖാന്റെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ.

— എഡി

1947 ആഗസ്റ്റ് 15 ന് ചുവപ്പുകോട്ടയിൽ ത്രിവർണ്ണപതാക ഉയർത്തിയ ജവഹർലാൽ നെഹ്റുവിനോടൊപ്പം സ്വാതന്ത്ര്യസമരം നയിച്ച നേതാക്കളും ആഹ്ലാദം പങ്കിട്ടു. രണ്ടു പേരൊഴികെ. രണ്ടു ഗാന്ധിമാർ. കൽക്കട്ടയിലെ ബാല്യാഘട്ടയിൽ ഒരു മുസ്ലീം കോളനിയിൽ ഷഹീദ് സുഹ്റാ വർദ്ധിയോടൊപ്പം ശാന്തിയാത്ര നടത്തിക്കൊണ്ടിരുന്ന മഹാത്മാഗാന്ധിയും ലാഹോറിലായിരുന്ന അതിർത്തി ഗാന്ധിയും. പുതിയ പിറവിയുടെ ദുരന്തഭാവി ദീർഘദർശനം ചെയ്ത് അശാന്തരായ അവർ പ്രാർത്ഥനാ നിരതരായി. അവരിൽ ഒരാൾ ഒരു വർഷത്തിനുശേഷം 78-ാം വയസ്സിൽ ബിർളാഹൗസിന്റെ നടപ്പാതയിൽ വെടിയേറ്റു വീണു. അതിർത്തി ഗാന്ധി എന്ന രണ്ടാം ഗാന്ധി തന്റെ ദീർഘമായ ആകാരത്തിനും ആശയങ്ങൾക്കും പാർപ്പിടമില്ലാതെ ഒരു തീർത്ഥാടകനെപ്പോലെ അലഞ്ഞു. തന്റെ ഗുരുനാഥന്റെ തിരോധാനത്തിനുശേഷം ഇന്ത്യയുടെയും പാകിസ്ഥാന്റെയും അതിരുകൾ അളന്നു തിരിക്കപ്പെടുന്നതും, പിന്നീടവ കമ്പിവേലികളും മതിലുകളുമായിമാറുന്നതും അദ്ദേഹത്തിന് കാണേണ്ടി വന്നു. ഹൃദയത്തിന്റെ അകത്തളങ്ങളിൽ വെടിയൊച്ചകൾ മുഴങ്ങി. എങ്കിലും ഇന്ത്യയിലെത്തുമ്പോൾ അദ്ദേഹം ഇന്ത്യാക്കാരനായി മാറിയിരുന്നു; ഭാഗം പിരിഞ്ഞ ബന്ധുവീട്ടിൽ നിന്നും വരുന്ന നിസ്വനും നിസ്സഹായനുമായ മുത്തച്ഛനെപ്പോലെ.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ അനുയായികളും സഹപ്രവർത്തകരും ആയ പ്രഗത്ഭന്മാർ നിരവധിയാണ്. എന്നാൽ അഹിംസാ സിദ്ധാന്തത്തിൽ ഗാന്ധിജിയുടെ ഒപ്പം പോകുവാൻ സന്നദ്ധതയും പരിശീലനവും ഉള്ള ഒറ്റ നേതാവേ ഉണ്ടായിരുന്നുള്ളു. ബാദ്ഷാഖാൻ എന്നും അതിർത്തി ദേശ ഗാന്ധിയെന്നും അറിയപ്പെടുന്ന ഖാൻ അബ്ദുൾ ഗഫാർഖാൻ.

1988 ജനുവരി 20-ാം തീയതി, 98-ാം വയസ്സിൽ പാകിസ്ഥാനിലെ പെഷവാർ നഗരത്തിൽ

**T. S. അബ്ദുൾ ജലീൽ**
രണ്ടാം വർഷ മലയാള സാഹിത്യം



അന്തരിച്ച ഖാൻ അബ്ദുൾ ഗഫാർഖാൻ ഇ... സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസിക ... കളിലൊരാൾ മാത്രമായിരുന്നില്ല. മനുഷ്യ... ന്റെ അദമ്യമായ സ്വാതന്ത്ര്യാഭിലാഷത്തി... ശാശ്വതമായ ചില ഉദാത്ത മൂല്യങ്ങളിൽ ഉറ... ശ്വസിക്കുവാനും, പ്രതികൂല പരിതഃസ്ഥിതി... ആ വിശ്വാസം പുലർത്തുന്നതിനുവേണ്ടി എത്ര... നമായ ത്യാഗവും സംതൃപ്തിയോടെ അനുഷ്ഠി... മുള്ള മനുഷ്യന്റെ അതിരററ കഴിവിന്റേയും പ്ര... ളുടിയാണദ്ദേഹം.

1890-ൽ വടക്കുകിഴക്കൻ അതിർത്തിപ്ര... യിലെ അഷ്ടാ നഗറിൽ ഉത്മാൻസായി എന്ന... ത്തിലെ ഒരു ജന്മികുടുംബത്തിൽ ജനിച്ച ഗഫാ... ആദ്യമായും അവസാനമായും ഒരു പഠാൻ ആയ... വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്ത... പഠാൻകാർ ബ്രിട്ടീഷ് ആധിപത്യത്തെ എന്നും... ത്തുനിന്നു, അഫ്ഘാനിസ്ഥാനിലും ബ്രിട്ടീഷ്... യിലുമായി. എന്നാൽ രണ്ടു സർക്കാരുകൾക്കും... മായും കീഴടങ്ങാതെ, ഏറെക്കുറെ സ്വതന്ത്രരാ... വർ ജീവിച്ചുവന്നു. ഈ ഗോത്രവർഗ്ഗക്കാർക്ക് ... ഷിന്ത്യയിലെ നിയമങ്ങൾ ഒരിക്കലും ബാധക... രുന്നില്ല. ഇന്ത്യയും അഫ്ഘാനിസ്ഥാനും ഇ...

...ന്താരാഷ്ട്ര ധാരണയ്ക്കുള്ള ജവഹർലാൽ നെഹ്റു അവാർഡ്, ...ഫാർഖാന് അന്നത്തെ രാഷ്ട്രപതി വി. വി. ഗിരി നല്കുന്നു.





ഗഫാർഖാൻ ഇന്ദിരാഗാന്ധിയോടൊപ്പം

...ബ്രിട്ടൻ വരച്ച അതിർത്തിരേഖയുടെ ഇരുപുറവും ...വിച്ചവരുടെ നിത്യ സ്വപ്നം, ഈ രണ്ടു രാജ്യങ്ങളി... പെടാത്ത, സ്വതന്ത്രമായ, പഖ്തൂണിസ്ഥാൻ ...യിരുന്നു. സ്വതേ ലഹളക്കാരായ പഠാൻകാരെ ...മർത്തുന്നതിന് ഈ പ്രദേശത്ത് കൂടെക്കൂടെ സൈ...നികാക്രമണം നടത്തുക ബ്രിട്ടീഷ് ഗവണ്മെൻറിന്റെ ...തിവായിരുന്നു.

ഈ സമൂഹത്തിൽ, ഒരു ഗോത്രാധിപന്റെ പാര...മ്പര്യത്തിൽ പിറന്നുവളർന്ന ഖാൻ അബ്ദുൾ ഗഫാർ...ഖാൻ സ്വന്തമായ ഒരു അഹിംസാത്മകസൈന്യം രൂപ...പ്പെടുത്തി...ൽക്കരിച്ചു. മഹാത്മാഗാന്ധിയോടു്, കൂറു പ്രഖ്യാപിച്ച കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന സ്വാതന്ത്ര്യസമരത്തിൽ മുന്നണിപ്പോരാളിയായി പങ്കുചേർന്നുവെന്നത്, 1930-കളിൽ, വിശ്വസിക്കാനാവാത്ത ഒരു അത്ഭുതമായിരുന്നു.

ഗഫാർഖാന്റെയും അദ്ദേഹത്തിന്റെ സഹോദരനായ ഡോ. ഖാൻ സാഹിബിന്റെയും നേതൃത്വത്തിൽ, അതിർത്തി സംസ്ഥാനം മതനിരപേക്ഷമായ ഇന്ത്യൻ ദേശീയതയിൽ അടിയുറച്ചു നിന്നു. മുസ്ലീം ലീഗിന്റെ വിഭജന വാദത്തിന് അവിടെ വേരുപിടിയ്ക്കാൻ കഴിഞ്ഞില്ല. **പക്ഷേ, ഇന്ത്യൻ വൻകരയിൽ സ്വാതന്ത്ര്യം പുലർന്നത് മതത്തിന്റെ അടിസ്ഥാനത്തിൽ നടന്ന വിഭജനത്തെ തുടർന്നായിരുന്നു.** അതിർത്തി സംസ്ഥാനം ഇന്ത്യയിലോ, പാകിസ്ഥാനിലോ, ഏതിൽ ലയിക്കണമെന്നുള്ളതു സംബന്ധിച്ച ജനഹിത പരിശോധനയിൽ നിന്നും ഗഫാർഖാനും അനുയായികൾക്കും വിട്ടുനില്ക്കേണ്ടതായി വന്നു. ഫലം സ്വാഭാവികമായും പാകിസ്ഥാനു് അനുകൂലമായിരുന്നു. വിഭജനം അംഗീകരിച്ച കോൺഗ്രസ്സുകാർ പഠാൻകാരെ വഞ്ചിക്കുകയാണ് ചെയ്തതെന്നു് ഗഫാർഖാൻ കരുതി. അദ്ദേഹം അതു് തുറന്നു പറയാൻ മടിച്ചതുമില്ല.

മതവിശ്വാസത്തിന്റേതായ തീവ്രതയോടെ താൻ പുലർത്തി വന്ന അഹിംസ, മതമൈത്രി എന്നീ ആദർശങ്ങൾ പാകിസ്ഥാനിലും ഇന്ത്യയിലും തകർന്നടിഞ്ഞു പോകുന്നത് ഖേദത്തോടെ അദ്ദേഹത്തിനു നോക്കി നില്ക്കേണ്ടി വന്നു. ഈ അഹിംസാ മൂർത്തിയെ അറിയാനോ ആദരിക്കാനോ പാകിസ്ഥാനിലെ സർക്കാരിനോ പുതിയ തലമുറയ്ക്കോ കഴിഞ്ഞില്ലെന്നുള്ളത് സ്വാഭാവികം മാത്രമാണ്. എന്നാലും ഇന്ത്യ ഈ സ്വാതന്ത്ര്യ സമര നായകനെ മറന്നില്ല. അദ്ദേഹത്തിന്റെ പര്യടനങ്ങൾ ഇന്ത്യയിൽ അവശേഷിച്ച സ്വാതന്ത്ര്യ ഭടന്മാർക്ക് അസാധാരണങ്ങളായ ഉത്സവങ്ങൾ തന്നെയായിരുന്നു. രോഗപീഡിതനായ അദ്ദേഹത്തെ ചികിത്സിച്ച് സുഖപ്പെടുത്തുന്നതിന് ഇന്ത്യയിൽ കിട്ടാവുന്ന എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തുകയുണ്ടായി. ഒരു വ്യക്തിക്ക് ഇന്ത്യ എന്ന രാഷ്ട്രം നല്കുന്ന പരമോന്നത പദവിയായ 'ഭാരതരത്ന' ബിരുദം 1987- ൽ അദ്ദേഹത്തിനു നല്കപ്പെട്ടു.

മഹാനായ ഈ സ്വാതന്ത്ര്യ സമരനായകന്റെ ഓർമ്മകൾക്കു മുന്നിൽ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം.

# SPORTS & GAMES ACTIVITIES

Sports and games activities were organised and conducted under the supervision of the Physical Education Dept. We had a very busy time right from the beginning of the academic year.

Coaching camps for Athletics (Men & Women), Women Hockey and Basketball were conducted by the University and State Coaches. We had the privilege of getting an N. I. S. Wing field coach to coach our Basketball players.

This year the University was unable to conduct a few of the tournaments and hence our Hockey (men), Football, Volleyball, Cricket and Ball Badminton teams lost the chance of participation. However Football and Cricket teams were able to participate in a few private tournaments. Basketball team (Men) had the opportunity to participate in many private tournaments and could annex a few trophies. Our College was the venue for the University tournaments in Hockey (men and women) and Handball (men and women). The College Hockey (women) team won the Gandhiji University Championship for the 4th time. Women Cricket team was the Runner-up at the University Championship. Men Basketball team qualified for the University Inter-zone tournament.

The Tournaments for Manorama Trophy and Sathyanadhan memorial trophy for men and Dr. P. M. Cherian trophy for women were conducted during the IInd fortnight of January 1988. Baselious College, Kottayam and St. Teresas College, Ernakulam, were the winners in the two sections.

Mr. Bejo John Mammen represented the State Junior Basketball team and Nazar V. M' represented the University Football team. Zabin Haroon and Shajan P. Thomas were selected to represent the University Hockey team. Jameeda P. R., Gigimol N. M., Jayasree Ponnappan, Ramla Beevi P., Mini G. Baby, Jolly P. D., Aleyamma Mathew, Bindu K., Bindu K. K., Bindu George and Jaisamma C. were the members of the Gandhiji University women hockey team which won the All India Inter University Women Hockey Championship.

Miss. Jayasree Ponnappan was selected to represent the Gandhiji University Women Handball team. Gigimol N. M. and Aleyamma Mathew were selected to participate in National games. Jameeda P. R. and Gigimol N. M. attended the Senior National Coaching Camp. Miss. Aleyamma had the privilege of attending Junior Indian Coaching Camp which was organised by the Federation. Prasadkumar G. of Class III English was selected as 'Mr. Mahatma Gandhi University.'

College Annual sports was held on 23rd Feb. 1988. Wilson Mathew and Bindu K. became the individual Champions. The intramural Competitions were conducted housewise and the Green house won the over-all Championship. BEJO JOHN MAMMEN was selected for the T. B. Thomas prize for the best Basketball player. The best Athletes awards were given to Mr. Nazar V. M. (Class II History) and Miss. Bindu K. (Juni. P. D C.) on their performance.

A picnic was organised to Edamalayar and fortyfive students participated.

We have applied to the U. G. C. for financial assistance for the construction of an indoor court and Gymnasium. Even though the college is blessed with plenty of playfields, the percentage of students utilising the facilities is comparatively low. I earnestly request the women students, especially the hostelers, to make use of the available facilities.

ASHOK THARAKAN
(Sports Secretary)

# N. C. C. REPORT 1987-'88



Ajith Kumar N. | Ajith Kumar S. | Preetha V. B. | Anitha Kurian

The enrolled strength of the Senior Division N. C. C. Company was 160. 3 Cadets attended the attachment Camp to Regular Army and 5 Senior Cadets attended the cadre programme for facing the Service Selection Board Interviews. Cpl. Rajesh Kumar got A-Grading and special certificate for outstanding performance in the attachment camp. C. Suo. **Satheesan C. N.,** Cuo. **Subramanian K. K.** and Cpl. **Anilkumar T. R.** participated in the Inter-State trecking organised by the D. G. N. C. C. at Goa. Cpl. Tomy Thomas underwent the Advanced-Leadership Course (All India) with Rock Climbing during November 1987 held at Dehradun.

Cpl. Geevan George Mathew, who secured Bronze Medal in the Inter-Directorate Competition in Map Reading held at New Delhi in connection with The Republic Day Camp, 1987 was given admission to Regional Engineering College, Calicut under the N. C. C. Quota for admission to Engineering Colleges. (This is out of the 6 seats reserved for N. C. C. Cadets of outstanding calibre in N C. C. activities.)

Çuo. **Ajithkumar S.** and CSM. **Ajithkumar N.,** successfully completed the certificate Part 'C' examination of the N. C. C. conducted in February 1987. They are among the 4 Cadets who passed the exam from the 22 (K) Bn N. C. C. last year. The percentage of pass for certificate Part 'B' examination was 60%.

25 Cadets attended the Annual Training Camp held at Trichur and 10 Cadets of the College repres the Ernakulam Group in the Inter-Group Competitions 1987, held at S. N. College, Quilon. Yacob P. V. attend Army Attachment Camp at Trivandrum and Service Selection Board Camp at Quilon.

Advanced Activities, Field Training, Cycling expedition and other training programmes of N C.C. w ncorporated in this years activities. The Cycling expedition to Thumboor Muzhi (100 Kms to and fro) was app ciated by all cadets. The Independance Day, N. C. C. Day and Republic Day were colourfully celebra Mr. Mahesh Kumar Singla, IPS, Supdt. of Police, Ernakulam Rural was the Chief Guest in the Republic D Celebrations.



Yacob P. V. · Anil Kumar T. R. Satheesan C. N. Biju Kumar Subramannian K. K.

30 Cadets appeared for Certificate Part 'B' exam 1988 and 7 Cadets appeared for Certificate Part 'C' ex 988. Capt. L. K. Batra, Group Commander, Ernakulam Group visited the college on 2 occasions and obser at the U. C. College Sub Unit is functioning very well. Brigadier H. S. Jaj, Dy. Director General N. C. C erala and Lakshadeep, inspected the Sub Unit and was very much pleased with the performance of t ub Unit.

The Girls Division N. C. C. Company has been doing very well during 1987 - '88. Prof. M. T. Saram as in charge of the Company, till Dec. 1987 and 2/Lt. Marykutty M. P. took charge of the Company on 2 ec. 1987.

Cpl. **Anita Kurian** got Silver Medal in the Inter- Directorate Competition in Signalling (All India) ew Delhi during November 1987 in connection with Republic Day Camp, 1988 and brought back laurels to ollege and to the State. L/Cpl. **Preetha V. B.** also was in the Signalling team which took part in the D. rganised camp at Delhi, during November, 1987.

20 Girl cadets attended the Annual Training Camp and 8 girl cadets represented the Ernakulam Group in t nter-Group Competitions at Quilon, during Septemper 1987. The N. C. C. Day, Independance Day and Repub ay parades were conducted as a joint activity of the S. D. Boys and S. W. Girls. There is great keenness amo e girls for enrolment in the N. C. C.

Prof. RAJAN VARGHESE





# മയക്കമരുന്നുകളെ വിട..... !!

**ഇന്നത്തെ യുവതലമുറയിൽ വ്യാപക യി കണ്ടുവരുന്ന ഒരു സ്വഭാവ വിശേ മാണ് ലഹരി പ്രേമം. അടുത്തയിടെ ൽഹിയിൽ നടന്ന ഒരു സർവ്വെ പ്രകാരം 0 ശതമാനം കോളേജ് വിദ്യാർത്ഥികൾ യക്കുമരുന്നിനടിമയാണെന്നു കണ്ടു.**

**ഈയിടെ പുറത്തുവന്ന ഒരു റിപ്പോർ ിൻ പ്രകാരം കൊച്ചിയിലെ റഗുലർ- ാരലൽ കോളേജുകളിലെ "60 ശതമാ ത്തോളം" പേർ ഒരിക്കലെങ്കിലും മയ ് മരുന്ന് ഉപയോഗിച്ചവരാണ്. "20 തമാനം" സംഘം ചേരുമ്പോൾ മാത്രം ്ഥിരമായി ഉപയോഗിക്കുന്നു. "5 ശത നം" മയക്കുമരുന്നുകളുടെ സ്ഥിരം ടിമകളുമാണ്.**

മയക്കമരുന്നുകളുടെ ദുരുപയോഗം ഈയിടെയായി വാർത്തകളിൽ വളരെയധികം സ്ഥാനം പിടിച്ചുവരുന്നു. ഒരു സർവ്വകലാശാലാ വളപ്പിൽ കഞ്ചാവുകൃഷി, ഡൽഹി, ബോംബെ, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിൽ കോടിക്കണക്കിന് രൂപയുള്ള മയക്കമരുന്നുകൾ അധികൃതർ പിടിച്ചെടുക്കുന്ന കഥകൾ, മയക്കമരുന്നിന്റെ മായാലോകത്തിൽ കോളേജ് കുമാരന്മാരു, മററും കാട്ടിക്കൂട്ടുന്ന വിക്രിയകൾ-തുടങ്ങിയവയെല്ലാം വാർത്തകൾക്ക് വിഷയമാണ്.

ലോകം ഇന്ന് നേരിടുന്ന ഏററവുമധികം ഗൗരവമുള്ള പ്രശ്നങ്ങളിലൊന്നാണ് മയക്കമരുന്നുകളുടെ ദുരുപയോഗം. ഈ സാർവ്വലൗകിക പ്രശ്നത്തോട് പടവെട്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യുവതലമുറയെ രക്ഷപ്പെടുത്തുവാനുള്ള സമയം അതിക്രമിച്ചുകൊണ്ടേ ഇരിക്കുന്നു.

ദുരുപയോഗപ്പെടുത്താവുന്ന മയക്കമരുന്നുകളുടെ നിര വിലകറഞ്ഞ മരിജ്ജുവാന മുതൽ

**ലോകം ഇന്ന് നേരിടുന്ന ഏററവുമധികം ഗൗരവമുള്ള പ്രശ്നങ്ങളിലൊന്നാണ് മയക്കുമരുന്നുകളുടെ ദുരുപയോഗം. ഈ സാർവ്വലൗകിക പ്രശ്നത്തോടു് പടവെട്ടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യുവ തലമുറയെ രക്ഷപ്പെടുത്തുവാനുള്ള സമയം അതിക്രമിച്ചു കൊണ്ടിരിക്കുന്നു.**

വിലയേറിയ ഹെറോയിനും കൊക്കെയിനും വരെ നീളുന്നു. നമ്മുടെ രാജ്യത്ത് സർവ്വസാധാരണമായി ഉപയോഗിക്കുന്ന മയക്കുമരുന്ന് മരിജുവാനയാണ്. ഇത് കഞ്ചാവ്, ചരസ്സ്, ഭാംഗ്, ഹഷീഷ് എന്നീ പേരുകളിലെല്ലാം കിട്ടും. ഇവയുടെയെല്ലാം പ്രഭവസ്ഥാനം 'കാനബീസ്' എന്നു പറയുന്ന കഞ്ചാവ് ചെടിതന്നെ. ഈ ചെടിയുടെ പൂക്കുകയോ കായ്ക്കുകയോ ചെയ്യുന്ന തലപ്പ് ഉണക്കി അതിൽ നിന്നാണ് കഞ്ചാവ് ഉണ്ടാക്കുന്നത്.

ഹഷീഷ് എന്നുകൂടി അറിയപ്പെടുന്ന ചരസ്സ്, ഈ ചെടിയുടെ തണ്ടിൽനിന്നും ഇലയിൽനിന്നും കിനിയുന്ന പശയിൽനിന്നുണ്ടാക്കുന്നതാണ്. കഞ്ചാവിനെക്കാൾ വളരെ വളരെ ആപത്ക്കരമാണ് ഈ മയക്കുമരുന്ന്. ഭാംഗ് ഉണ്ടാക്കുന്നത് ഉണങ്ങിയ ഇലകളിൽ നിന്നാണ്.

കഞ്ചാവും ചരസ്സും സാധാരണയായി പുകയിലയിൽ ചേർത്ത് ബീഡിയിലും സിഗററ്റിലും വെച്ച് വലിക്കുന്നു. ഭാംഗ് ഒരു പാനീയമായോ ഗുളികയായോ, 'മജുൻ' എന്ന വിശേഷപ്പെട്ട മധുരപദാർത്ഥത്തിൽ ചേർത്തോ, ആണ് സാധാരണ കഴിക്കാറ്.

## മരിജുവാന

അമേരിക്കയിലെ യുവതീയുവാക്കൾക്കിടയിൽ മരിജുവാനയുടെ ഉപയോഗം പടർന്നു പിടിച്ചത് അറുപതുകളുടെ അവസാനത്തിലാണ്. പാശ്ചാത്യരാജ്യങ്ങളിൽ 'പല്പ്' എന്ന് പരക്കേ അറിയപ്പെടുന്ന മരിജുവാനപുകയ്ക്കൽ കൗമാരത്തിൽ നിന്ന്

**മയക്കുമരുന്നുകളുടെ അടിമകൾ വിവേക ശൂന്യരായിമാറുന്നു. ലഹരി സൃഷ്ടിക്കുന്ന സ്വപ്ന ലോകത്ത് വിഹരിക്കുന്ന ഇവർ ലഹരി വിട്ടുമാറുന്നതോടെ അസ്വസ്ഥരാകുന്നു.**



മയക്കുമരുന്ന് മനുഷ്യനെ ഭ്രാന്തനാക്കുന്നു

യുവത്വത്തിലേക്കുള്ള മാർഗ്ഗത്തിലെ ഒരാചാര... ഏതാനും വർഷങ്ങൾക്കകം മരിജുവാനയുടെ... ന്നാക്രമണം കൊണ്ട് പശ്ചിമ യൂറോപ്പിന്റെ... തിരിയാൻ തുടങ്ങി. വിനാശകരമായ ഈ സ്വ... വേഗം തന്നെ ഇന്ത്യയിലേക്കും പരന്നു.

അതിനുമുമ്പ് മരിജുവാന ഇന്ത്യയിൽ അറി...ട്ടിരുന്നില്ല, എന്നല്ല വാസ്തവത്തിൽ കഞ്ചാവ്... 4000 കൊല്ലത്തിലേറെക്കാലമായി ഇന്ത്യയിൽ... റിയപ്പെട്ടിരുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ മരിജുവാനയു...പയോഗം ഈയിടെ ഗണ്യമായി കുറഞ്ഞി... എന്നാൽ കൂടുതൽ വീര്യമുള്ള കൊക്കെയിൻ, ...റോയിൻ മുതലായ മയക്കുമരുന്നുകൾ രംഗ...ത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഈ മയക്കു...കൾ ഇന്ത്യയിലും കാലുറപ്പിച്ച് തുടങ്ങിയി... ഈ വിഷം നമ്മുടെ ചെറുപട്ടണങ്ങളിലേക്കും







...ങ്ങളിലേക്കും കൂടി അതിവേഗം പരന്നുകൊണ്ടിരിക്കുകയാണ്.

ഇതേമട്ടിൽ, മരിജുവാനയുടെ ദുരുപയോഗം ...തൽ അപകടകരമായ ഹെറോയിൻ പോലുള്ള ...മയക്കുമരുന്നുകളുടെ ദുരുപയോഗത്തിലേക്ക് ക്രമേ...ണ വഴികാട്ടുമെന്നും തെളിഞ്ഞിട്ടുണ്ട്. ഹെറോയിന്റെയും കൊക്കെയിന്റേയും ദുരുപയോഗത്തിനുള്ള ...വാതിൽ തുറക്കുന്നതായത് കൊണ്ട് മരിജുവാനയെ 'മയക്കുമരുന്നിന്റെ പടിപ്പുര' എന്ന് വിളിക്കാറു...ണ്ട്.

ഒരു മരിജുവാന ദുരുപയോഗക്കാരൻ, സാധാര...ണഗതിയിൽ ഒരു ഹൈസ്കൂൾ വിദ്യാർത്ഥി, അല്ലെ...ങ്കിൽ കോളേജ് വിദ്യാർത്ഥി ആയിരിക്കും. അയാൾ 15ഉം 18ഉം വയസ്സിനിടയ്ക്ക് ആദ്യം കഞ്ചാവുവലി...ക്കുവാൻ തുടങ്ങുന്നു. സാധാരണയായി കൂട്ടുകാരാണ് ...അയാളെ മയക്കുമരുന്നുമായി പരിചയപ്പെടുത്തുന്ന...ത്. വെറും 10 വയസ്സ് മാത്രമുള്ള കുട്ടികളും കഞ്ചാവുവലിക്കാൻ തുടങ്ങിയിട്ടുണ്ട് എന്നുള്ളതാണ് സത്യം.

അത്തരമൊരു കുട്ടി ആ മയക്കുമരുന്ന് ഏതാനും തവണയേ ഉപയോഗിക്കൂ. പിന്നെ ഉപേക്ഷിക്കും. ബഹുഭൂരിപക്ഷവും പേർ മരിജുവാനയുടെ ഉപയോഗം ഈ ഘട്ടത്തിൽ നിറുത്തുന്നു. എങ്കിലും ഏതാനും പേർ കൂട്ടുകാരുമൊത്ത് മാസത്തിൽ പലതവണ മരിജുവാന പുകയ്ക്കുകയെന്ന അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നു. ഈ രണ്ടാമത് പറഞ്ഞ കൂട്ടത്തിൽ നിന്ന് കുറച്ചാളുകൾ മയക്കുമരുന്നിന്റെ അടിമകൾ തന്നെയായിത്തീരുന്നു. അവർക്ക് മരിജുവാനയോ, കഞ്ചാവോ ദിവസേന പലതവണ വലിക്കാതെ നിവൃത്തിയില്ലെന്നു വരുന്നു.

വ്യാജ നിർമ്മിതമായ മയക്കുമരുന്നുകളിലേക്ക് ആകർഷിക്കപ്പെടുന്നവരിൽ ചിലർ മാതാപിതാക്കൾക്കും സമൂഹത്തിനും വേണ്ടാത്തവരാണ് തങ്ങൾ എന്ന് തോന്നുന്നവരാണ്.

**സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപമുള്ള മാടക്കടകളിൽ കഞ്ചാവ് ബീഡികൾ സുലഭമാണ്. ഇതടിച്ച് 'കിറുങ്ങിയ' കോളേജ്കുമാരൻമാരാണ് കലാലയാന്തരീക്ഷത്തിലെ കലാപകാരികൾ.**

കഞ്ചാവ് ഒന്നു പരീക്ഷിച്ചു നോക്കാൻ പല യുവാക്കളേയും പ്രേരിപ്പിക്കുന്ന ഒരു പ്രധാന ഘടകം സഹപാഠികളുടേയും സുഹൃത്തുക്കളുടെയും നിർബന്ധമാണ്. സ്വന്തം കഴിവിലധികം പഠിക്കാൻ വിദ്യാർത്ഥികളെ നിർബന്ധിക്കുമ്പോൾ അവർക്കുണ്ടാകുന്ന വ്യർത്ഥതാബോധത്തിനും ഈ അപരാധത്തിൽ പങ്കുണ്ട്.

മരിജുവാനദുരുപയോഗം ആൺകുട്ടികളിലും യുവാക്കളിലും മാത്രം ഒതുങ്ങിനിൽക്കുന്നില്ല. പെൺകുട്ടികളിലും ഇതിന്റെ ദുരുപയോഗം വളരെ വേഗത്തിൽ കൂടിവരുന്നു. എന്നാൽ 25 വയസ്സ് കഴിഞ്ഞതിനു ശേഷം ഒരാൾ ആദ്യമായി കഞ്ചാവ് ഉപയോഗിച്ചു തുടങ്ങുക വളരെ അപൂർവ്വമാണ്.

## ടി. എച്ച്. സി.

ചണവർഗ്ഗത്തിൽപ്പെട്ടതാണ് കഞ്ചാവുചെടി. അതിൽ മുന്നൂറിലധികം രാസദ്രവ്യങ്ങൾ അടങ്ങിയിരിക്കുന്നു. മരിജുവാനയുടെ ആനന്ദദായകത്വത്തിനു കാരണമായ വസ്തു ടി. എച്ച് സി അഥവാ 'ടെട്രോ ഹൈഡ്രോ കാനബിനോൾ' ആണ്. കഞ്ചാവ്, ഹഷീഷ്, ഭാംഗ് എന്നിങ്ങനെയുള്ള മരിജുവാനയുടെ വ്യത്യസ്ത ഉല്പന്നങ്ങളിൽ ടി. എച്ച്. സിയുടെ അളവ് വ്യത്യസ്തമായിരിക്കും.

മരിജുവാന ഉപയോഗം കൊണ്ട് സാധാരണ ഉണ്ടാകുന്നത് വളരെ കുറച്ചുനേരത്തെ ഒരു സ്വപ്നാവസ്ഥയാണ്. ഒരുതരം മന:ശാന്തി, നിമിഷങ്ങൾ മണിക്കൂറുകളായിനീളമാറ് സമയം നിശ്ചലമായി നിൽക്കുന്നൊരു പ്രതീതി, ചിരിക്കാനുള്ളൊരു വാസന എന്നിവയെല്ലാം സംഭവിക്കുന്നു. ചിലക്ക് ലൈംഗിക വിചാരങ്ങളും, വായുവിൽ പൊങ്ങിക്കിടക്കുന്നതു പോലുള്ള വിചിത്രമായ മതിഭ്രമങ്ങളും ഉണ്ടാകാറുണ്ട്. ഇതൊക്കെ ഒന്നോ രണ്ടോ മണിക്കൂറിലധികം നീണ്ടുനിൽക്കുന്നില്ല. അതു കഴിഞ്ഞാലുടൻ ആൾ സാധാരണ നിലനില്പിന്റെ യാഥാർത്ഥ്യങ്ങളിൽത്തന്നെ തിരിച്ചെത്തുന്നു.

കഞ്ചാവ് തുടർച്ചയായി ഉപയോഗിച്ചാൽ ആനന്ദാനുഭൂതി കുറഞ്ഞുവരുന്നു. അതുകൊണ്ടാണ് ആനന്ദാനുഭൂതി ഒരേ അളവിൽ ഉണ്ടാകാനായി ധികമധികം കഞ്ചാവ് വലിക്കുകയെന്ന വത്തിനു ഇവർ അടിമയാകുന്നതു്.

കഞ്ചാവുവലിയുടെ ശാരീരിക ഫല നാഡീസ്പന്ദനവദ്ധനയും രക്തസമ്മർദ്ദ വ ഉൾപ്പെടുന്നു. രണ്ടും ഹൃദ്രോഗികൾക്ക് ആപത് ണ്. അവരുടെ കണ്ണുകൾ കലങ്ങുന്നു: രക്തക വികസിച്ച്, രക്തം ഇരച്ചുകയറി, മുഖമാകെ ക്കുന്നു. കഠിനമായ ഉൽക്കണ്ഠ, ഭയം, ആരോ അപകടപ്പെടുത്തും, കൊല്ലും എന്ന ഭീതി എ നെ, ഉർവ്വശിശാപം ഉപകാരം എന്നു പറ പോലെ കഞ്ചാവിൽ നിന്നു ഇത്തരം ദു ങ്ങൾ അനുഭവിക്കേണ്ടി വരുന്നവർ ഭാഗ്യം രാണ്. കാരണം, ആ മയക്കുമരുന്നു ഉടൻ ഉ ക്കാൻ അതു അവരെ പ്രേരിപ്പിക്കും.

**ഗർഭിണികൾ മയക്കു മരുന്ന് ഉപ ഗിച്ചാൽ ഗർഭസ്ഥ ശിശുവി അംഗോപാംഗങ്ങൾക്ക് വൈകല്യം വിക്കാറുണ്ട്. അവരിൽ ചിലരുടെ ലും പ്രസവം കഴിഞ്ഞയുടനെ കു ങ്ങൾ മരിച്ചെന്നും വരാം.**

അമിതമായി ഭാംഗ് കഴിക്കുന്നവർ അ ക്തരാവുകയും ആളുകളെ തല്ലുകയും കുത്തുക ശ്രുതായും ചില റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്.

## മനസും ശരീരവും നശിപ്പിക്കുന്നു

മയക്കുമരുന്നു ദുരുപയോഗം സ്വഭാവ ഒരാൾ മാനസീകവും ശാരീരികവും സാമൂഹ യ പല പ്രശ്നങ്ങൾക്കും വിധേയനാകുന്നു. ത്ഥിയാണെങ്കിൽ, അയാളുടെ വിദ്യാഭ്യാസ ന്ധമായ പ്രവൃത്തികൾക്ക് ഊനം തട്ടുന്നു. ജോ ള്ള ആളാണെങ്കിൽ, അയാൾക്ക് ആ ജോലി താൽപര്യവും കഠിനാദ്ധ്വാനം ചെയ്യാനുള്ള യും വേഗം നഷ്ടപ്പെടുന്നു.





**രു മരിജുവാന ദുരുപയോഗക്കാരൻ, സാധാരണഗതിയിൽ ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥി, അല്ലെങ്കിൽ കോളേജ് വിദ്യാർത്ഥി ആയിരിക്കും. സാധാരണയായി കൂട്ടുകാരാണ് അയാളെ മയക്കുമരുന്നുമായി പരിചയപ്പെടുത്തുന്നത്.**



**മരിജുവാനയുടെ അംശം മുലപ്പാലിൽ കണ്ടിട്ടുണ്ട്. അതു കൊണ്ട് മരിജുവാന ഉപയോഗിക്കുന്ന സ്ത്രീകളുടെ നിരപരാധികളായ കുഞ്ഞുങ്ങൾ, അവരറിയാതെ തന്നെ, ഈ വിഷവസ്തു ഉൾക്കൊള്ളാനിടയാകുന്നു.**

ദീർഘകാലത്തെ മരിജുവാന ദുരുപയോഗത്തിന്റെ സർവ്വസാധാരണമായ ഫലം 'നിരുദ്ദേശ്യത' അഥവാ ഇച്ഛാശക്തി നാശം ആണെന്നു പറയാം. അയാൾക്ക് പഠിപ്പിലോ ജോലിയിലോ താല്പര്യമില്ലാതാകുന്നു. കഞ്ചാവ് വലിക്കാനുള്ള അടുത്ത അവസരം കാത്തിരിക്കുകയല്ലാതെ, ജീവിതത്തിൽ വേറെ ലക്ഷ്യമില്ലെന്നു അയാൾക്ക് തോന്നുന്നു. ജീവിത പ്രശ്നങ്ങളെ നേരിടാനുള്ള കഴിവ് നശിക്കുന്നു. അയാളുടെ ആത്മാഭിമാനം തളരുന്നു. അയാൾ ഉത്കണ്ഠാകുലനും നിരാശനും ദു:ഖിതനുമാവുന്നു.

മരിജുവാന ദീർഘകാലം ഉപയോഗിച്ചവർക്കും ഓർമ്മതെററ് സാധാരണയാണ്. പഠിപ്പിലോ ജോലിയിലോ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള അവരുടെ കഴിവ് നശിക്കുന്നു. ക്ഷയവും ശോഷവും കാരണം മസ്തിഷ്കം ചെറുതാ

**മയക്കു മരുന്നുകളുടെ ദുരുപയോഗം ആൺകുട്ടികളിലും യുവാക്കളിലും മാത്രം ഒതുങ്ങി നിൽക്കുന്നില്ല. പെൺകുട്ടികളിലും ഇതിന്റെ ദുരുപയോഗം വളരെ വേഗത്തിൽ കൂടി വരുന്നു.**

യ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. മനോരോഗികൾ മരിജുവാന വലിച്ചാൽ രോഗസ്വഭാവങ്ങൾ കൂടുതൽ വഷളാവുക സാധാരണ അനുഭവമാണ്.

## ഭാവിതലമുറയുടെ നാശം

ദീർഘകാലത്തെ മരിജുവാന ദുരുപയോഗം പ്രത്യൽപ്പാദനാവയങ്ങൾക്കാണ് സാരമായദോഷം ചെയ്യുന്നതു്. അതുപയോഗിക്കുന്ന പുരുഷന്മാരുടെ ശുക്ലത്തിൽ ബീജങ്ങളുടെ എണ്ണം കുറയുന്നു. ബീജങ്ങൾക്ക് ചലന ശക്തിയും കുറവായി കാണുന്നു. സ്ത്രീകളിൽ ദീർഘകാലത്തെ മരിജുവാന ദുരുപയോഗം അണ്ഡവിസർജന പ്രക്രിയയ്ക്ക് തടസ്സമുണ്ടാക്കും. അങ്ങനെ ആർത്തവ സംബന്ധമായ ക്രമക്കേടുകൾ ഉണ്ടാകുന്നു. ഗർഭിണികൾ ഇതുപയോഗിച്ചാൽ ഗർഭസ്ഥശിശുവിന്റെ അംഗോപാംഗങ്ങൾക്ക് വൈകല്യം സംഭവിക്കാറുണ്ട്.

**മയക്കുമരുന്നുകൾ സ്ഥിരമായി ഉപയോഗിച്ചാൽ അവ മനുഷ്യ ശരീരത്തോട് പൊരുത്തപ്പെടുന്നു. അഥവാ ശരീരത്തിന് സഹനീയമായി തീരുന്നു. ഈ നില ഒരിക്കൽ വന്നുകഴിഞ്ഞാൽ പിന്നെ മയക്കുമരുന്നിൻെറ ഉപയോഗം പെട്ടെന്ന് നിർത്താനാവാതെ വരും.**

അവരിൽ ചിലരുടെയെങ്കിലും പ്രസവം കഴിഞ്ഞയുടനെ കുഞ്ഞുങ്ങൾ മരിച്ചെന്നും വരാം. പത്ത് മാസം തികയാതെ പ്രസവം സംഭവിക്കാമെന്നതാണ് മറ്റൊരപകടം.

പലരും മരിജുവാനയ്ക്ക് കാമോദ്ദീപകഗുണങ്ങളുണ്ടെന്ന് കരുതുന്നുണ്ടെങ്കിലും അത് ദീർഘകാലം ഉപയോഗിക്കുന്ന ആളുകളുടെ അനുഭവം വിപരീതമാണ്. അവർക്ക് ലൈംഗികാഗ്രഹം അഥവാ കാമാവേശം കുറഞ്ഞിട്ടേയുള്ളു.

മരിജുവാനയുടെ പുക തീർച്ചയായും ശ്വാസകോശങ്ങൾക്കും ഹാനികരമാണ്.

സിഗരററ്വലിപോലെ തന്നെ മരിജുവാന വലിയും, ക്രമേണ ശ്വാസകോശാർബുദത്തിന് വഴി വെയ്ക്കുന്നു. കാരണം മരിജുവാനപുകയിൽ സാധാരണ സിഗരററ്പുകയിലുള്ളതിൻെറ ഇരട്ടി ഹൈഡ്രോകാർബണും ടാറും ഉണ്ട്.

മരിജുവാനയുടെ അംശം മുലപ്പാലിൽ കണ്ടിട്ടുണ്ട്. അതുകൊണ്ട് മരിജുവാന ഉപയോഗിക്കുന്ന സ്ത്രീകളുടെ നിരപരാധികളായ കുഞ്ഞുങ്ങൾ, അവരറിയാതെ തന്നെ, ഈ വിഷവസ്തു ഉൾക്കൊള്ളാനിടയാവുന്നു. ദുരുപയോഗത്തിലുള്ള മററെല്ലാ മയക്കമരുന്നുകളെയും പോലെ തന്നെ മരിജുവാനയും, ദീർഘകാലം ഉപയോഗിച്ചാൽ മനുഷ്യശരീരത്തോട് പൊരുത്തപ്പെടുന്നു. അഥവാ മനുഷ്യശരീരത്തിന് സഹനീയമായിത്തീരുന്നു. ഈ നില ഒരിക്കൽ വന്നുകഴിഞ്ഞാൽ പിന്നെ മരിജുവാനയുടെ ഉപയോഗം പെട്ടെന്ന് നിത്താനാവാതെ വരും.



പെട്ടെന്ന് നിത്തിയാൽ ശാരീരികവും മാന... മായ വൈഷമ്യങ്ങൾ ഉണ്ടാകുന്നു. കോട്ടുവാ... തണുത്തുവിറയൽ, വല്ലാതെ വിയക്കൽ, വയ... കൈകാൽക്ക് ചെറിയവിറ, ഉൽകണ്ഠ, മരി... ക്കവേണ്ടിയുള്ള അത്യാർത്തി എന്നിവ ഇക്... കാണുന്ന പ്രധാന ലക്ഷണങ്ങളാണ്

## മുളയിലെ നുള്ളുക

മരിജുവാന ഉപയോഗിക്കുന്ന ആളെ ആ... ട്ടത്തിൽ, അതായത് അയാൾ ആ മയക്കമരു... അടിമയാകുന്നതിന് മുമ്പ്, ചികിത്സ... ഏററവും ഫലപ്രദമായിരിക്കും. അതുകൊണ്ട്...

**ശ്രദ്ധാലുക്കളായ അമ്മമാർ അവ... കുട്ടികളുടെ വസ്ത്രങ്ങളിൽ ക... വിൻെറ അസാധാരണ ഗന്ധം ... ടിക്കാറുണ്ട്.**

ളിൽ മരിജുവാന ഉപയോഗത്തിൻെറലക്ഷ... (അവ വളരെവ്യക്തമായിരിക്കും) കാണുന്ന... ന്ന് മാതാപിതാക്കളും അദ്ധ്യാപകരും ശ്രദ്ധി... ണ്ടേയിരിക്കണം. സർവ്വപ്രധാനമാണിത്.

പഠനത്തിൽ പെട്ടെന്ന് മോശമായിത്... ഒരു കുട്ടി മരിജുവാന ഉപയോഗിക്കാൻ തുട... ട്ടുണ്ടെന്ന് വരാം. അയാൾ പതിവ് സുഹൃ... വെടിഞ്ഞ്, അതേ മയക്കമരുന്നുപയോഗി...



...മായി പുതിയ ചങ്ങാത്തം തുടങ്ങിയെന്നും വരാം. സ്വന്തം കുടുംബത്തിൽ നിന്നും അകലാനും സ്വന്തം വീട്ടിൽതന്നെ ഏകാന്തതതേടാനും തുടങ്ങിയേക്കാം. കഞ്ചാവുവാങ്ങാൻ കാശുണ്ടാക്കാനായി വീട്ടിൽ നിന്നു തന്നെ ചെറിയ മോഷണങ്ങൾ നടത്തിയെന്നും വന്നേക്കാം. വിടാത്ത ചുമയും, കലങ്ങിയ കണ്ണുകളും തലവേദനയും മുന്നറിയിപ്പുതരുന്ന മററു ലക്ഷണങ്ങളാണ്. ശ്രദ്ധാലുക്കളായ അമ്മമാർ അവരുടെ കുട്ടികളുടെ വസ്ത്രങ്ങളിൽ കഞ്ചാവിൻെറ അസാധാരണഗന്ധം കണ്ടുപിടിക്കാറുണ്ട്.

മുന്നറിയിപ്പായ ഇത്തരം ലക്ഷണങ്ങൾ കണ്ടെത്തിയാൽ, ആ യുവാവുമായി, അല്ലെങ്കിൽ ആ യുവതിയുമായി ഒരു തുറന്ന സംഭാഷണത്തിന് സമയമായി. അയാൾ മരിജുവാന ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പായാൽ, ഉചിതമായ ചികിത്സ ഉടൻ തുടങ്ങണം.

**ഒരു പക്ഷെ, നമ്മുടെ വിദ്യാർത്ഥികളിൽ വിജയികളോട് കാണിക്കുന്ന അത്രയോ അധിലധികമോ ശ്രദ്ധ പരാജിതരോടും കാണിക്കേണ്ട സമയം വന്നെത്തിയിരിക്കുന്നു**

## എന്ത് ചെയ്യണം ?

അനധികൃതമായ മയക്കമരുന്നുകളുടെ ദുരുപയോഗത്തിനെതിരായ യുദ്ധം, പ്രധാനമായും രണ്ട് മുന്നണികളിലാണ് നടത്തേണ്ടത്. അത്തരം മയക്കമരുന്നുകളുടെ പ്രചാരം കുറയ്ക്കുക, സാധിക്കുമെങ്കിൽ നിറുത്തുക, എന്നതുതന്നെയാണ് ആദ്യത്തേത്. രഹസ്യമായി കൃഷി ചെയ്യുന്ന കഞ്ചാവുചെടികൾ തിരഞ്ഞു പിടിച്ച് നശിപ്പിക്കുക, മററു രാജ്യങ്ങളിൽ നിന്നും ഇത്തരം മയക്കമരുന്നുകൾ ഈ രാജ്യത്തേക്ക് ഒളിച്ചു കടത്തുന്നത് തടയുക, അനധികൃതമായ മയക്കമരുന്ന് കൈവശം വെയ്ക്കുകയും വില്പനയും ചെയ്യുന്നവർക്ക് കനത്ത ശിക്ഷ നൽകുക തുടങ്ങിയവയെല്ലാം ഇതിലുൾപ്പെടുന്നു.

ഇന്ത്യയിൽ മരിജുവാന കൈവശം വയ്ക്കുന്നത് ഇപ്പോൾതന്നെ നിയമവിരുദ്ധമാണ്. എന്നിട്ടും ഈ കുററം ചെയ്യുന്നവരെ പിടികൂടുന്നതും ശിക്ഷിക്കുന്നതും എത്രയോ കുറവാണെന്നുള്ളത് ആശങ്കക്കിട നൽകുന്നു.

അനധികൃതമായ മയക്കമരുന്നു ദുരുപയോഗം കൊണ്ടുണ്ടാകുന്ന ആപത്തുകൾ എടുത്ത് കാണിക്കുന്ന സമഗ്രമായ ഒരു ശിക്ഷണ പരിപാടി വഴി നമ്മുടെ യുവജനങ്ങളെ മയക്കമരുന്നുപയോഗിക്കാനുള്ള പ്രേരണകളിൽ നിന്ന് പിന്തിരിപ്പിക്കുകയാണ് കൂടുതൽ പ്രധാനം. അനധികൃതമായ മയക്കമരുന്നുകൾ ഉപയോഗിക്കുന്നത് പരിഷ്ക്കാരമോ, പകിട്ടോ അല്ലെന്നും അതിൽ അസംഖ്യം അപകടങ്ങൾ പതിയിരിക്കുന്നുണ്ടെന്നും അവർക്ക് ബോദ്ധ്യമാവണം.

മയക്കമരുന്നിൽ നിന്ന് വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുന്നതിനും മയക്കമരുന്നിൻെറ ദോഷങ്ങളെപ്പററി വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന് സാമൂഹ്യസംഘടനകളും, വിദ്യാർത്ഥി സംഘടനകളും, അദ്ധ്യാപകരും, രക്ഷകർത്താക്കളും ഒത്തൊരുമിച്ചുള്ള ഒരു പ്രചരണപരിപാടി കലാലയങ്ങളിൽ തന്നെ സംഘടിപ്പിക്കണം. കാരണം വിദ്യാർത്ഥികൾ അവരുടെ പകലിൻെറ അഥവാ ജാഗ്രത് സമയത്തിൻെറ പകുതിയും ചെലവാക്കുന്നത് അവിടെയാണല്ലോ.

### ശ്രദ്ധിക്കുക !!

നമ്മുടെ രാജ്യത്തെ ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയുടെ ശ്രദ്ധ മുഴുവൻ എല്ലാവരും 'നല്ലകുട്ടി' എന്ന് പറയുന്ന നന്നായി പഠിക്കുന്ന കുട്ടിയിലാണ്. പഠനത്തിൽ മോശമായ അഥവാ എന്തെങ്കിലും കുഴപ്പത്തിൽപ്പെടുന്ന കുട്ടി പലപ്പോഴും അവഗണിക്കപ്പെടുന്നു.

ചിലപ്പോൾ കയ്യൊഴിക്കപ്പെടുകതന്നെ ചെയ്യുന്നു. അത്തരം കുട്ടികൾ മയക്കമരുന്നുകളിൽ ആശ്വാസം കണ്ടെത്തിയെന്നും വരും. ഒരുപക്ഷെ, നമ്മുടെ വിദ്യാർത്ഥികളിൽ വിജയികളോട് കാണിക്കുന്ന അത്രയോ അതിലധികമോ ശ്രദ്ധ പരാജിതരോട് കാണിക്കേണ്ട സമയം വന്നെത്തിയിരിക്കുന്നു.

മയക്കമരുന്ന് ദുരുപയോഗത്തിൻെറ ഈററില്ലമെന്ന് ഒരു കാലത്ത് വിശേഷിപ്പിക്കപ്പെട്ടിരുന്ന അമേരിക്കയിൽ യുവതീയുവാക്കൾ മയക്കമരുന്നുകൾ ഉപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്. മയക്ക

# Do we Need Computers In Today's World

